Mr. Speaker: The reports are presented. Now we will pass on to the discussion on the Motion of Thanks. Shri E. M. George, you can speak for twenty minutes.

DISCUSSION ON THE GOVERNOR'S ADDRESS

<u>ശ്രീ. ഇ. എം. ജോർജ്:</u> സർ, നമ്മുടെ നിയമസഭയിൽ ബഹുമാനപ്പെട്ട കേരളാ ഗവർണ്ണർ നടത്തിയെന്ന് പറയപ്പെടുന്ന പ്രസംഗത്തിലും ബഹുമാനപ്പെട്ട പി. ആർ. കുറുപ്പ് ഇവിടെ അവതരിപ്പിച്ച കൃതജ്ഞതാപ്രമേയത്തിലും............

<u>ശ്രീ. ടി. എ. മജീദ്:</u> സർ, പോയിൻറ് ഓഫ് ഓർഡർ. നടത്തിയെന്ന് പറയപ്പെടുന്ന പ്രസംഗത്തിന് അദ്ദേഹത്തിൻെറ നേതാവായ നമ്പൂതിരിപ്പാടു മെല്ലാം ഭേദഗതി കൊടുത്തിട്ടുണ്ട്. സങ്കൽപ്പത്തിൽ ഭേദഗതി കൊടുക്കാൻ കഴിയുകയില്ല. നേതാവ് പ്രസംഗം നടത്തിയെന്ന് സമ്മതിച്ച സ്ഥിതിക്ക് സങ്കൽപ്പത്തിൽ സംസാരിക്കുന്നത് ശരിയാണോ സർ?

<u>ശ്രീമതി കെ. ആർ. ഗൗരി:</u> പോയിൻറ്ഓഫ് ഓർഡർ എങ്ങനെയാണെന്ന് അറിയുകയില്ല സർ.

(ബഹളം)

<u>ശ്രീ. ടി. എ. മജീദ്:</u> ഇവിടെ സ്പീക്കർ വേറെയുണ്ട്. വേറെ ആരുടേയും സഹായം വേണ്ട. ആവശ്യമുള്ളപ്പോൾ പറയാം. ഞാൻ സ്പീക്കറോടാണ് ചോദിച്ചത്. ഗവർണ്ണർ പ്രസംഗം വായിച്ചു കഴിഞ്ഞ് അതിനെ അംഗീകരിച്ചുകൊണ്ട് മാർക്സിസ്റ്റ് പാർട്ടിയുടെ നേതാവായ നമ്പൂതിരിപ്പാട് വളരെ വിശദമായ അമെൻറ്മെൻറ് കൊടുത്തിട്ടുണ്ട്. ഗവർണ്ണർ പ്രസംഗം വായിച്ചു എന്ന് അറിഞ്ഞുകൊണ്ടുതന്നെയാണ് അമെൻറ്മെൻറ് കൊടുത്തിട്ടുള്ളത്. ആ നിലയിൽ പ്രസംഗിച്ചു എന്നു പറയപ്പെടുന്ന എന്ന് ഉപയോഗിക്കുന്നത് ശരിയാണോ എന്നുള്ളതാണ് എൻെറ ചോദ്യം.

<u>മി. സ്പീക്കർ:</u> ഓർഡർ, ഓർഡർ, പ്രസംഗിച്ചു എന്ന് പറയപ്പെടുന്ന എന്ന് ശ്രീ. ഇ. എം. ജോർജ് പറഞ്ഞു. അദ്ദേഹത്തിൻെറ അഭിപ്രായം അദ്ദേഹം പറഞ്ഞു എന്നുള്ളതല്ലാതെ പ്രസംഗിച്ചു എന്നുള്ളത് വസ്തുതയാണ്. പ്രസംഗിച്ചത് ഇവിടെ എല്ലാപേരും കേട്ടില്ലായിരിക്കാം. ചിലരെല്ലാം കേട്ടു കാണും. ഞാൻ ഏതായാലും കേട്ടു. ഞാൻ ഇവിടെ അടുത്തിരുന്ന് കേൾക്കുകയായിരുന്നു. ഞാൻ കേട്ടു എന്നുള്ളതുകൊണ്ട് ഇവിടെ പ്രസംഗിച്ചു എന്നുള്ളതാണ് സത്യം. ബഹുമാനപ്പെട്ട ജോർജ് കേട്ടില്ലായിരിക്കും. അതുകൊണ്ടായിരിക്കും അദ്ദേഹം അങ്ങനെ പറയുന്നത്. എന്നാൽ പ്രസംഗിച്ചു എന്നുള്ളത് വസ്തുതയാണ്.

<u>ശ്രീ. ഇ. എം. ജോർജ്:</u> ഈ പദപ്രയോഗത്തിൻെറ വിശദീകരണത്തിന് സമയമില്ലാത്തതുകൊണ്ട് ഞാൻ അതിലേക്ക് പോകുന്നില്ല. പിന്നെ പോയിൻറ് ഓഫ് ആർഡർ റെയിസുചെയ്ത് വെറുതെ സമയം നഷ്ടപ്പെടുത്താതിരിക്കണമെന്ന് അപ്പുറത്തിരിക്കുന്ന ആളുകളോട് ഞാൻ വളരെ വിനീതമായി അപേക്ഷിക്കുന്നു.

ഗവർണ്ണറുടെ പ്രസംഗത്തിന് ബഹുമാനപ്പെട്ട ശ്രീ. പി. രാമുണ്ണിക്കുറുപ്പ് അവതരിപ്പിച്ച കൃതജ്ഞതാ പ്രമേയത്തെ ഞാൻ വളരെ ശക്തിയായി എതിർക്കുന്നു. ബഹുമാനപ്പെട്ട കേരളാഗവർണ്ണർ നടത്തിയ പ്രസംഗത്തിലും ശ്രീമാൻ പി. ആർ. കുറുപ്പ് ഇവിടെ ചെയ്ത കൃതജ്ഞതാ പ്രസംഗത്തിലും ഈ അടുത്ത

LIBRARY ARCHIVES Kerala Legislative Assembly

കാലത്ത് നമ്മുടെ കേരളസംസ്ഥാനത്തുണ്ടായിട്ടുള്ള ഭരണമാററത്തെപ്പററിയുള്ള പരാമർശമുണ്ട്. ശ്രീമാൻ പി. ആർ. കുറുപ്പിന്റെ പ്രസംഗത്തിൽ വളരെ ഗണ്യമായ സമയം ചെലവഴിച്ചതും ഈ ഭരണ മാററത്തെപ്പററി വിശദീകരിക്കാൻ വേണ്ടിയാണ്. പക്ഷേ ഇതേ സംബന്ധിച്ചുള്ള സംഗതമായ ഒരു പ്രശ്നത്തിന് കേരളാ ഗവർണ്ണറോ കൃതജ്ഞതാ പ്രമേയം അവതരിപ്പിച്ച ശ്രീമാൻ പി. ആർ. കുറുപ്പോ മറുപടിപറഞ്ഞിട്ടില്ലെന്ന ഒരു ആക്ഷേപം എനിക്കുണ്ട്. ഇക്കഴിഞ്ഞ നവംബർ മാസം 1–ാം തീയതി നമ്മുടെ സംസ്ഥാനത്ത് മുഖ്യമന്ത്രിയായി ബഹുമാനപ്പെട്ട ശ്രീ. സി. അച്ചുതമേനോൻ ചാർജ്ജെടുത്തു. അദ്ദേഹത്തോടുള്ള എല്ലാ ബഹുമാനങ്ങളും പുലർത്തിക്കൊണ്ട് ഞാൻ പറയുകയാണ് അദ്ദേഹം ഈ നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ഒരംഗമല്ലെന്ന്. തിരഞ്ഞെടുക്കപ്പെടാത്ത ഒരംഗത്തിന് നമ്മുടെ നിയമസഭകളിലും ഇൻഡ്യൻ പാർലമെൻറിലും എല്ലാം മന്ത്രിമാരായി ഇരിക്കാനുള്ള അവകാശം ഇൻഡ്യൻ ഭരണഘടനയിലെ ഏററവും ജനാധിപത്യവിരുദ്ധമായ വകുപ്പുകളിലൊന്നാണെന്ന് ഞങ്ങളെ ഒരു കാലത്ത് പഠിപ്പിച്ച നേതാവാണ് അച്ചുതമേനോൻ. ജനാധിപത്യവിരുദ്ധമാണെന്ന് അദ്ദേഹംതന്നെ കരുതിയ വകുപ്പിന്റെ തണലിൽ നിന്നുകൊണ്ടാണ് അദ്ദേഹം ഇന്ന് ഈ നിയമസഭയിലിരിക്കുന്നത്.

അദ്ദേഹം ഇവിടെ മുഖ്യമന്ത്രിയായി ചാർജ്ജെടുത്തതിനുശേഷം തുടർച്ചയായി പലസ്ഥാനത്തുവച്ചും അദ്ദേഹത്തോടും അദ്ദേഹത്തിന്റെ മന്ത്രിസഭയിലെ മററ് അംഗങ്ങളോടും നമ്മുടെ രാജ്യത്തെ പൊതുപ്രവർത്തകരും പൊതുജനങ്ങളും പത്രപ്രവർത്തകരും എല്ലാം ആവർത്തിച്ചാവർത്തിച്ചു നടത്തിയ ഒരു ചോദ്യമുണ്ട്. സൂര്യനു താഴെയും ഭൂമിക്കു മുകളിലുമുള്ള എല്ലാ വിഷയങ്ങളെപ്പററിയും സമഗ്രമായി പ്രസംഗിക്കുന്നവരാണ് അച്ച്യുതമേനോൻ മുതൽ ശേഷൻവരെയുള്ള മന്ത്രിമാർ. നമ്മുടെ മന്ത്രിക്കസേര വീതിച്ച അവസരത്തിൽ, ശേഷിച്ച കസേരയിൽ, വന്ന ആളാണ് ശേഷൻമന്ത്രി. സി. എസ്. മന്ത്രിയാകണമോ ബി. മാധവൻനായർ മന്ത്രിയാകണമോയെന്ന്, ഐ. എസ്. പി. മന്ത്രി ആരാകണമെന്നുള്ളതിനെപ്പററി തർക്കംവന്നപ്പോഠം ശേഷിച്ച മന്ത്രിക്കസേരയിൽ വന്നയാളാണ് ശേഷൻ. അദ്ദേഹത്തിന്റെ മുഖത്ത് ഇപ്പോഠം കാണുന്ന ചിരിയാണ് കഴിഞ്ഞ നിയമസഭയിൽ ശ്രീമാൻ ടി. വി. തോമസ് പറഞ്ഞ വിഡ്ഢികളുടെ വിശപ്പുമാറുമ്പോഴത്തെ ചിരി; അതാണ് അദ്ദേഹത്തിന്റെ മുഖത്ത് ഇപ്പോഠം കാണുന്നത്. അദ്ദേഹം വരെയുള്ള ആളുകളോട് നിങ്ങഠംക്ക് നിയമസഭയിൽ ഭൂരിപക്ഷമുണ്ടോ, ഉണ്ടെങ്കിൽ ആരുടെയൊക്കെ പിൻതുണയാണെന്ന ചോദ്യം അനേകം പ്രാവശ്യം ഈ രാജ്യത്തെ പത്രപ്രതിനിധികഠം ചോദിച്ചു; പൊതുജനനേതാക്കൻമാർ ചോദിച്ചു, അച്ച്യുതമേനോൻമുതൽ ശേഷൻവരെയുള്ള മന്ത്രിമാർ കല്ലച്ചിലിട്ടു വാർത്ത് എടുത്തപോലെ ഒരുത്തരമാണ് പറയുന്നത്; കാത്തിരുന്നു കണ്ടോളൂ. കേരള ഗവർണ്ണർ പറഞ്ഞത് മറെറാന്നാണ്. തർക്കപ്രശ്നത്തിലേക്ക് കടക്കാൻ ഞാനാഗ്രഹിക്കുന്നില്ല. കേരള നിയമസഭയിൽ ഭൂരിപക്ഷമുള്ള ഒരു മന്ത്രിസഭയാണോ ഭരണംനടത്തുന്നതെന്നു നോക്കുകമാത്രമാണ് ഗവർണ്ണറുടെ ജോലി. പക്ഷേ അദ്ദേഹം അതു തർക്കപ്രശ്നമാണെന്നു പറഞ്ഞു; അതിലേക്ക് കടക്കുന്നില്ല എന്നുപറഞ്ഞു മാറുകയാണ്. അദ്ദേഹം ചെയ്തെന്നുപറയുന്ന ഈ പ്രസംഗവും വായിച്ച് നോക്കിയാൽ ഭൂരിപക്ഷം ശ്രീമാൻ അച്ച്യുതമേനോന് ഉണ്ടെന്ന് ബോധ്യപ്പെട്ടതിനുശേഷമാണ് അദ്ദേഹത്തെ മന്ത്രിസഭയിൽ എടുത്തതെന്ന് ഗവർണ്ണർക്ക് അവകാശമില്ല. ശ്രീ. കുറുപ്പ് സംസ്കൃതപദബഹുലമായ മണിപ്രവാളശൈലിയിൽ നടത്തിയ്രീ പ്രസംഗത്തിലും അതിനെപ്പററി ഒരക്ഷരവും പറയാതെ ഒഴിഞ്ഞുമാറുകയാണു ചെയ്തത്. അച്ച്യുതമേനോനോട് പണ്ടുകാലത്തുണ്ടായിരുന്ന എല്ലാ ബഹുമാനവും ബോധപൂർവ്വംതന്നെ നിലനിറുത്തിക്കൊണ്ട് ചോദിക്കുന്നു, നിയമ

LIBRARY ARCHIVES Kerala Legislative Assembly

സഭയിൽ ഭൂരിപക്ഷമുണ്ടോ? അത് ഇത്ര മറച്ചുവയ്ക്കത്തക്ക, ലജ്ജിക്കേണ്ട ഒരുകാര്യമാണോ? അച്യുതമേനോന് അതു ലജ്ജിക്കേണ്ട കാര്യമാണെന്ന് എനിക്കറിയാം. ചില കാര്യങ്ങൾ ചിലർക്ക് അഭിമാനകരവും മററുചിലർക്ക് അപമാനകരവുമാണ്. വിവാഹിതകളായ സ്ത്രീകൾ ഗർഭിണികളായാൽ അത് അഭിമാനകരമാണ്, അവിവാഹിതകളായ സ്ത്രീകൾ ഗർഭിണികളായാൽ അത് അപമാനകരമായ കാര്യമാണ്. അച്യുതമേനോന് നിയമസഭയിൽ ഭൂരി പക്ഷമുണ്ടെങ്കിൽ ആ ഭൂരിപക്ഷം ജാരസംസർഗ്ഗത്തിൽനിന്നുണ്ടായ ഭൂരിപക്ഷമാണ്. അതാണ് ശ്രീമാൻ അച്യുതമേനോൻ വളരെ ലജ്ജ യോടുകൂടി കഴിഞ്ഞ 75 ദിവസമായി ഇതു മറച്ചുകെട്ടിക്കൊണ്ടുനടക്കാൻ, ഈ ഭൂരിപക്ഷം മറച്ചുകെട്ടിക്കൊണ്ടുനടക്കാൻ ശ്രമിക്കുന്നത്. എന്താണ് ഈ ജാരസംസർഗ്ഗത്തിൽനിന്നുണ്ടായ ഭൂരിപക്ഷമെന്ന് ശ്രീമാൻ അച്യുതമേനോനും അദ്ദേഹത്തിന്റെ കൂട്ടരും ചിന്തിക്കണം. അദ്ദേഹത്തിന്റെ കക്ഷി യിൽപ്പെട്ട ആളുകൾ 1967—ൽ കാൺഗ്രസ്സിനെതിരായി കേരളകാൺഗ്രസിനെ തിരായി കർണ്ണാടകസമിതിക്കെതിരായി അവർ ഈ രാജ്യത്ത് ഒരു ഐക്യ മുന്നണി കെട്ടിപ്പടുത്തു തെരഞ്ഞെടുപ്പിൽ മൽസരിച്ചു. ആ തെരഞ്ഞെടു പ്പിൽ ഐക്യമുന്നണി ആരെയൊക്കെയാണോ എതിർത്തിരുന്നത് അവരെ ല്ലാം ഇന്ന് അച്യുതമേനോന് പിൻതുണനൽകുന്നതായി ഈ നിയമസഭയിൽ ഞാൻ കാണുന്നു. കേരള കാൺഗ്രസ്സിന്റെ പിൻതുണ ഇന്ന് അദ്ദേ ഹത്തിനുണ്ട്. കേരളകാൺഗ്രസ്സിന്റെ വർഗ്ഗസ്വഭാവത്തെപ്പററിയൊന്നും— ഈ വർഗ്ഗസ്വഭാവത്തിനും വർഗ്ഗസമരത്തിനുമൊക്കെ ഞങ്ങൾക്ക് സ്ററഡി ക്ലാസ്സെടുത്തവരോട് ഇപ്പോൾ ഞാൻ പറയുന്നില്ല, അവർ പര സ്യമായി അച്യുതമേനോന് പിൻതുണ കൊടുത്തു രണ്ടു കൈയും നീട്ടി പിൻതുണ സ്വീകരിക്കുകയും ചെയ്തു. ശ്രീ. ജോർജ്ജ് ഇന്ന് മന്ത്രിയു മാണ്. ഈ പ്രാവശ്യമെങ്കിലും മന്ത്രിയാകാൻ കഴിഞ്ഞില്ലെങ്കിൽ ശ്രീമാൻ ജോർജ്ജ് എന്തെങ്കിലും കടുംകൈ ചെയ്തുപോകുമായിരുന്നു. രാഷ്ട്രീയ മായി അതു പരാജയമാണെങ്കിലും അച്ചുതമേനോന്റെ കുഞ്ഞുങ്ങൾക്കെങ്കിലും അതുകൊണ്ട് മോക്ഷം കിട്ടും. ✓ കാൺഗ്രസ്സു രണ്ടായി. സിൻഡിക്കേററിന്റെയും ഇൻഡിക്കേററിന്റെയും പിൻതുണ, കേരള കാൺഗ്രസ്സിന്റെ പിൻതുണ, കർണ്ണാടകസമിതിയുടെ പിൻതുണ, സ്വന്തം നിയോജകമണ്ഡ ലത്തിൽനിന്നും വിജയിപ്പിക്കാൻ അഹോരാത്രം പാടുപെട്ട ആയിരക്കണക്കിന് പാർട്ടിപ്രവർത്തകരെയും പാർട്ടിയെയും 30 വെള്ളിക്കാശിനുവേണ്ടി ഒററു കൊടുത്ത കാലുവാരികളുടേയും ✓ കാലുമാററക്കാരുടേയും പിൻതുണ. അങ്ങനെ ഈ നിയമസഭയിലുള്ള എല്ലാ പിൻതിരിപ്പൻ ശക്തികളുടേയും പിൻ തുണ ശ്രീ അച്യുതമേനോൻ നേടിക്കഴിഞ്ഞിരിക്കുന്നു. നിയമസഭയ്ക്കു പുറത്തോ? അച്യുതമേനോൻ ഗവൺമെൻറ് അധികാരത്തിൽ വന്ന പിറേറദി വസമാണ് ജനസംഘത്തിന്റെ കേരളാകമ്മിററി സെക്രട്ടറി രാജഗോപാലന്റെ പിൻതുണ. രണ്ടുദിവസം കഴിഞ്ഞപ്പോൾ സ്വതന്ത്രാപാർട്ടിയുടെ കേരളാകമ്മി ററി കൂടി പിൻതുണ. മനോരമ ദിനപ്പത്രം കഴിഞ്ഞ 75 ദിവസത്തേത് എടുത്തുനോക്കിയാൽ ജനയുഗം നൽകുന്നതിനെക്കാൾ വലിയ പിൻതുണ യാണ് മലയാള മനോരമ നൽകുന്നത് എന്നു കാണാൻ സാധിക്കും. കമ്മ്യൂ ണിസ്ററുപാർട്ടി കേരളത്തിൽ അധികാരത്തിൽ വരാനിടയായാൽ താനും തന്റെ കുഞ്ഞുങ്ങളും വിഷംകുടിച്ചുമരിച്ചുകളയുമെന്നു പ്രഖ്യാപിച്ച അതേ മാമൻ മാപ്പിളയുടെ കുഞ്ഞുങ്ങളെല്ലാം രണ്ടുപ്രാവശ്യം ശ്രീമാൻ ഈ. എം. എസ്. അധികാരത്തിൽ വന്നിട്ടും വിഷംകുടിച്ചുമരിക്കാതെ ഇന്നും ജീവിച്ചിരിക്കുന്നു. അവരുടെ പത്രമാണ് പിൻതുണനൽകുന്നത്. മനോ രമപത്രത്തിൽ ഈ അടുത്തദിവസം മാർത്തോമാ മെത്രാപോലീത്തായുടെ പിൻ തുണ ഞാൻ വായിക്കുകയുണ്ടായി. അപ്പോൾ ശ്രീ. അച്യുതമേനോൻ വർഗ്ഗ സ്വഭാവത്തെപ്പററിയും വർഗ്ഗ സമരത്തെപ്പററിയും ഇന്ന് അദ്ദേഹ ത്തിന് വിശ്വാസമുണ്ടോയെന്നറിവില്ല. ഒരു കാലത്ത് ഞങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

പിൻതുണയോടുകൂടി മത്സരിച്ച ശ്രീമാൻ അച്യുതമേനോന്റെ പിന്നിൽ ഈ കേരളത്തിലുള്ള വർഗ്ഗപാർട്ടികൾ ഏതെല്ലാമാണുള്ളത്? ഈ രാജ്യത്തെ എല്ലാ പിൻതിരിപ്പൻമാരുടെയും ഈ രാജ്യത്തെ എല്ലാ പ്രതിലോമകാരികളുടേയും പിൻതുണയോടുകൂടിയാണ് അച്യുതമേനോൻ ഇന്നു ഭരണം നടത്തുന്നത്. അതുകൊണ്ടുതന്നെയാണ് ഈ ഭൂരിപക്ഷത്തെപ്പററിതുറന്നുപറയാൻ ശ്രീ. അച്യുതമേനോൻ ലജ്ജിക്കുന്നത്. ഞാൻ ബഹുമാനപ്പെട്ട അച്യുതമേനോന്റേ ശ്രദ്ധ 1954 ലേയ്ക്ക് ക്ഷണിക്കുന്നു. അന്ന്, എന്റെ ഓർമ്മശരിയാണെങ്കിൽ ശ്രീമാൻ അച്യുതമേനോൻ ഞങ്ങളുടെ തിരു—കൊച്ചി കമ്മിററി സെക്രട്ടറിയാണ്.

<u>ശ്രീ. ജോസഫ് ചാഴിക്കാട്ട്:</u> ഭൂരിപക്ഷത്തിന്റെ കാര്യം നാളെക്കഴിഞ്ഞ് അറിയാമല്ലോ?

<u>ശ്രീ. ഇ. എം. ജോർജ്ജ്:</u> എന്തിനു ലജ്ജിക്കുന്നു; ഈ 75 ദിവസമായിട്ട്...................... ...

<u>ശ്രീ. ജോസഫ് ചാഴിക്കാട്ട്:</u> നാളെവരെയ്ക്കും ക്ഷമിച്ചുകൂടെ?

<u>ശ്രീ. ഇ. എം. ജോർജ്ജ്:</u> എന്തിന് ലജ്ജിച്ച് മറച്ചുവച്ചുകൊണ്ട് നടക്കുന്നു, മുണ്ടും മുറുക്കിയുടുത്തുകൊണ്ട്. ഭൂരിപക്ഷമുണ്ടോയെന്നുള്ളതല്ല പ്രശ്നം.

(പല ഭരണകക്ഷിയംഗങ്ങളും ചിരിച്ചു)

ഇതാണ് വിഡ്ഢികളുടെ ചിരി. വിഡ്ഢി വയറുനിറഞ്ഞുകഴിഞ്ഞാൽ ചിരിക്കും പിന്നീടും വയറു വിശക്കുമെന്നുള്ള കാര്യം മറന്നുപോകുകയാണ്. അടുത്തനേരമാകുമ്പോൾ വിശപ്പിന്റെ കാര്യം ഓർക്കുമെന്നുള്ള കാര്യം മറന്നുപോകരുത്.

1954—ൽ ശ്രീമാൻ അച്യുതമേനോൻ ഞങ്ങളുടെ പാർട്ടിയുടെ തിരു—കൊച്ചി കമ്മിററി സെക്രട്ടറിയാണ്. അന്ന് ശ്രീമാൻ പട്ടംതാണുപിള്ളയുടെ സോഷ്യലിസ്ററുപാർട്ടി—ഐ. എസ്. പി. യെന്നാണോ കെ. എസ്. പി. എന്നാണോ അതിന്റെ പേരെന്ന് എനിക്ക് ഓർമ്മയില്ല. ഏതോ എസ്. പി. ആണെന്നു തോന്നുന്നു. പട്ടംതാണുപിള്ളയുടെ എസ്. പി. യും അന്നത്തെ കമ്മ്യൂണിസ്ററുപാർട്ടി, ആർ. എസ്. പി. തുടങ്ങിയ ഇടതുപക്ഷ പാർട്ടികളുടെ പിൻതുണയോടുകൂടി പൊതുതെരഞ്ഞെടുപ്പിൽ മത്സരിച്ചു. 18 സീററ് അന്ന് ശ്രീമാൻ പട്ടംതാണുപിള്ളയുടെ പാർട്ടിക്ക് തിരു—കൊച്ചി നിയമസഭയിൽ കിട്ടി. മന്ത്രിസഭ രൂപീകരിക്കേണ്ട ഘട്ടംവന്നപ്പോൾ കമ്മ്യൂണിസ്ററുപാർട്ടിയെയും മററ് ഐക്യമുന്നണികക്ഷികളേയും വഞ്ചിച്ചുകൊണ്ട് കാൺഗ്രസ്സിന്റെ പിൻതുണയോടുകൂടി, പനമ്പിള്ളിയുടെ പിൻതുണയോടുകൂടി പട്ടംതാണുപിള്ള ഈ രാജ്യത്ത് ഒരു ഗവൺമെൻറ് രൂപീകരിച്ചു അതിനെതിരായി കേരളത്തിലെ ആയിരക്കണക്കിന് പൊതുജനങ്ങൾ പ്രതിഷേധമുയർത്തണമെന്ന് ആഹ്വാനം നൽകിയ ആളാണ് ശ്രീമാൻ അച്യുതമേനോൻ. ആ പ്രതിഷേധപ്രകടനം നടത്തിയതിന്റെ പേരിൽ മൂവാററുപുഴ വച്ചു തല്ലുകൊണ്ട ആളാണ് ശ്രീമാൻ കെ. ടി. ജേക്കബ്—ഞങ്ങളുടെ ആളുകളെ ഇന്നു തല്ലിച്ച ശ്രീമാൻ ജേക്കബ്. ശ്രീമാൻ അച്യുതമേനോൻ അന്ന് ഞങ്ങളോട് പ്രതിഷേധിക്കാൻ ആവശ്യപ്പെട്ടത് ശരിയും ന്യായവുമാണെങ്കിൽ ഇന്ന് ശ്രീമാൻ അച്യുതമേനോന്റെ കൂട്ടർചെയ്ത ഈ വഞ്ചനയോടു ഞങ്ങൾ എന്തുചെയ്യണമെന്ന് ഞങ്ങൾ തിരിച്ചുചോദിക്കുന്നു. ആ കൂട്ടത്തിൽതന്നെ 59—ലെ സ്ഥിതിഗതികളും ഇന്നത്തെ സ്ഥിതിഗതികളും തമ്മിലുള്ള വ്യത്യാസം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ശ്രമിക്കുന്നു. പട്ടം

LIBRARY ARCHIVES Kerala Legislative Assembly

താണുപിള്ളയുടെ അന്നത്തെ പി. എസ്. പി. ക്ക് കമ്മ്യൂണിസ്ററു പാർട്ടിയുടെ പിൻതുണയില്ലായിരുന്നെങ്കിൽതന്നെയും 18 സീററു കിട്ടിയില്ലെങ്കിലും നാലഞ്ചു സീററെങ്കിലും സ്വന്തം കഴിവിൽ കിട്ടാൻ പ്രാപ്തമായിരുന്നു. ശ്രീമാൻ അച്യുതമേനോന്റെ പാർട്ടിയുടെ ഇന്നത്തെ ഈ രാജ്യത്തെ ശക്തി എന്താണ്? മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടിയുടെ പിൻതുണയില്ലാതെ 65-ൽ ഒരൊററസീററുനേടാൻ ശക്തിയില്ലാത്ത പാർട്ടിയുടെ നേതാവാണ് മുഖ്യമന്ത്രി. 65—ൽ അതു കാണിച്ചതാണ്. ആക്ഷേപിക്കാനുള്ള കൗതുകംകൊണ്ടല്ല ഞാൻ പറയുന്നത്, വസ്തുതകൾ വയ്ക്കുന്നു. 65—ലെ തെരഞ്ഞെടുപ്പിൽ ശ്രീമാൻ അച്യുതമേനോന്റെ പാർട്ടി — വലതുപാർട്ടിയെന്നു പറഞ്ഞാൽ പ്രതിഷേധമുള്ളതുകൊണ്ടാണ് ഞാൻ അതു പറയാത്തത്. 102 പേരെ നിറുത്തി. 99 പേർ തോററു. 62 പേരുടെ കെട്ടിവച്ച സംഖ്യ പോയി. മൂന്നു നാലു പേരുടെ വായിലെ പല്ലും പോയി. ജയിച്ചവർതന്നെ എങ്ങനെയാണ് ജയിച്ചതെന്ന് നമുക്കറിയാവുന്നതാണ്. ഇന്ന് ഐക്യമുന്നണിയെ വഞ്ചിച്ചുപോയ പല പാർട്ടികളെല്ലാം, ഒററയ്ക്കുനിന്നാൽ ഒരൊററ സീററുകിട്ടാൻ പററാത്ത ആളുകളെ 67—ൽ കേരളചരിത്രത്തിന്റെ കുപ്പത്തൊട്ടിയിൽ നിന്നും പെറുക്കിയെടുത്താണ് ഈ നാട്ടിൽ അവതരിപ്പിച്ചത്. അങ്ങനെ കിട്ടിയ സീററുമായി ഐക്യമുന്നണിയെ 30 വെള്ളിക്കാശിനുവേണ്ടി ഒററുകൊടുത്തുകൊണ്ട് ഭരണം നടത്തുകയാണ്.

മറെറാരു വസ്തുതകൂടി! അന്നത്തേക്കാൾ ഇന്നുള്ളത് ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുന്നു. പട്ടംതാണുപിള്ളയുടെ പി. എസ്. പി. യും പനമ്പള്ളിയുടെ കോൺഗ്രസ്സുംകൂടി ചേർന്നാൽ അന്ന് വ്യക്തമായ ഭൂരിപക്ഷമുണ്ടായിരുന്നു. ഭൂരിപക്ഷമുണ്ടോയെന്ന് ശ്രീമാൻ താണുപിള്ളയോടു ചോദിക്കാൻ നമുക്ക് ധൈര്യമില്ലാത്തനിലയിൽ അസന്നിഗ്ധമായ ഭൂരിപക്ഷമുണ്ടായിരുന്നു. ഇന്നത്തെ സ്ഥിതിയെന്താണ്? ഭൂരിപക്ഷമുണ്ടോയെന്നു ചോദിക്കാനുള്ള സന്ദർഭമെന്നു മാത്രമല്ല ഭൂരിപക്ഷമുണ്ടെങ്കിൽ അതു പറയാൻപോലുമുള്ള ധൈര്യമില്ലാത്ത സ്ഥിതിയിലാണ് ഇന്നു നിങ്ങൾ നിൽക്കുന്നത്. 1954—ലേതിൽനിന്നും എത്രയോ കഠോരമായ വഞ്ചനയാണ് നിങ്ങൾ സ്വീകരിച്ചിരിക്കുന്നത്. അഭിമാനത്തോടുകൂടി കുരങ്ങച്ചൻമാർ വാലും വളച്ചിട്ട് അതിന്റെ പുറത്ത് കയറി ഇരിക്കുന്നതുപോലെ മനോരമപത്രത്തിന്റെ പിൻതുണയുടെ പുറത്തു കയറിയിരുന്നുകൊണ്ടുള്ള ശ്രീമാൻ അച്യുതമേനോന്റെ ഭരണം കഴിഞ്ഞ എഴുപത്തഞ്ചു ദിവസമായി ഈ നാട്ടിൽ ചെയ്യുന്ന കാര്യങ്ങൾ എടുത്തു പരിശോധിച്ചാൽ ഈ ഗവൺമെൻറിന്റെ വർഗ്ഗസ്വഭാവം മനസ്സിലാകും. അതിരൂക്ഷമായ പോലീസ് മർദ്ദനങ്ങളെപ്പററി ഇന്നലെ ഈ സഭയിൽ സംസാരിച്ച അനേകം നിയമസഭാസമാജികൻമാർ ഇവിടെ എടുത്തു പറയുകയുണ്ടായി. ആ സംഭവങ്ങൾ കൂടുതൽ ആവർത്തിക്കാൻ ഞാനാഗ്രഹിക്കുന്നില്ല. എങ്കിലും രണ്ടു പൊതു സംഭവങ്ങൾ ഈ സഭയുടെ മുമ്പിൽ വയ്ക്കാൻ ഞാനാഗ്രഹിക്കുകയാണ്.

ഈ കേരളത്തിന്റെ ചരിത്രത്തിൽ ശ്രീമാൻ അച്യുതമേനോൻ ഉൾപ്പെടെയുള്ള വലതൻമാർ നടത്തിയ മർദ്ദനം കേരളത്തിന്റെ ചരിത്രത്തിൽ വേറെ ഏതെങ്കിലും 75 ദിവസത്തിനകത്ത് നടന്നിട്ടുണ്ടോ? കിരാതനായ സർ. സി. പി. രാമസ്വാമി അയ്യരുടെ മർദ്ദനത്തിന്റെ 75 ദിവസം എടുത്ത് തുലാസിന്റെ ഒരു തട്ടിൽ വയ്ക്കുകയും മറേറ തട്ടിൽ ശ്രീമാൻ അച്യുതമേനോന്റെ, മർദ്ദകനായ അച്ചുതമേനോന്റെ ഭരണത്തിന്റെ 75 ദിവസവും വച്ചുനോക്കാൻ ഞാൻ അഭ്യർത്ഥിക്കുകയാണ്. കഴിഞ്ഞ 75 ദിവസവും ആരെയും അൽഭുതപ്പെടുത്തുന്ന മർദ്ദനമാണ് അചുതമേനോൻ ഈ രാജ്യത്തു നടത്തിയത്. ഇന്നുവരെ ഈ രാജ്യത്തെ കുഞ്ഞുങ്ങൾ, ഈ രാജ്യത്തെ ഏററവും വലിയ കിരാതനായ മർദ്ദകനാരാണെന്നു ചോദിച്ചാൽ സി. പി. രാമസ്വാമി അയ്യർ എന്നു മറുപടി പറയുമായിരുന്നു. എങ്കിൽ ഇന്ന് ഈ രാജ്യത്തെ കുഞ്ഞു

LIBRARY ARCHIVES Kerala Legislative Assembly

ങ്ങൾ പറയുന്ന മറുപടി ഈ രാജ്യത്തെ ഏററവും കിരാതനായ മർദ്ദകൻ ചേലാട്ട് അച്ചുതമേനോനാണെന്നായിരിക്കും. നിഷേധിക്കാൻ കഴിയുമോ? മർദ്ദനം ന്യായമാണോ എന്ന പ്രശ്നത്തിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. പിന്നീടുവരാം. തർക്കവിഷയമാണ്. ഈ രാജ്യത്തിൻെറ വടക്കേ അററം മുതൽ തെക്കേ അററംവരെ നടത്തിയിട്ടുള്ള ലാത്തിച്ചാർജുകളും ലാക്കപ്പു മർദ്ദനങ്ങളും വെടിവയ്പുകളും, എന്തിന് അധികം പറയുന്നു, മനുഷ്യനെ ലാക്കപ്പിൽകൊണ്ടുവന്നിട്ട് മനുഷ്യരക്തവും മനുഷ്യമാംസവും തീററുന്നതു വരെയുള്ള കിരാതമായ മർദ്ദനങ്ങൾ ഈ രാജ്യത്ത് അഴിച്ചുവിട്ടു.

മറെറാരു വസ്തുതകൂടി ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുന്നു. ശ്രീമാൻ സി. പി. യുടെ കാലത്ത് ഈ രാജ്യത്ത് ആരംഭിച്ച് ശ്രീമാൻ പറവൂർ ടി. കെ. യുടെ കാലംകൊണ്ട് അവസാനിച്ചതായ ചില കിരാതമായ മർദ്ദനങ്ങൾ ഈ അച്യുതമേനോൻ ഭരണത്തിൽ തലയുയർത്തിയിരിക്കുന്നു. അതിലൊന്നാണ് പൊതുപ്രവർത്തകരുടെ പേരിൽ മോഷണക്കേസും ബലാൽസംഗക്കേസും കെട്ടിച്ചമച്ച് ചാർജുചെയ്യുക ശ്രീ. സി. പി. ഭരിച്ചിരുന്ന കാലത്ത് ശ്രീമാൻ കുമ്പളത്തു ശങ്കുപ്പിള്ള പതിമൂന്നര രൂപ ചായക്കടയിൽ നിന്നും മോഷ്ടിച്ച കേസിനും പറവൂർ ടി. കെ. യുടെ കാലത്ത് കോഴി മോഷണക്കേസിലും പ്രതിയായിരുന്നു. ശ്രീമാൻ ശ്രീകണ്ഠൻനായർ തേങ്ങാമോഷണക്കേസിൽ പ്രതിയായി കോടതിയിൽപോയി നിൽക്കേണ്ടിവന്നു. ശ്രീമാൻ ടി. കെ. യുടെ കാലത്തു നടന്ന ആ ഏർപ്പാടുകൾ ഇപ്പോൾ കിരാതനായ ശ്രീമാൻ അച്ചുതമേനോൻെറ ഗവൺമെൻറിൻെറ കീഴിൽ വീണ്ടും അത് തലയുയർത്തിയിരിക്കുന്നു. മൂവാററുപുഴവച്ച് ശ്രീമാൻ കെ. ടി. ജേക്കബി നോടൊപ്പം അടികൊണ്ട കോട്ടയത്തെ കമ്മ്യൂണിസ്ററുനേതാവായ ശ്രീമാൻ കെ. സി. നാരായണൻ അടക്കമുള്ള ആളുകളുടെപേരിൽ കള്ളക്കേസുകൾ ചാർജുചെയ്തിരിക്കുകയാണ്. അതുപോലെതന്നെ അറസ്ററുചെയ്താൽ പ്രതികളെ 24 മണിക്കൂറിനകം കോടതിയിൽ ഹാജരാക്കണമെന്ന നിയമം ഈ രാജ്യത്ത് കഴിഞ്ഞ പത്തിരുപതു വർഷമായി നിലനിന്നുപോരുന്നതാണ്. ഇതിനുമുമ്പ് പറവൂർ ടി. കെ. യുടെ കാലത്ത് അറസ്ററുചെയ്തു ലാക്കപ്പിൽ കൊണ്ടുപോയാൽ ഒരാഴ്ച രണ്ടാഴ്ച കഴിയുമ്പോൾ മജിസ്ട്രേട്ടിൻെറ മുമ്പിൽ കൊണ്ടുചെല്ലും. ഇതിനെപ്പററി മജിസ്ട്രേട്ടിനോടു പറഞ്ഞാൽ എനിക്ക് ഇതു കേട്ടിട്ട് ഒന്നും ചെയ്യാനില്ലെന്നു പറഞ്ഞു കൈമലർത്തും. ഇതാ ശ്രീമാൻ അച്യുതമേനോൻ ഗവൺമെൻറിൻെറ കാലത്ത് വീണ്ടും ആ നടപടി വന്നിരിക്കുന്നു. ശ്രീമാൻ കെ. സി. നാരായണൻ അടക്കമുള്ള ഞങ്ങളുടെ പാർട്ടിയിലെ ഉത്തമൻമാരായ പ്രവർത്തകൻമാരെ അറസ്ററുചെയ്തതിനുശേഷം നാലുദിവസംകഴിഞ്ഞാണ് മജിസ്ട്രേട്ടിൻെറ മുമ്പിൽ ഹാജരാക്കിയത്. ഇതെല്ലാം വർഗ്ഗസ്വഭാവത്തിലുള്ള മാററമല്ലേ? അതേ.

ഈ ഗവൺമെൻറിനെപ്പററി മറെറാരു വസ്തുതകൂടി ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുന്നു. ഈ മർദ്ദനങ്ങൾ ആർക്കെതിരായാണു നടത്തിയതെന്ന വസ്തുത ശ്രീമാൻ അച്ചുതമേനോൻ ഒന്നു ചിന്തിക്കുമോ? നിയമവും നീതിയും തുല്യമായി പങ്കിടുമെന്നു പ്രഖ്യാപിക്കുന്ന ശ്രീമാൻ അച്യുതമേനോനോട്, കഴിഞ്ഞ 75 ദിവസമായി നിങ്ങളുടെ ഗവൺമെൻറ് ഈ രാജ്യത്തു നടത്തിയ കിരാതമായ മർദ്ദനങ്ങൾ, പണ്ടത്തെ വർഗ്ഗത്തെപ്പററിയും സമരത്തെപ്പററിയും ഞങ്ങൾക്ക് സ്ററഡീക്ലാസെടുത്ത, ശ്രീ അച്യുതമേനോനോടാണ് ഞാൻ ചോദിക്കുന്നത്, ഈ മർദ്ദനങ്ങളെല്ലാം ആർക്കെതിരെയാണെന്ന്. പാവപ്പെട്ടവനും കൃഷിക്കാരനും എതിരായാണു് ഈ മർദ്ദനങ്ങൾ അഴിച്ചുവിടുന്നതു്. ഒരൊററ പണക്കാരനെതിരായി ചലിക്കാൻ നിങ്ങൾക്കു് സാധിച്ചോ? സാധിച്ചില്ല. പണക്കാർ അക്രമം കാണിക്കാഞ്ഞിട്ടാണോ? അല്ല. പ്രമാണിമാർ അക്രമം കാണിക്കാഞ്ഞിട്ടാണോ?

LIBRARY ARCHIVES Kerala Legislative Assembly

[Deputy Speaker in the Chair]

ശ്രീ. പി. എസ്. ശ്രീനിവാസൻ: സർ, ഒരു ചോദ്യം............... ...

ശ്രീ. ഇ. എം. ജോർജ്: ഞാൻ വഴങ്ങുന്നില്ല. പറേൽ സംഭവത്തെപ്പററി കോട്ടയം കളക്ടറർ എഴുതിയ റിപ്പോർട്ട് ഈ സഭയുടെ മുമ്പിൽ വയ്ക്കാൻ ധൈര്യമുണ്ടോയെന്നു അച്യുതമേനോനെ വെല്ലുവിളിക്കുകയാണ്. സ്ഥാനത്തും അസ്ഥാനത്തും ഈ ഗവർമ്മെൻറിനെ സഹായിക്കുന്ന പത്രമാണ് കേരളകൗമുദി. പറേൽ സംഭവത്തെപ്പററി കേരളകൗമുദിയിൽ പ്രസിദ്ധീകരിച്ചിരുന്ന റിപ്പോർട്ട് എന്താണ്? അതിനെപ്പററി ആർക്കും ഒന്നും പറയാനില്ലേ? ചങ്ങനാശേരിപള്ളിയിൽ കൂട്ടമണിയടിച്ച് ഇന്നു മുനിസിപ്പൽ ചെയർമാനായ മാരാട്ടുകളപ്പുരയും ആളുകളെ വിളിച്ചുകൂട്ടുകയും, യേശുക്രിസ്തുവിൻെറ പടംവച്ചിട്ടുള്ള നാലുവീടുകളൊഴികേ ബാക്കിയെല്ലാം കത്തിച്ചുകളയുകയും ചെയ്തു എന്നാണ് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്, വീടുകൾ കത്തിച്ചുകളയുകയും അവിടെയുള്ള കോഴിയെയും താറാവിനെയും മററും പിടിച്ചുകൊണ്ടുപോകുകയും ചെയ്തു, സ്ത്രീകളെ ആക്രമിച്ചു. മുമ്പു ചെയർമാനായ ജോസഫ് കോരുപ്പള്ളിയുടെയും നേതൃത്വത്തിൽ. കളക്ടർ അതിനെപ്പററി നിങ്ങൾക്കു റിപ്പോർട്ടു തന്നില്ലേ? ഇന്ന് അതിൻെറ പേരിൽ കേസുണ്ടോ? ഇല്ല. ഗൗരിയമ്മയുടെ വീടിനു കല്ലെറിഞ്ഞു. അതിൽ കാര്യമൊന്നുമില്ല. മുഹമ്മദുകോയയുടെ നേരേ ആക്രമണം നടന്നാൽ അതു ഗംഭീരമാണ്. ഈ രാജ്യത്തിൻെറ സ്വാതന്ത്ര്യത്തിനും പുരോഗതിക്കും വേണ്ടി സ്വന്തം ശരീരത്തിൽനിന്നും ഒരുതുള്ളിവിയർപ്പുപോലും ചിന്തിയിട്ടില്ലാത്ത മുഹമ്മദുകോയയെ ആരെങ്കിലും ആക്രമിച്ചാൽ അതു ഭയങ്കരമാണ് വലിയ കേസാണ്. ഈ രാജ്യത്തിൻെറ ചരിത്രത്തിൽ വ്യക്തിമുദ്ര പതിപ്പിച്ച ഗൗരിയമ്മയുടെവീട് കുറെ ആഭാസൻമാർ, മുസ്ലിംലീഗിൻെറയും വലതിൻെറയും ഗുണ്ടാകൾ കല്ലെറിഞ്ഞപ്പോൾ ആർക്കും ഒന്നും പറയാനില്ല. സഖാവ് എം. എൻ...ൻെറ പ്രസംഗം ഞാൻ വായിച്ചതാണ്. കള്ളപ്രചരണമാണ് എന്ന് എന്താണ് അതിൻെറ അർത്ഥം. നിങ്ങൾ കേസ്സെടുക്കാൻ പാടില്ലെന്ന് പോലീസിന് നൽകിയ പരസ്യമായ നിർദ്ദേശമാണ് അത്. അവിടെ രണ്ടു രീതിയിലാണ് നിയമം കൈകാര്യം ചെയ്യുന്നത്. ഈ രാജ്യത്ത് ആവശ്യത്തിന് പോലീസില്ലെന്നു കണ്ടുപിടിച്ച ഏകഭരണാധികാരിയാണ് അച്യുതമേനോൻ. സർ, സി. പി. പോലും പറയാത്ത വാചകമാണിത്. പത്തുസെൻറു സ്ഥലത്തിനു ചുററും വേലികെട്ടിയാൽ ഉടൻ പോലീസെത്തും. അവരെ അടിക്കാനും തൊഴിക്കാനും പോലീസെത്തും. അവരെ സഹായിക്കാൻ ലീഗിൻെറ പ്രവർത്തകർ. അവരും കൂടി ചേർന്ന് പാവപ്പെട്ട തൊഴിലാളികളെ തല്ലിച്ചതച്ചു വലിച്ചെറിയുകയാണ്. അരിയില്ലാത്തതിനെപ്പററി ഖേദമില്ല, തൊഴിലില്ലാത്തതിനെപ്പററി ഖേദമില്ല, പോലീസ് ഇല്ലാത്തതിലാണ് ഖേദം. അങ്ങനെ പറയുന്ന ഈ മന്ത്രി പാവപ്പെട്ട ഒരുവൻ 10 സെൻറു ഭൂമി എടുത്താൽ അവരെ അടിക്കാനും മററും പോലീസിനെ അയക്കുക. പക്ഷേ മിച്ചഭൂമി സ്വന്തഭൂമിയാക്കാൻ വേണ്ടി നടത്തുന്ന പരിശ്രമങ്ങൾക്കെതിരായാണ്, ഒററ പോലീസ്കാരനെയെങ്കിലും അയച്ചശേഷമാണ് മാർക്സിസ്ററുപാർട്ടി സമരം നടത്തുന്നതെന്നാക്ഷേപിച്ചുകൊണ്ടു് കർഷകരെയും കർഷകതൊഴിലാളികളെയും തല്ലിച്ചതക്കാൻ ആളെ അയച്ചിരുന്നുവെങ്കിൽ നിങ്ങൾക്കു നീതി പറയാൻ അവകാശമുണ്ട്. ഇത്രയധികം അക്രമം കാണിച്ചശേഷം കള്ളപ്രചരണം നടത്തി ഈ രാജ്യത്ത് അക്രമണം നടത്താനാണ് ശ്രമിക്കുന്നത്. ഇതിൽ ഏററവും വിരുതൻ സ്ഥിരം പട്ടയംകൊടുക്കാൻ ശ്രമിക്കുന്ന റവന്യൂമന്ത്രിയാണ്. സർ, മലയാളമനോരമയിലും മററും വന്ന വാർത്തകൾ കണ്ടാൽ നമ്മുടെ റവന്യൂമന്ത്രി രണ്ടോ മൂന്നോ ലക്ഷം ആളുകൾക്ക് 'സ്ഥിരംപട്ട' കൊടുത്തതായി തോന്നും. ആരോടാണ് പട്ട വാങ്ങിച്ചതെന്നറിയില്ല. ഗവർണ്ണർ 20,000

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പേർക്കു കൊടുത്തു. ഇത് കള്ളക്കണക്കാണ്. ഭൂപരിഷ്ക്കരണനിയമ പ്രകാരം മിച്ചഭൂമി കൈവശം വച്ചനുഭവിക്കുന്ന ആളുകൾക്ക് 'പട്ട' കൊടുത്തിട്ടില്ലേ? ഇന്നുകൊടുത്തിരിക്കുന്ന പട്ടയിൽ.......................

ശ്രീ. ബേബിജോൺ: പട്ട, പട്ട എന്നു പറയുന്നത് എന്തു പട്ടയാണ്.

ശ്രീ. ഇ. എം. ജോർജ്: പട്ടയെപ്പററി കൂടുതലറിയണമെങ്കിൽ കെ.എം. ജോർജിനോടു ചോദിച്ചാൽ മതി. മൂവാററുപുഴവെച്ചു് മന്ത്രി മദ്യപിച്ചു് മദോൻമത്തനായി ആ യോഗത്തിൽ കൂത്താടി. ആ കേസ്സിലെ പ്രതികൾ ഞങ്ങളുടെ സഖാക്കളാണു്. കെ. എം. ജോർജ് സാക്ഷിയുണ്ട്. കള്ള സാക്ഷി പറയുമോയെന്നറിഞ്ഞുകൂടാ.

ശ്രീ. കെ. എം. ജോർജ്: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. ശ്രീമാൻ ജോർജ് പലതും പറയുമെന്ന് എല്ലാവർക്കുമറിയാം. എന്നിരുന്നാലും യാതൊരു അടിസ്ഥാനവുമില്ലാതെ ഇങ്ങേവശത്തിരിക്കുന്ന മന്ത്രിമാരെയും മെമ്പർമാരെയും സ്ഥലത്തില്ലാത്ത ബാഫക്കിതങ്ങളെയും മററും ഇങ്ങനെ പറയുന്നത് ഏതുതരത്തിൽ അംഗീകരിക്കാം. എന്തൊരു ന്യായമാണ്? ഇങ്ങനെയുള്ള അസത്യപ്രസ്താവനവന്നാൽ തിരുത്താൻ സമയം തരണം. അദ്ദേഹം വഴങ്ങുന്നില്ലെങ്കിൽ എന്തെങ്കിലും ഒരു പോംവഴിയുണ്ടാക്കണം.

ശ്രീ. ഇ. എം. ജോർജ്: ജനങ്ങൾ രണ്ടുമൂന്നുമാസത്തിനകം പോംവഴി ഉണ്ടാക്കും. ഇപ്പോൾത്തന്നെ മിച്ചഭൂമി കൈവശം വെച്ചുകൊണ്ടിരിക്കുന്ന നൂറു കണക്കിനാളുകൾക്ക് ഭൂപരിഷ്ക്കരണനിയമം നടപ്പിലാക്കാമെന്ന് ദൃഢപ്രതിജ്ഞയെടുത്തു നടക്കുന്ന റവന്യൂമന്ത്രി പട്ടകൊടുക്കുന്നുണ്ട് എന്നുള്ള ഗുരുതരമായ ആരോപണം ഞാൻ വയ്ക്കുകയാണു്. അന്വേഷിക്കാൻ ഒരു കമ്മീഷനെ വച്ചാൽ ഞാൻ ആയിരക്കണക്കിന് തെളിവുതരാൻ തയ്യാറാണ്. ശ്രീമതി റോസമ്മപുന്നൂസിൻെറ ആങ്ങളമാർക്ക് എത്രപേർക്ക് പട്ടയം കിട്ടിയെന്ന് അച്യുതമേനോന് അറിയാമോ? വൈക്കം ടൗണിൽ കോട്ടയം ഓറിയൻറ് ബാങ്കിൻെറ ഉടമസ്ഥൻ കൂട്ടിപ്പറമ്പന് ആറു സെൻറിൻെറ പട്ടയം കൊടുത്തിട്ടില്ലേ. അങ്ങനെ ആയിരക്കണക്കിനുള്ള തെളിവു വെയ്ക്കാൻ, ശ്രീ. അച്യുതമേനോൻെറ മുമ്പിൽ വയ്ക്കാൻ തയ്യാറാണ്. തൊടുപുഴ ചെന്നപ്പോൾ ആ പട്ടയവിതരണ ഏർപ്പാടിന് സദ്യനടത്താൻവേണ്ടി വൻകിട കച്ചവടക്കാർ പായസത്തിന് ചരക്കും ചുമന്നു കൊണ്ട് ചങ്ങനാശ്ശേരിയിൽ നിന്നും പോകുകയാണ്. ഭൂപരിഷ്ക്കരണഭേദഗതി നിയമപ്രകാരം ഇപ്പോൾ തന്നെ മിച്ചഭൂമിയുള്ള ആളുകൾക്ക് പട്ടയം നൽകുന്നു. 56–57–ൽ ഭൂമി കൈയേറിപ്പിടിച്ചവരാണ് അവർ. താൽക്കാലികപട്ടയം ഉണ്ടായിരുന്നു. അവരുടെയൊക്കെ പേര് കച്ചേരിയിൽ കാണും. ആ ഭൂമിക്കള്ളൻമാർ വില വാങ്ങിച്ച ഭൂമി സാധുക്കൾക്കു് കൊടുത്തു. ആ സാധുക്കളാണ് അധ്വാനിച്ച് കൃഷിയാക്കി വളർത്തികൊണ്ടുവന്നത്.

ശ്രീ. ഇ. അഹമ്മദ്: സർ, ഒരു ചോദ്യം...............................

ശ്രീ. ഇ. എം. ജോർജ്: മിച്ച ഭൂമിയുള്ള ആളുകൾക്ക് പട്ടയം കൊടുത്തിട്ടു ഞങ്ങൾ പാവപ്പെട്ടവരുടെ താൽപര്യങ്ങൾസംരക്ഷിക്കുന്നതിനുവേണ്ടിയാണ് പ്രവർത്തിക്കുന്നതെന്നു പറഞ്ഞ് ജനങ്ങളുടെ വായ് മൂടിക്കെട്ടാൻ സാധ്യമല്ല.

ശ്രീ. കെ. എം. ജോർജ്: അതു തന്നെയാണ് ഞങ്ങളും പറയുന്നത്.

<u>ശ്രീ. ഇ. എം. ജോർജ്:</u> അതുതന്നെയാണ് ഞങ്ങളും പറയുന്നത്. ശ്രീ. കെ. റ്റി. ജേക്കബ് കൊടുക്കുന്ന പട്ടയം ഇത് ആർക്കാണ്. ഭൂമി കൈവശം വച്ചിരിക്കുന്ന 1956 ൽ വനം വെട്ടിപിടിച്ചവരുടെ പേർ അവിടുത്തെ കച്ചേരിയിൽ കാണും. ആ കച്ചേരിയിൽ കിടക്കുന്ന ലിസ്റ്റ് അനുസരിച്ച് ആ ഭൂമി വിലയ്ക്കാണു കൊടുത്തിട്ടുള്ളത്, അതേ, ഭൂമിയുടെ കൈവശക്കാർക്കാണോ കൊടുക്കുന്നതെന്നകാര്യം ശ്രീ. അച്യുതമേനോൻ അന്വേഷിച്ചുനോക്കണം. അപ്പോഠം പട്ടയം കൊടുക്കുന്നു എന്നതിൻെറ പേരിൽ നിക്ഷിപ്തതാൽപര്യക്കാരായ ആളുകഠംക്കു, ഭൂമി വിററുപോയിട്ടുള്ള ആളുകഠംക്കു പാവപ്പെട്ടവൻെറ താത്പര്യം രക്ഷിക്കാനെന്നു പറഞ്ഞുകൊണ്ടു പട്ടയം കൊടുത്താൽ അങ്ങനെയുള്ള പ്രചരണംകൊണ്ട് ഈ രാജ്യത്തെ ജനങ്ങളുടെ വാമൂടിക്കെട്ടാൻ സാധിക്കുകയില്ല. ബാഫക്കിതങ്ങളുടെ മുസ്ലിംലീഗുവാളൻറിയറൻമാർ പോലീസിനോടു കൂടി ചേർന്നു പ്രവർത്തിക്കണമെന്നുള്ള ആഹ്വാനത്തെപ്പററിയുള്ള വിശദീകരണം കേട്ടു.

<u>ശ്രീ. ഇ. അഹമ്മദ്:</u> സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. ഒരു പ്രസ്താവനയുടെ അപ്രസക്തഭാഗം ഒരിക്കൽ പറഞ്ഞതു നിഷേധിച്ചതിനുശേഷം വീണ്ടും ആ പ്രസ്താവന എടുത്തുദ്ധരിക്കുന്നത് ഓർഡറിലാണോ?

<u>ശ്രീ. ഇ. എം. ജോർജ്:</u> മററൊരു വസ്തുത അച്യുതമേനോൻെറ മുമ്പിൽ വയ്ക്കുന്നു. മലയാളമനോരമയിൽ കോട്ടയം കോൺഗ്രസ് നേതാവ് ശ്രീ. പി. സി. ചെറിയാൻെറ ഒരു പ്രസ്താവന വന്നിട്ടുണ്ട്. പി. സി. ചെറിയാൻെറ അമ്മാച്ചൻെറ മക്കഠം നടത്തുന്ന പത്രമാണു മലയാള മനോരമ. പോലീസിൻെറകൂടെ കോൺഗ്രസ് വാളൻറിയർമാർ നിയമസമാധാനം സംരക്ഷിക്കുന്നതിന് ഇറങ്ങണമെന്നു കോട്ടയത്തുനിന്നു പി. സി. ചെറിയാൻ നടത്തിയ പ്രസംഗത്തിൻെറ വാചകം വന്നിട്ടില്ലേ? ഇവരെ നിയന്ത്രിച്ചു നിൽക്കാൻ സാധ്യമല്ലെന്നു കരുതി ഞങ്ങഠം ഭയന്നു നിൽക്കുകയാണെന്നു ധരിക്കരുത്. ശ്രീ. ടി. വി. തോമസിൻെറ കുരുക്ഷേത്രയുദ്ധത്തിലേക്കുള്ള വെല്ലുവിളി ഇതാണെന്നു ഞങ്ങഠംക്കറിയാം. പോലീസും പട്ടാളവും മുസ്ലിംലീഗിൻെറയും കേരളാകോൺഗ്രസ്സിൻെറയും തലത്തിലുള്ള ഗൂണ്ടകളും കൂടി ഈ രാജ്യത്തെ തൊഴിലാളി പ്രസ്ഥാനത്തെ ആക്രമിച്ചു തകർക്കാൻ ശ്രമിക്കുന്നുവെങ്കിൽ കുരുക്ഷേത്രയുദ്ധഭൂമിയിൽ നിൽക്കാൻ തയ്യാറായി നിൽക്കുകയാണ്. ഭയന്നുനിൽക്കുകയല്ലെന്നു ഓർമ്മിപ്പിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. സി. എച്ച്. മുഹമ്മദുകോയ:</u> സർ, 'ഗൂണ്ട' എന്ന വാക്കു് പാർലമെൻററിയാണോ?

<u>ഡെപ്യൂട്ടിസ്പീക്കർ:</u> രാഷ്ട്രീയപാർട്ടികളുടെ പേരു പറഞ്ഞ് ഗൂണ്ടകഠം എന്നു പറഞ്ഞാൽ അതു തെററാണു്.

<u>ശ്രീമതി. കെ. ആർ. ഗൗരി :</u> നിയമസഭാ സാമാജികൻമാരെയല്ലാതെ വേറെ ഉപയോഗിച്ചാൽ അത് അൺപാർലമെൻററിയാണോ? എങ്കിൽ മലയാള ഭാഷയിൽ നിന്നും തന്നെ ആ വാക്കെടുത്തുകളയണം.

<u>ശ്രീ. ടി. എ. മജീദ്:</u> അങ്ങോട്ടും പറയാമെങ്കിൽ വിരോധമില്ല.

<u>ശ്രീ. എ. എസ്. എൻ. നമ്പീശൻ:</u> ഗൂണ്ടകഠം എന്നു വിളിച്ചതൊക്കെ രേഖകളിൽ കാണും. അതൊന്നും പാർലമെൻററിയല്ലെന്നു പറഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഡെപ്യൂട്ടിസ്പീക്കർ: അന്നു പറഞ്ഞെങ്കിൽ അന്നും തെററാണെന്നു പറഞ്ഞുകാണും.

ശ്രീ. കെ. ടി. ജോർജ്: സർ, ബഹുമാനപ്പെട്ട കരുണാകരൻ അവതരിപ്പിച്ച ഭേദഗതിയെ ഞാൻ അനുകൂലിക്കുന്നു. ഗവർണ്ണറുടെ പ്രസംഗം കേരളത്തിലെ ജനങ്ങളുടെ പ്രതീക്ഷക്കൊത്ത് ഉയർന്നില്ലെന്നുപറയാൻ ഞാനാഗ്രഹിക്കുകയാണ്. അനാർഭാടവും സത്യസന്ധവുമായ ചില ചിന്തകളുടെ ആവിഷ്ക്കരണം അതിൽ ഉൾക്കൊള്ളുന്നുണ്ടെന്നുള്ളതിൽക്കവിഞ്ഞു കേരളത്തിലെ ജനങ്ങളുടെ നീറുന്ന പ്രശ്നങ്ങളെസംബന്ധിച്ചിടത്തോളം ഒരു ദീർഘവീക്ഷണമില്ലായ്മ ഗവർണ്ണറുടെ പ്രസംഗത്തിൽ ഉടനീളം നിഴലിച്ചു കാണുന്നുണ്ട്. വളരെ അനുകൂലമായ സാഹചര്യത്തിൽ അധികാരത്തിൽ വന്നതാണ് ഈ മന്ത്രിസഭ. മാർക്സിസ്ററുകമ്മ്യൂണിസ്ററു ഭരണത്തിന്റെ യാതനയും വേദനയും അനുഭവിച്ചിരുന്ന കേരളജനത ജനങ്ങൾക്ക് ആ ഭരണം അവസാനിച്ചതോടുകൂടി ഒരു വലിയ ഭാരം തലയിൽനിന്ന് ഇറക്കിവച്ച അനുഭൂതിയാണ് ഉള്ളത്. ഒരു ആശ്വാസത്തിന്റെ നിശ്വാസം ഇവിടെ ഉണ്ടായി. അതിനുശേഷം വന്ന മന്ത്രിസഭ, ഇപ്പോഴത്തെ ഗവൺമെൻറ് വളരെയേറെ നല്ല കാര്യങ്ങൾ ചെയ്യുമെന്ന പ്രതീക്ഷയും കേരളത്തിലെ ജനങ്ങൾക്കുണ്ട്. ചുരുങ്ങിയ കാലയളവിനുള്ളിൽ വളരെയേറെ തെററുകൾ തിരുത്താൻ ഈ ഗവർമ്മെൻറിനു കഴിഞ്ഞു എന്നുള്ള കാര്യവും ഞാൻ ഈ അവസരത്തിൽ അനുസ്മരിക്കുകയാണ്. സർ, ഈ ഗവർമ്മെൻറ് പേമാരിക്കുശേഷമുണ്ടായ സൂര്യോദയം പോലെയുള്ള അനുഭവമാണ് ഉണ്ടാക്കിയത്. അതിന്റെ ചൂടും വെളിച്ചവും ജനങ്ങൾക്കു നൽകി എന്നുള്ള കാര്യം ഞാൻ ഈ അവസരത്തിൽ ഓർമ്മിക്കുകയാണ്. ഒരു അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടുപോലെ എഴുതിയുണ്ടാക്കിയ ഗവർണ്ണറുടെ പ്രസംഗത്തിൽ നൂതനങ്ങളായ പല കാര്യങ്ങളും കാണുന്നില്ല. സംസ്ഥാനത്തിന്റെ ദുർഘടമായ സാമ്പത്തികസ്ഥിതിയുടെ ബീഭത്സമായ ഒരു ചിത്രം വരച്ചുകാണിക്കാൻമാത്രമേ ഗവർണ്ണറുടെ പ്രസംഗത്തിനു കഴിഞ്ഞുള്ളൂ. നമ്മുടെ സംസ്ഥാനത്തിന് സാമ്പത്തികവരുമാനമുണ്ടാക്കാൻ എന്തെല്ലാം മാർഗ്ഗങ്ങളുണ്ടെന്നു പറയാതെ പോയത് ഒരു പോരായ്മയായി അവശേഷിക്കുകയാണ്. വരുന്ന നാലുവർഷം ബഡ്ജററിൽ റവന്യൂ കമ്മിയുണ്ടാകുമെന്നു മുൻകൂട്ടിവിധിയെഴുതിയിരിക്കുന്ന ഗവർണ്ണറുടെ പ്രസംഗത്തിൽ ആ കമ്മി നികത്താനുള്ള വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തുവാനുള്ള മേഖലകൾ തിരഞ്ഞുകൊണ്ടിരിക്കുകയാണെന്നു പറഞ്ഞിരിക്കുന്ന ഭാഗം കേരളത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം വലിയ ആശ്വാസം പ്രദാനം ചെയ്യുന്നതായി കണക്കാക്കുവാൻ സാധ്യമല്ല. നൂതനമായ മാർഗ്ഗങ്ങളൊന്നും തന്നെ ചൂണ്ടിക്കാണിച്ചിട്ടില്ല. ഈ രാജ്യത്ത് വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മക്കു പരിഹാരം കാണാനുള്ള മാർഗ്ഗവും ഗവർണ്ണറുടെ പ്രസംഗത്തിൽ ഇല്ല.

സാമൂഹ്യക്ഷേമകരമായ നടപടികൾ എന്തെങ്കിലും സ്വീകരിക്കുന്ന സൂചന ഇതിൽ ഉള്ളതായി കാണുന്നില്ല. ഒരു മെച്ചപ്പെട്ട ചികിൽസാ സമ്പ്രദായമെങ്കിലും പ്രദാനം ചെയ്യുമെന്നുള്ള ഉഗ്രമായ ഉറപ്പു കേരളത്തിലെ ജനങ്ങൾക്കു കൊടുക്കുവാൻ ഈ പ്രസംഗത്തിനു കഴിയാതെ പോയത് അതിന്റെ പോരായ്മയാണ്. സർ, എല്ലാ കാര്യങ്ങളെക്കാളും ഉപരിയായി എനിക്ക് തോന്നുന്നത് അഴിമതി നിർമ്മാർജ്ജന നടപടികളെ സംബന്ധിച്ചിടത്തോളമുള്ള ഭാഗമാണ്. പൊതു പ്രവർത്തനത്തിലെ അഴിമതിയെക്കുറിച്ച് അന്വേഷിക്കുവാൻ ഒരു ഇടക്കാല ഏർപ്പാടു ചെയ്തിട്ടുണ്ടെന്ന ഒററവാചകമൊഴികെ ഈ പ്രസംഗത്തിൽ എന്തു കാണുന്നുണ്ട് സാർ? അതു തികച്ചും അപര്യാപ്തമാണ്. അനുഭവങ്ങളെങ്കിലും നിങ്ങൾക്ക് ഒരു പാഠമായിരിക്കട്ടെ. ഇ. എം. എസ്സിന്റെ ഐക്യമുന്നണിയാകുന്ന നൗക അഴിമതിയാകുന്ന പാറക്കല്ലിൽ തട്ടി ഉടഞ്ഞുപോയ

LIBRARY ARCHIVES Kerala Legislative Assembly

താണ് എന്നു മനസ്സിലാക്കണം. ഉടഞ്ഞ നൗകയിൽനിന്നും നല്ല ചില കഷ്ണങ്ങൾമാത്രം ചേർത്തു നൂതനമായി പടുത്തുയർത്തിയ ഒരു മന്ത്രിസഭയാണ് ഈ മന്ത്രിസഭ. ഞങ്ങളെ സംബന്ധിച്ചിടത്തോളം അഴിമതി ഉണ്ടാകുമെന്നു സംശയിക്കത്തക്ക സാഹചര്യം ചിലപ്പോൾ ഉണ്ടായിട്ടുണ്ടെങ്കിലും അതിൽ നിന്നും താൽക്കാലികമായി മോചനം ലഭിച്ച രീതിയിൽ മുന്നോട്ടു പോകുകയാണു ഈ മന്ത്രിസഭ. ഞാൻ മുൻകൂട്ടി എടുത്തു പറയുകയാണ് ഒരു ഉഗ്രമായ പ്രഖ്യാപനം ഈ ഭാഗത്തു നിന്നും ഉണ്ടാകണം. ഒരു ഇടക്കാല മെഷീനറി ഏർപ്പെടുത്തിയതുകൊണ്ടു മാത്രമായില്ല. ഗവർണ്ണറുടെ പ്രസംഗത്തിൽ അതു് ഉണ്ടാകേണ്ടതായിരുന്നു. അഴിമതിക്കെതിരെ ഉഗ്രമായ പോരാട്ടം നടത്തുവാൻ അരയും തലയും മുറുക്കി ഇറങ്ങിയിരിക്കുന്ന കൂട്ടരാണെന്ന പ്രഖ്യാപനം നടത്താനുള്ള ചങ്കുറപ്പു നിങ്ങൾക്കുണ്ടാകണം. അങ്ങനെയുള്ള പ്രഖ്യാപനം ഗവൺമെൻറിൽ നിന്നുണ്ടാകണം. അതുകൊണ്ട് ആമുഖമായി പറയുന്നു എവിടെയെങ്കിലും ഇതിൽനിന്നും വ്യതിചലിക്കുന്ന ഘട്ടം ഉണ്ടായാൽ അഴിമതിക്ക് അതീതമല്ല ഈ മന്ത്രിസഭയും അതിലെ പ്രവർത്തകരുമെന്നു മനസ്സിലായാൽ അതിനെ ശക്തിയുക്തം നിയന്ത്രിക്കാൻ കോൺഗ്രസ്സിൻെറ ഈ ഭാഗത്തുള്ള ഞങ്ങൾ മുന്നോട്ടുവരുമെന്നു പ്രഖ്യാപിക്കാനും കൂടി ഈ അവസരം ഞാൻ ഉപയോഗിക്കുന്നു.

ഈ രാജ്യത്തെ ആയിരിക്കണക്കിനു ജനങ്ങൾക്കു സ്ഥിരം പട്ടയം നൽകിയതിനെ സംബന്ധിച്ച് ശ്രീ. ഇ. എം. ജോർജ് എന്തിനാണ് വേവലാതിപ്പെടുന്നതെന്നു ചോദിക്കുകയാണ്. എന്തിനാണ് ശ്രീ. ബാലാനന്ദൻ വിരളി പിടിക്കുന്നതെന്ന് ചോദിക്കുകയാണ്. സർ, കോൺഗ്രസ്സിൻെറതായ ഉന്നത തത്വങ്ങളുടെ ചൈതന്യം ഉൾക്കൊള്ളുകയാണ് ഞങ്ങൾ. നിങ്ങൾചെയ്യുന്ന സോഷ്യലിസ്റ്റ് നയപരിപാടികളെ സംബന്ധിച്ചിടത്തോളം ഉള്ള നീക്കങ്ങളിൽ ഞങ്ങളുടെ പിൻതുണ നൽകാൻ ഞങ്ങൾ തയ്യാറാണെന്നു പറയാനും ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. നല്ലതു നല്ലതെന്നു കാണാൻ നിങ്ങൾ തയ്യാറാവുക. ഞാൻ ഈ ഗവൺമെൻറിനെ അഭിനന്ദിക്കുകയാണ്. റവന്യൂമന്ത്രി ശ്രീ. കെ. ടി. ജേക്കബ്ബിനേയും അഭിനന്ദിക്കുകയാണ്. സ്ഥിരം പട്ടയം നൽകുന്നതിൻെറ പിതൃത്വം ബാലാനന്ദനോ, മാതൃത്വം ശ്രീമതി ഗൗരി അമ്മയ്ക്കോ ഏറ്റെടുക്കാൻ അവകാശമില്ല. സർ, അവർ ചെയ്ത പോരായ്മകൾ തിരുത്തുകയാണ് ഈ ഗവൺമെൻറ് ചെയ്തിട്ടുള്ളത്. സ്ഥിരം പട്ടയം നൽകുവാൻ മാർക്സിസ്റ്റ് പാർട്ടി എതിരായിരുന്നു. സ്ഥിരം പട്ടയം നൽകണമെന്ന് ഈ സഭയിൽ പലരും പല തവണ ആവശ്യപ്പെട്ടിട്ടും, സ്ഥിരം പട്ടയം കിട്ടണമെന്നുള്ള മൗലികമായ ആവശ്യത്തിനുവേണ്ടി ഈ സഭയിൽത്തന്നെ പോരാടിയിട്ടും അതിനെ പുല്ലാക്കി മുന്നോട്ടു പോയ ശ്രീമതി ഗൗരിക്ക് ഇതിനെപ്പററി സംസാരിക്കുവാൻ അവകാശമുണ്ടോ? ആ തെററ് തിരുത്തിക്കൊണ്ട് ഭൂപരിഷ്ക്കരണ ചട്ടത്തിൻെറ 8-ാം വകുപ്പിൽ വരുത്തിയ ഭേദഗതിയാണ് ഈ സ്ഥിരം പട്ടയത്തിനു കേരളത്തിലെ ജനങ്ങളെ അർഹരാക്കിയിട്ടുള്ളത്. ഈ പട്ടയം അനുസരിച്ച് അതു സ്വന്തമായി കൈവശമെടുക്കാനും അതു വിൽക്കുവാനുമുള്ള അവകാശം കൊടുത്തുകൊണ്ട് 8-ാം വകുപ്പിൽ വരുത്തിയ ഭേദഗതി ഒന്നുമാത്രമാണ് ഈ ഗവൺമെൻറിന് ആയിരക്കണക്കിന് ആളുകൾക്കു സ്ഥിരം പട്ടയം നൽകുവാൻ അവസരം നൽകിയത്. അതിനെ അനുകൂലിക്കുന്നതിനു പകരം അത് അവഹേളിക്കുവാൻ തുടങ്ങുന്നത് വസ്തുതകളുടെ നേരെ കണ്ണടയ്ക്കലാണ്. കണ്ണടച്ച് ഇരുട്ടാക്കലാണ് മി. വാര്യർ. എല്ലാകാര്യങ്ങളും അനുകൂലിക്കുകയല്ല. നല്ലത് ചെയ്താൽ അത് അംഗീകരിക്കുവാൻ തയ്യാറാകും. ഭൂ പരിഷ്ക്കരണം സംബന്ധിച്ചു നിങ്ങൾ സ്വീകരിച്ച നിലപാട് എന്താണ്? അതു നടത്തുന്ന പരിപാടിയിൽനിന്നും നിങ്ങൾ പിൻമാറണം. ഞങ്ങൾക്ക് ഇതു പറയാൻ അവകാശമുള്ളതുകൊണ്ടു പറയുകയാണ്. ഭൂ നിയമം പാസ്സാക്കി നടപ്പിലാക്കണമെന്നു പറഞ്ഞ് താലൂക്ക് ആഫീസു

LIBRARY ARCHIVES Kerala Legislative Assembly

കളുടെ മുൻപിൽ കൂട്ട സത്യാഗ്രഹം നടത്തിയ ആളുകളാണ് ഞങ്ങൾ. അതിനു ശേഷം അതിനു പിൻതുണ പ്രഖ്യാപിച്ചിട്ടുള്ള പാർട്ടിയുടെ പ്രതിനിധിയാണ് ഞാൻ. അതിനു ശേഷമോ? ഈ ഗവൺമെൻറ് ഇതു നടപ്പിലാക്കുന്നതിന് വേണ്ടി കേന്ദ്രത്തിലേക്ക് എഴുതിയയച്ച് ഞൊടിയിടപോലും താമസം ഇല്ലാതെകണ്ട് കേന്ദ്രത്തിൽനിന്നും അനുമതി ലഭിച്ചതിൽ ഒരു പൊരുളു മില്ലെന്നാണോ ഈ സഭയിലെ ആളുകൾ പറയുന്നത്? പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയും ആഭ്യന്തരമന്ത്രി ശ്രീ. ചവാനും എന്തു മാത്രം താത്പര്യം ഈ നിയമനിർമ്മാണത്തിൽ എടുത്തിട്ടുണ്ടെന്നുള്ളതിൻെറ സൂചനയാണ് ഇതിൽ നിന്നും ലഭിക്കുന്നത്. അങ്ങനെ ഞങ്ങളുടെ പിൻതുണയോടുകൂടിയും ഞങ്ങളുടെ പരിശ്രമത്തോടുകൂടിയും നടപ്പിലാക്കാൻ പോകുന്ന ഈ നിയമ നിർമ്മാണത്തെ സംബന്ധിച്ചിടത്തോളം എന്തെല്ലാം ത്യാഗം സഹിച്ചും പിൻ തുണ നൽകാൻ തയ്യാറാണ്. ഈ ഒന്നാം തീയതി നിയമത്തിൻെറ എല്ലാ വകുപ്പുകളും നടപ്പിലാകട്ടെ എന്നു പ്രഖ്യാപിക്കുവാൻ ഈ ഗവൺമെൻറിന് കഴിഞ്ഞില്ലേ? 31 മാസം കൊണ്ടു ഭൂപരിഷ്കരണ നിയമം പാസ്സാക്കി നടപ്പിലാക്കുവാൻ നിങ്ങൾക്കു സാധിച്ചില്ല. ഇപ്പോൾ നിയമം നടപ്പിലാക്കു വാൻ സമരം വേണം. നിങ്ങൾ, മാർക്സിസ്ററ് പാർട്ടിയായിരുന്നു അധി കാരത്തിലെങ്കിൽ നിങ്ങൾ സമരം അഴിച്ചു വിടുമായിരുന്നുവോ എന്ന് ഞാൻ ചോദിക്കുകയാണ്. നിയമം നടപ്പിലാക്കുന്നതിനു കേന്ദ്രത്തിൻെറ അനുവാദം കിട്ടി. പിന്നെ ഈ 10 സെൻറ് വളച്ചു കെട്ടുന്നതിൻെറ അർത്ഥമെന്താണ് സർ? ഇതു നടപ്പിലാക്കുന്നത് മാർക്സിസ്ററ് പാർട്ടിയാണ്, നിങ്ങ ളാണ്. ഈ നിയമം നടപ്പിലാക്കാൻ മുൻപന്തിയിൽ നിന്നതെന്നു വരുത്തുവാൻ വേണ്ടി ആയിരുന്നില്ലേ നിങ്ങളുടെ ശ്രമം? അധികാരം നഷ്ടപ്പെട്ട കമ്മ്യൂ ണിസ്ററ് പാർട്ടിയുടെ അപകർഷതാ ബോധത്തിൽനിന്ന് ഉടലെടുത്ത പ്രകടന മല്ലേ ഇതെല്ലാം? കോഴികൂകുന്നതുകൊണ്ടാണു നേരം വെളുക്കുന്നതെന്നാണ് കോഴിയുടെ വിചാരം. കോഴി കൂകിയില്ലെങ്കിലും നേരം വെളുക്കും. ആ ചിന്താഗതിയാണു ഭൂമി കൈയ്യേറുവാൻ മാർക്സിസ്ററ് പാർട്ടി കാണിച്ചു കൊണ്ടിരിക്കുന്ന വിക്രിയകളുടെ പിന്നിലുള്ളത്. ഞാൻ കൂടി ഉൾപ്പെട്ട സെലക്ട് കമ്മിററിയിൽ ഈ പത്തു സെൻറിൻെറ കാര്യം ചർച്ചചെയ്തതാണ്. അന്നു വ്യക്തമായി ഈ നിയമത്തിൽ എഴുതി വയ്ക്കാതെ ഇപ്പോൾ പത്ത് സെൻറ് വളച്ചുകെട്ടി കുടികിടപ്പുകാരനേയും പാവപ്പെട്ടവരേയും സഹായിക്കു വാൻ നടക്കുന്ന കൂട്ടരാണു നിങ്ങൾ. ഞാൻ എൻെറ പ്രസംഗം അവസാനി പ്പിക്കുന്നു.

ശ്രീ. പി. കെ. രാഘവൻ: ഞാൻ ഈ കൃതജ്ഞതാ പ്രമേയത്തെ സർവ്വാ ത്മനാ സ്വാഗതം ചെയ്യുകയാണ്. സർ, ഈ പ്രമേയത്തെ സ്വാഗതംചെയ്തുകൊണ്ട് അപ്പുറത്ത്, പ്രതിപക്ഷത്ത് ഇപ്പോൾ ഇരിക്കുന്ന സുഹൃത്തുക്കൾ വിശേഷിച്ചും മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടിയിൽപ്പെട്ട ആളുകൾ ഈ പ്രമേയത്തെ സർവ്വശക്തിയുമുപയോഗിച്ച് എതിർക്കാൻ ശ്രമിക്കുന്നു എന്നാണ് അവകാശ പ്പെടുന്നത്. എതിർപ്പു നല്ലതാണ്. വിശേഷിച്ചും ഒരു ജനാധിപത്യ ഭരണ സംപ്രദായത്തിൽ പ്രതിപക്ഷത്തിൻെറ എതിർപ്പു ക്രീയാത്മകമായാൽ വളരെ യധികം നല്ലതാണ്. നിർഭാഗ്യത്തിന് അധികാരം വിട്ടൊഴിഞ്ഞുപോയ ഞങ്ങ ളുടെ മാർക്സിസ്ററ് സ്നേഹിതൻമാർ സംഘടിപ്പിക്കുന്ന എതിർപ്പ് കാണു മ്പോൾ അധികാരം വിട്ടൊഴിഞ്ഞിട്ടുള്ള അസുഖത്തിലാണോ നേരേമറിച്ച് പണ്ടുണ്ടായിരുന്ന തലക്കനം അതേപടി നിലനിറുത്തുവാൻ ആഗ്രഹിക്കുന്നത് കൊണ്ടാണോ എന്നു നിശ്ചയമില്ല. യാഥാർത്ഥ്യങ്ങളുമായി ഒട്ടും ബന്ധ മില്ലാത്ത ഒരു എതിർപ്പാണ് സംഘടിപ്പിച്ചു കാണുന്നത്. ഈ എതിർപ്പിന് അവർ ഉന്നയിക്കുന്ന വാദഗതികൾ പരിശോധിക്കുന്ന ഒരാൾക്ക് സംസ്ഥാ നത്തെ ജനങ്ങളോട് എങ്ങനെ അവർക്ക് യോജിച്ചുപോകാൻ കഴിയുമെന്ന കാര്യ ത്തിൽ സംശയം ഉണ്ടാകും. സർ, ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനു

LIBRARY ARCHIVES Kerala Legislative Assembly

ശേഷം മാർക്സിസ്റ്റ് പാർട്ടി ഈ ഗവൺമെൻറിനെ അധികാരത്തിൽനിന്ന് പുറത്തുകൊണ്ട് പോകുന്നതിന് സംഘടിപ്പിക്കപ്പെട്ടിട്ടുള്ള സമരങ്ങളും ആ സമരത്തിനു വേണ്ടി ഉന്നയിക്കപ്പെട്ടിട്ടുള്ള വാദഗതികളും നമ്മുടെ രാജ്യത്തെ ബഹുഭൂരിപക്ഷം വരുന്ന ജനങ്ങൾക്ക് ബോധ്യമാകാതെ കിടപ്പുണ്ട്. സമരത്തിന് സ്വീകരിച്ചിരിക്കുന്ന വാദങ്ങൾ ഓരോന്നായി പരിശോധിക്കുവാൻ ആഗ്രഹിക്കുന്നില്ല. ഏററവും ഒടുവിൽ ജനുവരി ഒന്നിന്, കാർഷിക പരിഷ്കരണ ഭേദഗതി നിയമത്തിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനു വേണ്ടി സ്വീകരിക്കുന്ന സമരം മൂലം ആർക്കാണ് ഗുണം കിട്ടിയതു് എന്ന് പരിശോധിച്ചാൽ തീർച്ചയായും അതു ഈ രാജ്യത്തെ കർഷക തൊഴിലാളികൾക്കും പാവപ്പെട്ടവർക്കും ആണെന്ന് പറയുവാൻ അനുഭവം അങ്ങനെയാണ് പഠിപ്പിക്കുന്നത്. കയ്യേററങ്ങൾ നമ്മുടെ രാജ്യത്ത് നിരവധി നടന്നിട്ടുണ്ട്. ഈ കയ്യേററങ്ങൾ ഒക്കെ ആർക്ക് ഗുണമായി ഭവിച്ചു എന്നു പരിശോധിച്ചാൽ ഭൂമിക്കുവേണ്ടി ദാഹിക്കുന്ന, ഒരു തുണ്ട് ഭൂമിക്കുവേണ്ടി, വർഷങ്ങളായി കൊതിക്കിന്ന, മനുഷ്യർക്ക് വേണ്ടിയായിരുന്നില്ല എന്ന് കാണാൻ കഴിയും. നേരേമറിച്ച് അത് ഈ രാജ്യത്തെ കയ്യേററക്കാർക്ക്, ഭൂ പ്രഭുക്കൻമാർക്ക് സഹായിക്കുന്ന നടപടിയായി മാത്രമേ കലാശിച്ചിട്ടുള്ളു. അതുകൊണ്ട് മാത്രമാണ് നിയമത്തിന്റെ വ്യവസ്ഥയിൽ പത്തുസെൻറ് ഭൂമിയുടെ അവകാശം ലഭിക്കുവാൻ അർഹതയുള്ള കർഷകത്തൊഴിലാളികൾക്ക് മിച്ചഭൂമിയിൽ പങ്കു ലഭിക്കുമെന്നുള്ള കാര്യം ഈ കയ്യേററത്തിന് കർഷകതൊഴിലാളികളോട് ആഹ്വാനം ചെയ്യുന്നവർ സൗകര്യപൂർവ്വം വിസ്മരിക്കുന്നത് ഈ കൂട്ടത്തിൽ ഒരു അനുഗ്രഹമായി നിൽക്കുകയാണ് കാർഷിക പരിഷ്കരണ ഭേദഗതി നിയമം നമ്മുടെ സംസ്ഥാനത്ത് ഈ നിയമസഭയിൽ കൊണ്ടുവരാൻ ശ്രമിച്ച ഘട്ടത്തിൽ ആ നിയമത്തിൽ പത്ത് സെൻറ് ഭൂമി അല്ലെങ്കിൽ കർഷകത്തൊഴിലാളികളുടെ കുടികിടപ്പ് ഭൂമിയിൽ പട്ടയത്തിൽ അവകാശം ഉൾക്കൊള്ളിക്കുവാൻ വിസമ്മതിച്ച ആളുകൾ പട്ടയത്തെ സംബന്ധിച്ചിടത്തോളം അത് കൊടുക്കേണ്ടതുണ്ട് എന്ന് ചിന്തിക്കാതിരുന്ന ആളുകൾ, ഇന്ന് ആകെയുള്ള ഭൂമിയിൽ പത്ത് സെൻറ് ഭൂമി വളച്ചുകെട്ടി തിരിച്ച് പിടിച്ച് കൊടുക്കുവാൻ ശ്രമം നടത്തുന്നതിനെകുറിച്ചുള്ള ആത്മാർത്ഥത എത്ര ചിന്തിച്ചിട്ടും മനസ്സിലാകുന്നില്ല. അതുപോലെ നിയമത്തിന്റെ വ്യവസ്ഥയിൽ ഒരേക്കറിനു താഴെയുള്ള കൃഷിക്കാരനു കുടികിടപ്പു കാരന് പട്ടയം ലഭിക്കുന്നതിന് ഒരു അപേക്ഷ സമർപ്പിക്കുവാനുള്ള അവകാശം മൂന്നുകൊല്ലക്കാലത്തേക്കായി വർദ്ധിപ്പിച്ചത് ചോദ്യം ചെയ്ത ആളുകൾ കുടികിടപ്പുകാരോടും പാവപ്പെട്ടവരോടും വേണ്ട ഒരു 16 കിലോമീററിനുള്ളിൽ അറിഞ്ഞോ അറിയാതേയോ എവിടെയെങ്കുലും ഇത്ര ഭൂമിക്ക് ഉടമയായാൽ ഒഴിപ്പിക്കാമെന്നും വ്യവസ്ഥ ചെയ്ത ആളുകൾ, ചുററുപാടും കയറി നമ്മുടെ അവകാശം സംരക്ഷിക്കാമെന്നുപറഞ്ഞാൽ ആത്മാർത്ഥതയുടെ കണിക അതിൽ ഇല്ലെന്ന് പറഞ്ഞാൽ അതിശയത്തിന് അവസരമില്ല.

സർ, അതുപോലെതന്നെ ശ്രീ. എ. വി. കുഞ്ഞമ്പു ഒരു ചോര പ്രസംഗം നടത്തുന്നതുകേട്ടു. ആ പ്രസംഗം കേട്ടപ്പോൾ ഈ അസംബ്ലിയിലാകെ ഒരു കുരുതിക്കളത്തിന്റെ പ്രതീതി അനുഭവപ്പെട്ടു. ഈ പറയുന്ന ആളുകൾ സ്വന്തം ഹൃദയത്തോട് മനസ്സാക്ഷിയോട് ചോദിക്കൂ, കഴിഞ്ഞ 32 മാസക്കാലത്ത് ഞങ്ങളും നിങ്ങളും ഐക്യമുന്നണിയായി ഒരുമിച്ച് ഭരിച്ച കാലത്ത് നടത്തിക്കൂട്ടിയ ചോരക്കളിയുടെ കഥകൾകൂടി പരിശോധിക്കുവാൻ മിനക്കെടുമോ എന്ന്. ശ്രീ. സി. ബി. സി. വാര്യർ അവിടെ ഇരുന്ന് ആംഗ്യം കാണിക്കുന്നതിലാണ് വിഷമം തോന്നുന്നത്. ഞാൻ ചോദിക്കട്ടെ വീര്യപുരത്ത് പാടത്ത് നൂറുക്കണക്കിന് കർഷകത്തൊഴിലാളികളുടെ നട്ടെല്ലും തലയും ചവുട്ടി പൊട്ടിച്ച് ചോര തെറിപ്പിച്ചത് ശ്രീ. ഇ. എം. എസ്സിന്റെ പോലീസായിരുന്നില്ലേ? നേരിട്ടുകണ്ട ആളാണ് ഞാൻ. ആ സമരത്തിന് നേതൃത്വം കൊടു

LIBRARY ARCHIVES Kerala Legislative Assembly

ത്തത് മാർക്സിസ്ററ് പാർട്ടിയാണ്. ചോര ഒഴുക്കിയത് കർഷകത്തൊഴിലാളികളും. അന്ന് അവിടെ കേട്ടത് ഏതോ പ്രൈവററ് സെക്രട്ടറിയുടെ ഫോൺ വഴിയുള്ള ഉത്തരവിൻപ്രകാരമാണ് വെടിവയ്പ്പ് നടന്നതെന്നാണ്. എന്തിന് മറക്കുന്നു. തൃശൂരിലെ ചുമട്ടുതൊഴിലാളികളെ നിരത്തിലിട്ട് ലാത്തി കൊണ്ട് തല്ലി ചോരകുത്തിപ്പായിച്ചത് എന്താണ് വിസ്മരിച്ചത്? പൂഞ്ഞാറിലെ ചെത്തുതൊഴിലാളികൾ അവകാശങ്ങൾക്കു വേണ്ടി സമരം ചെയ്തപ്പോൾ അവരെ നിങ്ങൾ എന്താണ് ചെയ്തത്? എക്സൈസ് കാരൻെറ കയ്യിൽ വടികൊടുത്തടിപ്പിച്ചു. എന്തിന് പരീക്ഷാഹാളിൽ പരീക്ഷയെഴുതിക്കൊണ്ടിരുന്ന നിരപരാധികളായ വിദ്യാർത്ഥികളേയും സെക്രട്ടറിയേററ് നടയിൽ വന്ന അദ്ധ്യാപകരേയും ഇ. എം. എസ്സിൻെറ പോലീസ് മൃഗീയമായി മർദ്ദിച്ചു?. അത് മൃദുവായിരുന്നോ? അവരുടെ തലയിൽനിന്നും ഒഴുകിയത് രക്തമല്ലെ? ഇത്തരം സംഭവങ്ങൾ കാണാൻ ശ്രമിക്കാതെ ഈ ചോരയുടെ പ്രസംഗം നടത്തി ഒരു മായാവലയം സൃഷ്ടിക്കുവാനല്ലേ ശ്രമിച്ചത്? കർഷകത്തൊഴിലാളികളുടെ ഭവന നിർമ്മാണത്തിൻെറ പ്രശ്നവും അവർക്ക് ഭൂമി കൊടുക്കുന്നതിനുള്ള നടപടികളും രണ്ടും തിരിച്ചു പറയുന്നു. ഒരൊററകാര്യം. ഈ നിയമസഭയിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനുവേണ്ടി സ്വീകരിച്ചിരിക്കുന്ന സമരമുറകൾ ആരെയാണ് ഗുണപ്പെടുത്തിയിട്ടുള്ളതെന്ന് പരിശോധിച്ചാൽ ഈ രാജ്യത്തെ ഭൂരഹിതരേയും കർഷകത്തൊഴിലാളികളേയും പാവപ്പെട്ടവരേയുമാണെന്ന് പറയാതെ നിവൃത്തിയില്ല. സർ, തീർച്ചയായും ഈ ഗവൺമെൻറ് ചില നടപടികൾ സ്വീകരിച്ചിരുന്നു. ഞാൻ ചുരുക്കി പറയാം. കർഷകത്തൊഴിലാളികളുടെ ഭവനനിർമ്മാണത്തിൻെറ പ്രശ്നവും അവർക്ക് ഭൂമി കൊടുക്കുന്നതിനുള്ള നടപടികളും രണ്ടും തിരിച്ചു പറയുന്നു.-ഒരൊററകാര്യം പറയട്ടെ, കഴിഞ്ഞ എട്ടുപത്ത് വർഷങ്ങളായി ഈ സംസ്ഥാനത്ത് ഗവൺമെൻറ് കണക്കനുസരിച്ച് 30000 ഏക്കർ ഭൂമി ഈ നാട്ടിലെ ഹരിജനങ്ങൾക്ക് നഷ്ടപ്പെട്ടു. അതിൽ 1500 ഏക്കർ ഭൂമി കർഷകത്തൊഴിലാളികൾക്ക് ലഭിക്കാവുന്നത് ആദ്യമെടുത്ത് കൊടുക്കുമെന്ന് പറഞ്ഞാൽ ഈ നാട്ടിലെ സാധാരണ ഹരിജനങ്ങൾക്ക്, കാർഷികത്തൊഴിലാളികൾക്ക് ആ ഗവൺമെൻറ് ആരുടേതായാലും പിൻതാങ്ങാതെ നിർവ്വാഹമില്ല. രണ്ടാമത് ഇവിടെ പറയുന്നത് കേട്ടു, പത്തു മൂവായിരത്തോളം ട്രാൻസ്പോർട്ട് ജീവനക്കാരുടെ നിയമനം പബ്ലിക്ക് സർവ്വീസ് കമ്മീഷന് കൊടുത്തുവെന്ന്. അതിൽ ഞങ്ങൾ ഗവൺമെൻറിനെ അഭിനന്ദിക്കുകയാണ്.

[10 a.m.] ഇമ്പിച്ചിബാവ 'വിപ്ലവകരമായി' നടത്തിയ നിയമനങ്ങളുടെ ഫലമായി 300—ൽ അധികം വരുന്നപാവപ്പെട്ട ഹരിജനങ്ങൾക്ക് ജോലി ലഭിക്കാൻ കഴിയാതെപോയി. നിയമനം പബ്ലിക്സർവീസ് കമ്മിഷൻ മുഖേന നടത്തിയിരുന്നെങ്കിൽ കൂടുതൽ ഹരിജനങ്ങൾക്ക് ജോലി ലഭിക്കുമായിരുന്നു. ട്രാൻസ്പോർട്ടു കോർപ്പറേഷൻെറ നിയമനം പി. എസ്. സി. ക്കു വിടാൻ പോകുന്നു എന്നുപറയുന്നതിൽ സന്തോഷമുണ്ട്. ഭവനനിർമ്മാണത്തിൻെറ പ്രശ്നം സംബന്ധിച്ചും അതുതന്നെയാണ് സംഭവിച്ചത്. പത്തിരുപതു ലക്ഷം വരുന്ന വലിയ ജനവിഭാഗമാണ് കർഷകത്തൊഴിലാളികളായ ഹരിജനങ്ങൾ. അവരുടെ ഭവനനിർമ്മാണ പ്രശ്നത്തിനു പരിഹാരം കാണുകയെന്നത് ഐക്യമുന്നണി ഗവൺമെൻറിൻെറ ധാർമ്മികമായ ചുമതലയായിരുന്നു. നിങ്ങൾ അതു ശ്രദ്ധിച്ചില്ല. ഈ ഐക്യമുന്നണിഗവൺമെൻറ് കർഷകത്തൊഴിലാളികളുടെ പാർപ്പിടപ്രശ്നം പരിഹരിക്കുന്ന കാര്യത്തിന് സജീവമായ പരിഗണന നൽകിയിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തുമാത്രമല്ല ഇൻഡ്യയിലാകെയുള്ള തൊഴിലാളിവർഗ്ഗത്തിന് ആശാവഹമായ കാര്യമാണിത്. ഇൻഡ്യയിലാകെയുള്ള തൊഴിലാളിവർഗ്ഗം ഇക്കാര്യത്തിൽ ഈ ഗവൺമെൻറിൻെറ കൂടെയുണ്ടാകുമെന്നും ഈ ഗവൺമെൻറിനെ നിലനിറുത്തുമെന്നുമുള്ള കാര്യത്തിൽ എനിക്കു തർക്കമില്ല. ഞാൻ നിറുത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. രാമുണ്ണി: സർ, "നന്ദി പ്രമേയത്തിന്റെ അവസാന ഭാഗത്ത്, 'എന്നാൽ ഹരിജനക്ഷേമത്തിന്റെ നയം എന്തെന്നു വ്യക്തമാക്കാത്തതിൽ ഖേദിക്കുന്നു' എന്നു ചേർക്കുക" എന്ന ഭേദഗതിയാണ് ഞാൻ കൊടുത്തിരിക്കുന്നത്.

ഗവർണ്ണറുടെ പ്രസംഗം അടിമുതൽ മുടിവരെ വായിച്ചപ്പോൾ ഈ പ്രസംഗം, 'ഡെമോക്രാറ്റിക്സോഷ്യലിസ'ത്തിന്റെ വക്താക്കളായ ഇന്ദിരാ കോൺഗ്രസ്സിന്റെ ബോംബേ പ്രസംഗത്തിന്റെ ഒരു പതിപ്പായി എനിക്കു തോന്നി. കഴിഞ്ഞ 24 വർഷം ഇൻഡ്യ ഭരിച്ച് ഈ നാടു കുട്ടിച്ചോറാക്കിയശേഷം കഴിഞ്ഞ ബോംബേ കാൺഗ്രസ്സിൽ എല്ലാ തകരാറുകൾക്കും ഉത്തരവാദികൾ സിൻഡിക്കേറ്റുകാരാണെന്നു പറഞ്ഞ് കൈയൊഴിച്ച അതേ പ്രതീതിയാണ് ഈ പ്രസംഗം വായിച്ചപ്പോൾ എനിക്കുണ്ടായത്. നമ്പൂതിരിപ്പാടുഗവൺമെന്റിന്റെകൂടെ കഴിഞ്ഞ 31 മാസം 16 ദിവസം ഒന്നിച്ചുകഴിഞ്ഞവർ എല്ലാ തകരാറുകളുടെയും ഉത്തരവാദിത്വം നമ്പൂതിരിപ്പാടിന്റെ തലയിൽ ഇട്ടിട്ടുപോയി. സർ, ഈ പ്രസംഗം വായിച്ചപ്പോൾ എനിക്ക് ലജ്ജ തോന്നി. നന്ദിപ്രമേയത്തെ പിൻതാങ്ങുന്നുവെന്ന് അഭിപ്രായപ്പെട്ട ഓരോ മെംബറുടെയും പ്രസംഗം കേട്ടപ്പോഴും സഹതാപമാണ് എനിക്ക് തോന്നിയത്. ഇത്രയേറെ പിന്തിരിപ്പൻ എന്നു ഞങ്ങൾ കരുതിയിരുന്ന മുൻ ഗവൺമെന്റിനെ എന്തിനാണ് അവർ ഇതുവരെ താങ്ങിനിറുത്തിയത്? കേന്ദ്രത്തിലെ ഇന്ദിരാഗവൺമെന്റിനെപ്പോലെ ഒരു ന്യൂനപക്ഷ ഗവൺമെന്റാണിത്. ഈ നാട്ടിലെ വലതുകമ്മ്യൂണിസ്റ്റുപാർട്ടി, ഇടതുകമ്മ്യൂണിസ്റ്റു പാർട്ടി, ഐ. എസ്. പി. മുതലായ പാർട്ടികൾ കേന്ദ്രഗവൺമെന്റിനെ താങ്ങിനിറുത്തുന്നു; ഈ ഗവൺമെന്റിനെയും ഇത്തരം ആളുകൾതന്നെയാണ് താങ്ങിനിറുത്തുന്നതെന്നു കാണുന്നതിൽ എനിക്കു ഖേദമുണ്ട്. ഇൻഡ്യൻ കമ്മ്യൂണിസ്റ്റുപാർട്ടിയേയും ഞാൻ ആ കാര്യത്തിൽ എതിർക്കുകയാണ്. എസ്. എസ്. പി. ഈ ഗവൺമെന്റിനെ പ്രധാനമായും എതിർക്കുന്നത് ഇത് ഒരു ഗൂഢാലോചനയുടെ ഗവൺമെന്റാണെന്നു വിശ്വസിക്കുന്നതുകൊണ്ടാണ്.

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: ഇന്നു രാവിലത്തെ പത്രങ്ങൾ വായിച്ചപ്പോൾ നിങ്ങളുടെ പാർട്ടിയുടെ നില വ്യത്യസ്തമാണെന്നു കണ്ടു; അതു ശരിയല്ലേ?

ശ്രീ. എം. രാമുണ്ണി: കേട്ടില്ല.

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: അടുത്ത ദിവസം കൂടിയ എസ്. എസ്. പി. യുടെ കൺവെൻഷൻ, ഈ ഗവൺമെന്റിനെ എതിർക്കുകയില്ലെന്ന പ്രമേയം അംഗീകരിച്ചതായിട്ടാണ് പത്രത്തിൽ കണ്ടത്.

ശ്രീമതി കെ. ആർ. ഗൗരി: "നിങ്ങളുടെ പരിപാടി ഇന്നതായിരിക്കും" എന്നു പറഞ്ഞുകൊണ്ട് വലതുകമ്മ്യൂണിസ്റ്റു പാർട്ടിയും എം. എന്നും സ്റ്റേറ്റുമെന്റു പുറപ്പെടുവിക്കുന്നതു മുൻപുംകണ്ടിട്ടുണ്ട്.

ശ്രീ. എം. രാമുണ്ണി: നാളെ പ്രസംഗിക്കുന്ന എന്റെ നേതാക്കൻമാർ നില വിശദീകരിക്കുമെന്നുള്ളതുകൊണ്ടു ഞാൻ ആ ഭാഗത്തേക്കു കടക്കുന്നില്ല.

സർ, ഗൂഢാലോചനയിൽകൂടി ഉണ്ടായ ഒരു ഗവൺമെന്റ് എന്ന നിലയിലാണ് ഈ ഗവൺമെന്റിനെ ഞാൻ എതിർക്കുന്നത്. ഈ ഗവൺമെന്റ് ഇന്ദിരാകോൺഗ്രസ്സും വലതു കമ്മ്യൂണിസ്റ്റുപാർട്ടിയുമായി നടത്തിയ കൂട്ടുകെട്ടിന്റെ ജാരസന്തതിയാണെന്ന് ഞങ്ങൾ എടുത്തുപറയുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

പല ജാരസന്തതികളും നന്നാകാറുണ്ട്. പക്ഷേ ഈ ജാരസന്തതി നന്നായിട്ടില്ല; ജാരസന്തതികൾക്കുള്ള എല്ലാ ഭവിഷ്യത്തുകളോടുംകൂടിയാണ് ഇതു നിലനിൽക്കുന്നത്.

സർ, ഞാൻ പ്രമേയത്തിലേക്കു കടന്നു വരാം. ''ജനങ്ങളുടെ ക്ഷേമത്തിനുവേണ്ടി സാമൂഹ്യക്ഷേമവും ഹരിജനക്ഷേമവും വികസിപ്പിക്കുന്നതിന് എന്റെ ഗവൺമെന്റിന് അതിയായ താൽപര്യമുണ്ട്'' എന്നാണ് മലയാളത്തിൽ കിട്ടിയിരിക്കുന്ന ഗവർണ്ണറുടെ പ്രസംഗത്തിൽ കാണുന്നത്. ഹരിജനക്ഷേമം ജനങ്ങൾക്കുപകാരപ്രദമാക്കി വിപുലീകരിക്കാൻ ഗവൺമെന്റിനു താൽപര്യമുണ്ടെന്നു പറഞ്ഞാൽ എന്താണ് അർത്ഥമെന്ന് അറിഞ്ഞുകൂടാ. തർജ്ജിമയിൽ വന്ന തകരാറായിരിക്കുമെന്നു കരുതി ഇംഗ്ലീഷ് പതിപ്പു വായിച്ചു നോക്കിയിട്ട് അതിലും കാണുന്നത് ഇങ്ങനെയാണ്:

My Government are very much in interested in extending the Social Welfare and Harijan Welfare activities for the benefit of the people.

എന്താണ് ഇതുകൊണ്ടുദ്ദേശിക്കുന്നതെന്നു വ്യക്തമാകുന്നില്ല. എന്താണ് ഹരിജനക്ഷേമനയം? what is the harijan problem? അതു പഠിച്ചിട്ടുണ്ടോ? പഠിച്ചിരുന്നെങ്കിൽ സ്വാഭാവികമായും, ബുദ്ധിയുള്ള ഒരു ഗവർണ്ണറെക്കൊണ്ട് ഇങ്ങനെ പ്രസംഗിപ്പിക്കുകയില്ലായിരുന്നു.

ശ്രീ. പി. കെ. രാഘവൻ: മലയാളത്തിൽ പ്രസംഗിക്കണം.

ശ്രീ. എം. രാമുണ്ണി: ഗവർണ്ണറുടെ പ്രസംഗത്തിന്റെ തർജ്ജിമയിൽ വന്ന പിശകല്ല എന്നു കാണിക്കാനാണ്, ഇംഗ്ലീഷിലും പിശകുണ്ടെന്നു കാണിക്കാനാണ് വായിച്ചത്. ഇംഗ്ലീഷിൽ പ്രസംഗിക്കുകയല്ലായിരുന്നു.

ശ്രീ. ആർ. ഗോപാലകൃഷ്ണൻ നായർ: ഇംഗ്ലീഷിൽ സംസാരിക്കാൻ പാടില്ലെന്നു പറയുന്ന മെംബർ ഇംഗ്ലീഷ് വായിക്കുന്നതോ?

ഡെ. സ്പീക്കർ: വിശദീകരിച്ചുകഴിഞ്ഞു.

ശ്രീ. എം. രാമുണ്ണി: സർ, ഈ ഗവൺമെന്റു വന്നശേഷം ചെയ്ത ഓരോ പരിപാടിയും ഹരിജനക്ഷേമ പ്രവർത്തനങ്ങൾ ജനോപകാരപ്രദമാക്കാൻ ശ്രമിക്കുകയാണെങ്കിൽ, അതെങ്ങനെയാണെന്ന് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. ഇവർ ഒരു ബ്ലണ്ടർലാൻഡിൽ ആണ് ചെന്നുനിൽക്കുന്നതെന്നു കാണാം. ഈ ഗവൺമെന്റു നിലവിൽവന്നശേഷം ആദ്യം ചെയ്തത് ഒരു ഹരിജനെ റിവർട്ടുചെയ്യുകയായിരുന്നു. റവന്യൂബോർഡിലെ തേവൻ എന്ന ഒരു ഹരിജനെ റിവർട്ടുചെയ്തു. അതാണ് ആദ്യം ചെയ്തത്. അതിനുശേഷം ഈ ഗവൺമെന്റു നടത്തിയ പല നിയമനങ്ങളിലും ഹരിജനങ്ങൾക്ക് പ്രാതിനിധ്യം കൊടുത്തിട്ടില്ല എന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. കഴിഞ്ഞ 22 കൊല്ലക്കാലത്ത് ഈ സംസ്ഥാനം ഭരിച്ച ഒരു ഗവൺമെന്റും ഹരിജനങ്ങളോടു നീതി കാണിച്ചിട്ടില്ല. അതിന്റെ ഫലമായി ഒരു അഗ്നിപർവ്വതത്തിന്റെ മുകളിലാണ് ഇന്നു കേരളത്തിൽ ഹരിജനങ്ങൾ നിൽക്കുന്നത് എന്നു ഗവൺമെന്റിനു മുന്നറിയിപ്പുനൽകാൻ ഞാനാഗ്രഹിക്കുകയാണ്. ഗവൺമെന്റ് ഒരു കമ്മിററിയെ ഉണ്ടാക്കിയിട്ടുണ്ടെന്നു പറയുകയുണ്ടായി. കഴിഞ്ഞ ആറു മാസമായി കമ്മിററി കൂടിയിട്ടില്ല. അതിനെപ്പററി മനസ്സിലായ ഉടനെ ഞാൻ ശ്രീ. അച്യുതമേനോനെ ഫോണിൽ വിളിച്ചു സംസാരിച്ചു. അപ്പോൾ അദ്ദേഹം ചാർജ്ജെടുത്തിട്ടേ ഉണ്ടായിരുന്നുള്ളു. അതിനാൽ കാര്യങ്ങൾ നല്ലപോലെ പരിചയമില്ലായിരുന്നു. എന്നാൽ ഇന്നുവരെ യാതൊന്നും ചെയ്തിട്ടില്ല. ഹരിജനങ്ങളുടെ സംവരണ

LIBRARY ARCHIVES Kerala Legislative Assembly

പ്രശ്നത്തെ സംബന്ധിച്ചിടത്തോളം ഈ സഭയിൽത്തന്നെ ആവർത്തിച്ചു ഉറക്കെ ആവശ്യപ്പെട്ടിട്ടുള്ള കാര്യമാണ്, മുൻപ് സഭാംഗമായിരുന്ന ഗൗരി അമ്മ തന്നെ പറഞ്ഞിട്ടുള്ളതാണ് എന്തുവേണമെങ്കിലും ചെയ്യാമെന്ന്. അങ്ങനെ അഷ്വറൻസായി അതൊക്കെ നിലനിൽക്കുന്നുണ്ട്. അതെങ്കിലും പ്രാവർത്തികമാക്കാൻ തയ്യാറാകണം. ഹരിജനങ്ങളെ സംബന്ധിച്ചിടത്തോളം ഈ സംവരണപ്രശ്നങ്ങൾ ഒന്നുകൂടി പുനരവലോകനം ചെയ്തുകൊണ്ട് ഹരിജനങ്ങൾക്ക് മതിയായ പ്രാതിനിധ്യം കിട്ടത്തക്ക നിലയിൽ വേണ്ട ഭേദഗതികൾ സർവീസ് റൂളിൽ കൊണ്ടുവരണമെന്ന് പറയുകയുണ്ടായി. അതൊന്നും ചെയ്തിട്ടില്ല. അതു ചെയ്യണമെങ്കിൽ, ഇന്നു സെക്രട്ടേറിയററിൽ മാത്രമല്ല ഈ ഗവൺമെൻറിലാകെത്തന്നെയുള്ള സൌറാപ്പിൽ സ്വർണ്ണഹിന്ദുക്കളുടെ മേധാവിത്വം അവസാനിക്കണം. അല്ലാതെ, അച്യുതമേനോൻ ഭരിച്ചാലും നമ്പൂതിരിപ്പാടു ഭരിച്ചാലും നടക്കുകയില്ല. സവർണ്ണമേധാവിത്വത്തോടുകൂടി, ഐ. എ. എസ്സുകാരും ഐ. പി. എസ്സുകാരും കൂടി നടത്തുന്ന ഭരണത്തിൽ ഹരിജനങ്ങൾക്കുവേണ്ടിയുള്ള നടപടികളൊന്നും ആത്മാർത്ഥമായി നടക്കുകയില്ല. ഇതിനൊരു മാററം വരുത്താൻ നിങ്ങൾ തയ്യാറാകുമോ എന്നാണ് എനിക്കു ചോദിക്കാനുള്ളത്. അല്ലെങ്കിൽ പാവപ്പെട്ടവന് നീതി ലഭിക്കുകയില്ല.

ശ്രീ. പി. കെ. രാഘവൻ: അതുകൊണ്ടാണോ രാജ്യസഭാ ഡെപ്യൂട്ടി ചെയർമാൻ സ്ഥാനത്തേക്ക് ഖോബ്രഗാഡെയെ എതിർത്തത്?

ശ്രീ. എം. രാമുണ്ണി: ഖോബ്രഗാഡെയെ തിരഞ്ഞെടുത്തതിനെപ്പററി വലതുകമ്മ്യൂണിസ്ററുകാരനായ ശ്രീ. പി. കെ. രാഘവൻ വായിച്ചിരുന്നെങ്കിൽ ഇങ്ങനെ പറയുകയില്ലായിരുന്നു. പാനൽകൊടുത്തതിൽ ഖോബ്രഗാഡെ ഏററവും ഒടുവിലുള്ള ആളായിരുന്നു. വലതുകമ്മ്യൂണിസ്ററു പാർട്ടി ഒടുവിലായിരുന്നു ഖോബ്രഗാഡെയെ പിൻതാങ്ങിയത്.

ശ്രീ. സി. അച്യുതമേനോൻ: എസ്. എസ്. പി. വോട്ടു ചെയ്തത് ഗൗരെമുരഹരിക്കല്ലായിരുന്നോ; ഖോബ്രഗാഡെക്ക് എതിരായിട്ടല്ലേ വോട്ടു ചെയ്തത്.

ശ്രീ. എം. രാമുണ്ണി: അതെ. വലതുകമ്മ്യൂണിസ്ററുപാർട്ടി പ്രതിപക്ഷങ്ങളുമായി യോജിച്ച് നിറുത്തിയിരുന്നെങ്കിൽ ആ സ്ഥാനാർത്ഥിക്ക് എസ്. എസ്. പി. പരിപൂർണ്ണമായ പിൻതുണ കൊടുക്കുമായിരുന്നു. ആദ്യം വലതുകമ്മ്യൂണിസ്ററുപാർട്ടി ഖോബ്രഗാഡെയെ അല്ല സ്ഥാനാർത്ഥിയായി തിരഞ്ഞെടുത്തത്. വേറെ ആളെ ആയിരുന്നു. അവസാനമാണ് അദ്ദേഹത്തെ കൊണ്ടുവന്നത്. ഞങ്ങളുടെ പാർട്ടി ആർക്കു പിൻതുണ നൽകുമെന്നു ഡിക്ലെയർചെയ്തശേഷമാണ് ഖോബ്രഗാഡെയെ തിരഞ്ഞെടുത്തത്.

ശ്രീ. ജെ. എ. ചാക്കോ: സർ, ഗവർണ്ണറുടെ പ്രസംഗത്തിന് ശ്രീ. പി. രാമുണ്ണിക്കുറുപ്പ് ഇവിടെ അവതരിപ്പിച്ചിരിക്കുന്ന നന്ദി പ്രമേയത്തെ ഞാൻ സർവ്വാത്മനാ അനുകൂലിക്കുകയാണ്. ഗവർണ്ണറുടെ പ്രസംഗത്തിൽ എല്ലാം ഉൾക്കൊള്ളിച്ചിട്ടില്ലെന്നുള്ള ഒരു ആരോപണം പ്രതിപക്ഷത്തുള്ള പല ബഹുമാന്യമെമ്പറൻമാരും ഉയർത്തുകയുണ്ടായി. ഈ ഗവൺമെൻറ് ഒരു വർഷക്കാലം ചെയ്യാൻപോകുന്ന കാര്യങ്ങളെ സംബന്ധിച്ചുള്ള വിപുലമായ ഒരു രൂപമാണ് ഗവർണ്ണറുടെ പ്രസംഗത്തിൽ ഉൾകൊള്ളിക്കാൻ കഴിയുക. അത് എത്രയും സമർത്ഥമായി ഉൾക്കൊള്ളിക്കുകയും ചെയ്തിട്ടുണ്ട്. എനിക്ക് മുമ്പ് പ്രസംഗിച്ച ബഹുമാനപ്പെട്ട രാമുണ്ണി ഹരിജനോദ്ധാരണത്തെപ്പററി

2/3002/MC

LIBRARY ARCHIVES Kerala Legislative Assembly

യാതൊന്നുംതന്നെ ഗവർണ്ണറുടെ പ്രസംഗത്തിൽ പറഞ്ഞിട്ടില്ലെന്ന് ഒരു പാരഗ്രാഫ് വായിച്ചുകൊണ്ട് ഉന്നയിക്കുകയുണ്ടായി. അദ്ദേഹം ആ പാരഗ്രാഫ് മുഴുവനും വായിച്ചിരുന്നുവെങ്കിൽ ഹരിജനോന്നമനത്തിനു വേണ്ടിയും, ഹരിജനങ്ങൾക്ക് ഭൂമി വിതരണംചെയ്യുന്ന കാര്യങ്ങളെസംബന്ധിച്ചുമെല്ലാം ഗവൺമെൻറ് ചെയ്യാൻപോകുന്ന കാര്യങ്ങളെകുറിച്ച് സവിസ്തരം പ്രതിപാദിച്ചിട്ടുള്ളത് കാണാമായിരുന്നു. അത് വായിക്കാൻ മറന്നുപോയത് വളരെയധികം ഖേദകരമായിപ്പോയി. ഈ ഗവൺമെൻറ് ജാരസന്തതിയാണെന്നും, പിൻവാതിലിൽക്കൂടി വന്നതാണെന്നും, ഈ ഗവൺമെൻറിന് ഭൂരിപക്ഷമില്ലെന്നും ആരോപണം ഉന്നയിക്കുന്ന മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടിയും അവരുടെ വാദഗതികളുമായി യോജിക്കുന്ന സംയുക്ത സോഷ്യലിസ്ററ് പാർട്ടിയും ഈ ഗവൺമെൻറ് വന്നതെങ്ങനെയാണെന്ന് വസ്തുനിഷ്ഠമായി വിശകലനം ചെയ്യേണ്ടതാണ്. യാതൊരു അവിശ്വാസപ്രമേയവും പാസാക്കാത്ത സാഹചര്യത്തിൽ ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് ഇവിടെ പ്രസിഡൻറ് ഭരണം ആവശ്യമുണ്ടായിരുന്നു എങ്കിൽ അതിനുവേണ്ടി ഗവർണ്ണറോട് ശുപാർശ ചെയ്യാമായിരുന്നു.

ശ്രീമതി. കെ. ആർ. ഗൗരി: ശ്രീ. കെ. എം. ജോർജ് എങ്ങിനെ ഇപ്പോൾ മന്ത്രിയായി? ജനങ്ങൾ മന്ത്രിയാകുന്നതിന് വേണ്ടി തിരഞ്ഞെടുത്തത് തന്നെയാണോ?

ശ്രീ. ജെ. എ. ചാക്കോ: സർ, ഞാൻ വഴങ്ങുന്നില്ല. ഇന്നത്തെ ഗവൺമെൻറ് രൂപീകരിക്കുന്നതിന് മററ് കക്ഷികൾ മുന്നോട്ട് വന്നപ്പോൾ, ഈ ഗവൺമെൻറ് ജാരസന്തതിയാണെന്നും ഈ ഗവൺമെൻറിന് ഭൂരിപക്ഷമില്ലെന്നും പറയുന്നതിൽ അർത്ഥമില്ല. ഈ ഗവൺമെൻറിന് ഭരിക്കാനുള്ള ഭൂരിപക്ഷം ഉണ്ടോയെന്ന് തെളിയിക്കാൻ പോകുകയാണ്. അത് ഈ ഗവൺമെൻറ് തെളിയിക്കുകയും ചെയ്യും. പിന്നെ ഈ ഗവൺമെൻറ് ന്യൂനപക്ഷ ഗവൺമെൻറാണെന്നും ജാരസന്തതിയാണെന്നും പറയുന്നതിൽ അർത്ഥമില്ല. ഈ ഗവൺമെൻറ് അധികാരത്തിൽ വന്നപ്പോൾ പ്രകടമായ മാററങ്ങൾ ഉണ്ടായിയെന്നുള്ളത് ജനാധിപത്യകക്ഷികൾ വിളിച്ച് കൂകുന്നുണ്ട് ശ്രീ. നമ്പൂതിരിപ്പാടിന്റെ ഭരണകാലത്ത് ജനങ്ങൾക്ക് സമാധാനപരമായി വഴിയെ നടക്കാനുള്ള സാഹചര്യം ഇല്ലായിരുന്നു. എന്നാൽ ഇന്നാണെങ്കിൽ ജനങ്ങൾക്ക് സൈ്വരമായും സമാധാനപരമായും സഞ്ചരിക്കുന്നതിനും ജീവിക്കുന്നതിനും സാധിക്കുന്നുണ്ട്. ഇത് ഈ ഗവൺമെൻറിന്റെ അഞ്ജേയററത്തെ ഒരു നേട്ടമാണെന്നുള്ളതിൽ യാതൊരു തർക്കവുമില്ല. ഈ ഗവൺമെൻറിനെ അട്ടിമറിക്കുന്നതിന് വേണ്ടി ഏത് പെകുത്താനുമായി കൂട്ടുചേരുന്നതിനും മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടി തയ്യാറായിരിക്കുകയാണ്. പ്രതിപക്ഷത്തിന്റെ ചുമതല എപ്പോഴും ഭരിക്കുന്ന കക്ഷിയെ പരാജയപ്പെടുത്തുകയെന്നുള്ളതാണ്. അതിൽ ആർക്കുംതന്നെ സങ്കടമോ പരാതിയോ ഇല്ല. ഈ രാജ്യത്ത് ആഭ്യന്തര വിപ്ലവം ചെറിയ ചെറിയ വിപ്ലവങ്ങളും നടത്തി ഈ രാജ്യത്തെ ജനങ്ങളുടെ സമാധാനപരമായ ജീവിതത്തെ നശിപ്പിച്ച് വിപ്ലവത്തിൽക്കൂടി അധികാരം പിടിച്ചെടുക്കാമെന്നാണ് മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടിയും അവരുടെ അനുയായികളും വിചാരിക്കുന്നതെങ്കിലും അതിവിടെ നടക്കാൻ പോകുന്നില്ലെന്നാണ് എനിക്ക് അവരോട് പറയുവാനുള്ളത്. ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനു ശേഷം ഈ രാജ്യത്ത് ഉടനീളം മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടി വാരിക്കുന്തം ഉപയോഗിച്ചും പടക്കം പൊട്ടിച്ചും ആസ്പഡ് ബോംബ് എറിഞ്ഞും പല ആക്രമണങ്ങളും നടത്തിവരികയാണ്. കുററ്യാടി സംഭവത്തെ സംബന്ധിച്ച് നമുക്കെല്ലാവർക്കുംതന്നെ അറിയാവുന്നതാണ്. നമ്മുടെ ആഭ്യന്തരമന്ത്രി ശ്രീ. സി. എച്ച്. മുഹമ്മദ്കോയ മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടിയിലെ ഒരു പ്രമുഖ വ്യക്തിക്ക് ഒരു ഇൻറർവ്യൂവിന്

LIBRARY ARCHIVES Kerala Legislative Assembly

അനുവാദം കൊടുത്തപ്പോൾ അദ്ദേഹത്തിന്റെ നേരെ ആസിഡ് ബോംബ് എറിഞ്ഞത് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. ഇത്തരത്തിലുള്ള എന്തെങ്കിലും സംഭവങ്ങളുണ്ടായാൽ ആദ്യം അവർ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ ആരുമല്ലെന്ന് പറയുകയും കാര്യങ്ങൾ തെളിയിച്ചുകൊണ്ടുവരുമ്പോൾ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയിൽപ്പെട്ടവരാണെന്നും പറയുകയും ചെയ്യേണ്ട ഗതികേടാണ് ഉണ്ടായിരിക്കുന്നത്. എന്റെ നിയോജക മണ്ഡലത്തിൽ ഒരു വീട്ടിൽ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി പടക്കം എറിഞ്ഞ സംഭവമുണ്ടായി. ഇതുപോലെ എത്രയെത്ര സംഭവങ്ങളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. അതിനെ സംബന്ധിച്ചുള്ള കേസുകളും നിലവിലുണ്ട്. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകൻമാർ ജാഥയായി ചെന്ന് സമാധാനമായി വീടുകളിൽ കിടന്നുറങ്ങുന്നവരെ ആക്രമിക്കുകയും വീടുകൾ കൈയ്യേറുകയും ചെയ്യുകയാണ്. ഇത്തരത്തിൽ വിപ്ലവത്തിൽകൂടി അധികാരം പിടിച്ചെടുക്കാമെന്ന് വ്യാമോഹിക്കുകയാണെങ്കിൽ അത് നടപ്പില്ലായെന്ന് അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

സർ, ഇന്ന് പലരും പോലീസുകാരുടെ മർദ്ദനത്തെ സംബന്ധിച്ച് പറയുകയുണ്ടായി. ഇന്ന് ഈ സംസ്ഥാനത്ത് പോലീസ് excesses സാർവ്വത്രികമായി നടക്കുകയാണെന്ന് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റുകാർ കൊട്ടിഘോഷിക്കുകയാണ്. ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് തന്നെ മുമ്പൊരിക്കൽ പറഞ്ഞിട്ടുണ്ട് പോലീസുകാരും മനുഷ്യരാണ് അവരെ അടിച്ചാൽ അവരും തിരിച്ചടിക്കുമെന്ന്. ശ്രീ. നമ്പൂതിരിപ്പാടിന്റെ കാലത്ത് പോലീസ് ആക്രമണമുണ്ടായാൽ ഇങ്ങനെ പറഞ്ഞ് ന്യായീകരിക്കുകയും ശ്രീ. സി. എച്ച്. മുഹമ്മദുകോയ ആഭ്യന്തരമന്ത്രിയായപ്പോൾ പോലീസിനെ ആക്രമിച്ചാൽ അതിനെ ബദലായി പോലീസുകാർ അടിയ്ക്കുകയാണെങ്കിൽ അത് പോലീസ് മർദ്ദനമായി കണക്കാക്കുന്നത് മനസ്സിലാക്കാൻ സാധിക്കുന്നില്ല. ഇന്ന് എന്റെ സ്നേഹിതൻമാർ പല സംഭവങ്ങളും പറയുകയുണ്ടായി. എന്താണ് അതിനുള്ള കാരണമെന്ന് വസ്തുനിഷ്ഠമായി പരിശോധിക്കാൻ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റുകാർ തയാറാകണം. ഈ രാജ്യത്ത് സമാധാനപരമായ അന്തരീക്ഷം മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ഉണ്ടാക്കുകയാണെങ്കിൽ ഇവിടെ പോലീസ് excesses ഉണ്ടാകുകയില്ല. ചങ്ങനാശേരിയിൽ പറാലയിൽ നടന്നസംഭവത്തെപ്പററി ഇവിടെ പലരും വിവരിക്കുകയുണ്ടായി. എന്തുകൊണ്ടാണ് പറാല സംഭവമുണ്ടായത്? അതിനെപ്പററി മാക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ആത്മാർത്ഥമായി ചിന്തിക്കണം. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പ്രവർത്തകർ പ്രകോപനപരമായി പാഞ്ഞ് ചെന്ന് പ്രകടനം നടത്തുകയും ആക്രമണം നടത്തുകയും ചെയ്തപ്പോൾ മററുള്ളവർ പ്രകോപിതരായി അവിടെയുള്ള വീടുകൾ തീവെച്ചു എന്നുള്ളത് ശരിയാണ്. അങ്ങനെയുള്ള അക്രമണ പ്രവർത്തനങ്ങളിലേക്ക് വഴിതെളിക്കുന്ന സാഹചര്യം ഒരുരാഷ്ട്രീയ പാർട്ടി ഉണ്ടാക്കാതെയിരുന്നാൽ സമാധാനപരമായ അന്തരീക്ഷം ഈ രാജ്യത്ത് ഉണ്ടാകും. സ മാ ധാ ന പ ര മാ യ ഒരന്തരീക്ഷം രാജ്യത്തുണ്ടാകാതെ വടിവാളും, കഠാരിയും, പടക്കവും, ആസിഡ് ബോംബുമെല്ലാം ഉപയോഗിച്ച് അക്രമപ്രവർത്തനം നടത്തി ഈ രാജ്യത്തെ ഭരണം പിടിച്ചെടുക്കാമെന്നാണ് വ്യാമോഹിക്കുന്നതെങ്കിൽ നിങ്ങളുടെ അടിയും തല്ലും പേടിച്ച് പുറകോട്ട് പോകുന്നവരല്ല കേരളത്തിലെ ജനങ്ങളെന്ന് മനസ്സിലാക്കാനുള്ള സൻമനോഭാവം എങ്കിലും മാർക്സിസ്റ്റ് പാർട്ടിയും അവരെ അനുകൂലിക്കുന്ന ജനങ്ങളും കാണിക്കണം. അടിച്ചാൽ തിരിച്ചടിക്കുന്നതിന് മർദ്ദനമാണെന്ന് പറയുന്നത് മനസ്സിലാക്കാൻ സാധിക്കുന്നില്ല. അതുപോലെ തന്നെ സി. ആർ. പി.യെ ഇവിടെ കൊണ്ടുവന്നതിനെപ്പററി പല ആക്ഷേപങ്ങളും മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പ്രചരിപ്പിക്കുകയുണ്ടായി. മാർക്സിസ്റ്റ് പാർട്ടി നേതാവായ ജ്യോതിബാസു പശ്ചിമ ബംഗാളിൽ

LIBRARY ARCHIVES Kerala Legislative Assembly

ആഭ്യന്തരമന്ത്രിയായി ഭരണം നടത്തുകയാണ്. അവിടെ സി. ആർ. പി. യെ മാത്രമല്ല പട്ടാളക്കാരെക്കൂടി ഇറക്കി അവിടത്തെ ജനങ്ങളെ അടിച്ച് ഒതുക്കിയ കാര്യം നാം പത്രങ്ങളിൽ കണ്ടതല്ലേ? മാർക്സിസ്ററ് മന്ത്രി പട്ടാളക്കാരെ ഇറക്കി ജനസംഘക്കാരെ അടിച്ച് ഒതുക്കിയാൽ അത് പോലീസ് രാജല്ലെന്നും ഇവിടെ പോലീസ്‌രാജാണെന്നും പറയുന്നതിന്റെ അർത്ഥം എന്താണെന്ന് മനസ്സിലാകുന്നില്ല.

സർ, ഇന്ന് കുട്ടനാടൻ പാടശേഖരങ്ങളിൽ കൃഷി ഇറക്കുന്നതിനും വിളവെടുക്കുന്നതിനും ആവശ്യമായ സമാധാനപരമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടി തയാറുണ്ടോ? പാടശേഖരങ്ങളിൽ അക്രമപ്രവർത്തനങ്ങൾ നടത്തുകയാണെങ്കിൽ എങ്ങിനെയാണ് കൃഷി വർദ്ധിപ്പിക്കുന്നത്. എങ്ങനെയാണ് ജനങ്ങൾക്ക് ക്ഷേമം കൈവരുത്തുന്നത് പക്ഷേ മാർക്സിസ്ററ് നേതൃത്വത്തെ സംബന്ധിച്ചിടത്തോളം ഇവിടെ സമാധാനപരമായ അന്തരീക്ഷം ഉണ്ടായിരിക്കണമെന്നും, ഇവിടത്തെ കാർഷികോൽപ്പാദനം വർദ്ധിപ്പിക്കണമെന്നും, ഇവിടുത്തെ ജനങ്ങൾക്ക് ക്ഷേമം കൈവരുത്തണമെന്നും അല്ല ആഗ്രഹം. നേരേമറിച്ച് ഏതെങ്കിലും ചെകുത്താനേയും കൂട്ടുപിടിച്ചുകൊണ്ട് ഈ രാജ്യത്ത് ആഭ്യന്തര വിപ്ളവം സൃഷ്ടിക്കണമെന്നും, ഈ രാജ്യത്തെ കുട്ടിച്ചോറാക്കണമെന്നും ഈ രാജ്യത്തെ ഭരണത്തെ തകർക്കണമെന്നും ആഗ്രഹിക്കുന്നവരാണ് മാർക്സിസ്ററ് കമ്മ്യൂണിസ്ററ്കാർ.

ഭൂപരിഷ്ക്കരണ നിയമം ഈ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് കേരളാ കാൺഗ്രസ്സുകാർ എതിരാണെന്നുള്ള ഒരു പ്രചരണം മാർക്സിസ്ററ് കമ്മ്യൂണിസ്ററ്കാർ നടത്തിയിട്ടുണ്ട്. ഒരു കാലത്തും ഭൂ പരിഷ്കരണ നിയമം നടപ്പിലാക്കുന്നതിന് കേരളാ കാൺഗ്രസ്സുകാർ എതിരായിരുന്നിട്ടില്ല. ഈ രാജ്യത്ത് ഭൂ നയം നടപ്പാക്കുന്നതിനെ സംബന്ധിച്ചിടത്തോളം കേരളാ കോൺഗ്രസ്സിന്റെ നിലപാടെന്താണെന്ന് വസ്തുനിഷ്ഠമായി മനസ്സിലാക്കാൻ കഴിയാത്തതുകൊണ്ടാണ്. വസ്തുതകളുമായി പൊരുത്തമില്ലാത്ത ഇത്തരം പ്രചരണം ആരും ആരെപ്പററിയും നടത്തുന്നത് ശരിയല്ല. ഇവിടെ കൊണ്ടുവന്ന ഭൂ പരിഷ്ക്കരണ നിയമത്തിലെ പല വകുപ്പുകളും ഭരണഘടനാ വിരുദ്ധമാണെന്നും, അതുകൊണ്ട് ഈ നിയമം പാസ്സാക്കിയാൽ ഈ സ്റേറററിലെ വൻകിട ഭൂസ്വാമികൾ കോടതിയെ സമീപിച്ച് ഈ നിയമത്തിന്റെ പരിധിയിൽനിന്നും രക്ഷപ്പെടുമെന്നും, അതുകൊണ്ട് ഈ നിയമം നടപ്പിലാക്കുന്നതിന് ആവശ്യമായ ഭേദഗതികൾ വരുത്തണമെന്നുമാണ് ഞങ്ങൾ പറഞ്ഞിട്ടുള്ളത്. ഭൂ നിയമം മുഴുവനായി നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ ഇപ്പോൾ എടുത്തുകൊണ്ടിരിക്കുകയാണ്.

ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർക്ക് അനുവദിച്ചിട്ടുള്ള സമയം തീർന്നു. ഇനി ശ്രീ. വി. എസ്. അച്ചുതാനന്ദന് സംസാരിക്കാം.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, ഗവർണ്ണറുടെ പ്രസംഗത്തിന് ശ്രീ.പി.ആർ. കുറുപ്പ് ഇവിടെ അവതരിപ്പിച്ചിരിക്കുന്ന കൃതജ്ഞതാപ്രമേയത്തെ ഞാൻ ശക്തിയായി എതിർക്കുന്നു. എന്റെ ചില സ്നേഹിതൻമാർ കൃതജ്ഞതാ പ്രമേയത്തിന്റെ പിന്നിലുള്ള ഉദ്ദേശത്തെ സംബന്ധിച്ച് വളരെ സരസമായി വിവരിച്ചത് വളരെ ശ്രദ്ധയോടുകൂടി ഞാൻ കേട്ടുകൊണ്ടിരിക്കുകയായിരുന്നു. ഈ കൃതജ്ഞതാ പ്രമേയത്തിന് ആധാരമായിട്ടുള്ള ഗവർണ്ണറുടെ പ്രസംഗത്തിൽ ഈ ഗവൺമെൻറ് 75 ദിവസത്തിനു ശേഷം തുടർന്ന് എടുക്കാൻ പോകുന്ന പരിപാടിയുടെ രൂപരേഖയാണ് ഉള്ളത്. ആ രൂപരേഖയിൽ തങ്ങൾ എടുക്കാൻ പോകുന്നു എന്ന് നിർദ്ദേശിച്ചിരിക്കുന്ന പ്രധാനപ്പെട്ട പല കാര്യങ്ങളും പറയുന്നുണ്ട്. അതിനെ സംബന്ധിച്ച് എന്റെ സ്നേഹിതൻമാർ ഓരോരുത്തരായി ഞങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തിയി

LIBRARY ARCHIVES Kerala Legislative Assembly

ട്ടുണ്ട്. ഗവർണ്ണറുടെ പ്രസംഗത്തിൽ പ്രധാനമായി ചൂണ്ടിക്കാണിച്ചിട്ടുള്ള ഒന്നുരണ്ട് സംഗതികൾ ഈ സഭയുടെ സവിശേഷമായ ശ്രദ്ധയ്ക്കും ഈ രാജ്യത്തെ ജനങ്ങളുടെ ഗൗരവഹമായ പഠനത്തിനും വിധേയമാക്കേണ്ടതാണ്. ഒന്നാമതായി ഗവർണ്ണറുടെ പ്രസംഗത്തിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള കാർഷിക സമ്പദ്‌വ്യവസ്ഥയിൽ കഴിഞ്ഞ കാലത്തുണ്ടായിട്ടുള്ള നേട്ടങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ടും ഭാവിയിൽ അതേപടി മുന്നോട്ടുകൊണ്ടുപോകണമെന്നും പ്രസ്താവിച്ചിട്ടുണ്ട്. പ്രധാനമായിട്ടും പറഞ്ഞിട്ടുള്ളത് കാർഷികരംഗത്തെ യന്ത്രവൽക്കരണത്തെ സംബന്ധിച്ചാണ് ട്രാക്ടറൈസേഷൻ നടപ്പിലാക്കിയതിന്റേയും ബഹുമുഖമായ പദ്ധതികളുടെ നേട്ടങ്ങളെ സംബന്ധിച്ചുമെല്ലാം പറഞ്ഞിട്ടുണ്ട്. ഇതിനുള്ള കാരണമെന്താണെന്ന് വച്ചാൽ വഞ്ചനാമുന്നണി ഗവൺമെന്റിന്റെ പിന്നിൽ വളരെ പ്രചാരകനായി നടന്ന ശ്രീ. എം. എൻ. ഗോവിന്ദൻ നായർ കഴിഞ്ഞ 31 മാസക്കാലം കൃഷി വകുപ്പ് മന്ത്രിയായിരുന്നു. അന്ന് അദ്ദേഹം കാർഷികമേഖലയിൽ യന്ത്രവൽക്കരണംകൊണ്ട് വരുത്തിയ വിപ്ലവങ്ങളുടെ മാഹാത്മ്യത്തെപ്പററി ഗവർണ്ണറെക്കൊണ്ട് സൂചിപ്പിക്കുവാൻ അദ്ദേഹം മറന്നുപോയില്ല. കഴിഞ്ഞ 31 മാസക്കാലത്ത് അദ്ദേഹം നടത്തിയ യന്ത്രവൽക്കരണം ട്രാക്ടറൈസേഷൻ തുടങ്ങിയ നടപടികൾ കൊണ്ട് ആരെയാണ് സഹായിച്ചിട്ടുള്ളതെന്ന് ഈ നാട്ടിലെ ജനങ്ങൾ മനസ്സിലാക്കിയിട്ടുണ്ട്. വലിയ വലിയ കാർഷിക മുതലാളിമാരേയും കുട്ടനാട്ടിലെ വൻകിട കർഷക മുതലാളിമാരേയും ചേർത്തലയിലെ പറായി തരകനെപ്പോലുള്ള വമ്പൻ ഭൂ ഉടമകൾക്ക് നിർലോഭമായി ട്രാക്ടർ വാങ്ങാം. പക്ഷെ പാവപ്പെട്ട കർഷകത്തൊഴിലാളികൾ നൂററാണ്ടുകളായി കലപ്പയും കന്നുമായി നടന്നാണ് തങ്ങളുടെ ജീവിതം കഴിക്കുന്നത്. അങ്ങിനെയുള്ള നൂറുകണക്കിന് കർഷകത്തൊഴിലാളികളുടെ വയററത്തടിച്ചുകൊണ്ട് കാർഷിക മേഖലയിലെ വൻകിട കാർഷികമുതലാളിമാരെ സഹായിക്കുവാൻ മാത്രമേ ഈ പദ്ധതികൾകൊണ്ട് പ്രയോജനപ്പെട്ടിട്ടുള്ളു. സാഹസികമായ ഈ പരിപാടികൾക്ക് നിർലോഭമായ പിന്തുണ ചില പത്രങ്ങളിൽ നിന്നും ചില കേന്ദ്രങ്ങളിൽനിന്നും കിട്ടിയിട്ടുണ്ട്. ശ്രീ. എം. എൻ. ഗോവിന്ദൻനായർ കുട്ടനാട്ടിലെ ഒരു പ്രമുഖകുടുംബത്തിൽ നിന്നാണ് വിവാഹം കഴിച്ചിട്ടുള്ളത്. ചാലയിൽ പണിക്കരുടെ കുടുംബത്തിൽ നിന്നുമാണ് വിവാഹം കഴിച്ചിട്ടുള്ളത്. അതിൽ ആർക്കും പരാതി കാണുകയില്ല. അദ്ദേഹം അദ്ദേഹത്തിന് അനുയോജ്യമായ വധുവിനേയും അനുയോജ്യമായ കുടുംബത്തേയും തെരഞ്ഞെടുത്തതിൽ ആർക്കും ആരോടും ആക്ഷേപമോ സങ്കടമോ ഇല്ല. എന്നാൽ ഒരു കമ്മ്യൂണിസ്ററുകാരനായ ശ്രീ. എം. എൻ. ഗോവിന്ദൻ നായർ കന്ന് കന്നിൻകൂട്ടത്തിലേക്ക് പോയതുപോലെ കുട്ടനാട്ടിലെ ഒരു വൻകിട കാർഷികമുതലാളിയായ ചാലയിൽ പണിക്കരുടെ കാർഷിക മുതലാളിത്വത്തിന്റെ സ്വഭാവത്തിലേക്ക് പോയതിലാണ് ഈ നാട്ടിലെ പാവപ്പെട്ട ജനങ്ങൾക്ക് ആക്ഷേപം. മുരുക്കന്റേയും, പറായിൽ തരകന്റേയും. ചാലയിൽ പണിക്കരുടേയും മങ്കൊമ്പ് സ്വാമിയുടേയും മുക്തകണ്ഠമായ പ്രശംസയ്ക്ക് ശ്രീ. എം. എൻ. ഗോവിന്ദൻ നായർ പാത്രീഭൂതനായി എന്ന കാര്യം എല്ലാവർക്കും അറിയാം. ഈ നയത്തിന്റെയെല്ലാം പരിണിതഫലമല്ലേ 1959–ൽ കുപ്രസിദ്ധമായ വിമോചനസമരത്തിന്റെ പ്രമുഖനായ ശ്രീ. ജോൺ ജേക്കബ് ശ്രീ. എം. എൻ. ഗോവിന്ദൻ നായരുടെ സഖാവ് ജോൺ ജേക്കബായി മാറിയത്. ഇതിന്റെ ഉറവിടം, ആ നയത്തിന്റെ പരിണിതഫലമല്ലേ? ചിരകാലവൈരികളായി കഴിഞ്ഞിരുന്നവർ ചിരകാല സുഹൃത്തുക്കളായി മാറിയില്ലേ? ഇതെല്ലാം ട്രാക്ടറൈസേഷന്റെ പരിണിതഫലമല്ലേ? ആ നയത്തിന്റെ ഫലമായി ഒട്ടേറെ സുഹൃത്തുക്കളെ ശ്രീമാൻ എം. എൻ. ഗോവിന്ദൻനായർക്ക് സമ്പാദിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

ശ്രീ. ഇ. ജോൺജേക്കബ്: എ പോയിന്റ് ഓഫ് ഓർഡർ. ഏതെങ്കിലും ഒരു ഭാഷയിൽ സംസാരിക്കുകയാണെങ്കിൽ ആ ഭാഷയിലുള്ള വാക്ക്

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞാൽ കൊള്ളാം. ട്രാക്ടറൈസേഷൻ എന്നുള്ള വാക്ക് ഇംഗ്ലീഷിലില്ല. അതിന്റെ അർത്ഥം എന്താണെന്ന് പറഞ്ഞാൽ കൊള്ളാം.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: ഇംഗ്ലീഷിന്റെ പരിജ്ഞാന കുറവ് തീർക്കാൻ നമ്മുടെ സംസ്ഥാനത്ത് പല ഏർപ്പാടുകളും ഉണ്ട്. ഈ തരത്തിൽ പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഈ നാട്ടിലെ ഗുണ്ടകൾക്കും ഇടിവണ്ടികൾക്കും വേണ്ടി ചെലവാക്കുന്നതിന്റെ ഒരു ഓഹരി ഇംഗ്ലീഷ് പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിന് വേണ്ടി ചെലവാക്കാൻ അദ്ദേഹം തയ്യാറാകണമെന്നാണ് എനിക്ക് പറയാനുള്ളത്. ഞാൻ പറഞ്ഞു വന്നത്, ശ്രീമാൻ എം. എൻ. ഗോവിന്ദൻ നായരുടെ നേതൃത്വത്തിൽ ഈ രാജ്യത്ത് കൃഷിയെ യന്ത്രവൽക്കരിക്കാൻ നടത്തിയ പരിശ്രമത്തെക്കുറിച്ചാണ്. അതിന്റെ ഫലമായി ഈ നാട്ടിലെ ദശലക്ഷക്കണക്കായ പാവപ്പെട്ട കാർഷിക തൊഴിലാളികളെ വയററത്തടിക്കുകയാണ് ചെയ്തത്. ഇത് സംബന്ധിച്ച് ഒരു ബൂർഷ്വാരാജ്യതന്ത്രജ്ഞനും, അച്യുതമേനോനും കെ. ററി. ജേക്കബും അടക്കമുള്ള ഇടതുപക്ഷചിന്താഗതിക്കാർ ആകെ അംഗീകരിക്കുന്ന ഐക്യ രാഷ്ട്ര കൗൺസിലിന്റെ സെക്രട്ടറി ജനറലുമായ യുതാണ്ട് കഴിഞ്ഞ ഡിസംബർ 5-ാം തീയതി യു. എൻ. ഒ യുടെ സബ്കമ്മററിയുടെ മുമ്പിൽ പ്രകടിപ്പിച്ചിട്ടുള്ള അഭിപ്രായം ചില പത്രങ്ങളിലെങ്കിലും ഇതിനകം പുറത്തു വന്നിട്ടുണ്ട്. ഗ്രീൻറെവല്യൂഷൻ എന്നു പറയപ്പെടുന്ന പച്ച വിപ്ലവം അന്തരാത്മാവായി നടപ്പിലാക്കിക്കൊണ്ടിരിക്കുമ്പോൾ ഈ രാജ്യത്ത് എം. എൻ. ഗോവിന്ദൻ നായർ നടപ്പിലാക്കിയ ആ ആന്തരികപ്രചോദനം കാർഷികമേഖലയിൽ വിശേഷിച്ച് പിന്നോക്ക സംസ്ഥാനങ്ങളിൽ, മാനുഷികാദ്ധ്വാനം കൂടുതൽ പ്രയോഗിക്കുവാനും തൊഴിലില്ലായ്മയും ക്ലേശങ്ങളും വളരെയധികം വർദ്ധിച്ചുകൊണ്ടിരിക്കുന്ന രാജ്യങ്ങളിൽ അതുപയോഗിക്കുന്നത് കൂടുതൽ രൂക്ഷമായ, സ്ഫോടനാത്മകമായ സ്ഥിതിവിശേഷതയിലേയ്ക്ക് വലിച്ചെറിയുവാനാണ് സഹായിക്കുന്നതെന്ന് സഖ്യരാഷ്ട്രത്തിന്റെ യു. എൻ. സെക്രട്ടറി ജനറൽ വിരൽചൂണ്ടിയിരിക്കുകയാണ്. ഇടതുപക്ഷ ചിന്താഗതിക്കാരും കമ്മ്യൂണിസ്ററുകാരും പുരോഗമനവാദികളും മാത്രമല്ല ബൂർഷ്വാ രാജ്യതന്ത്രജ്ഞൻമാരായിട്ടുള്ള ആളുകൾപോലും പരാജയപ്പെട്ടിരിക്കുന്നു എന്ന് ദിഗന്തംപൊട്ടുമാറു ഉച്ചത്തിൽ പറഞ്ഞിരിക്കുന്നു. ഈ നയവുമായി ഞങ്ങൾ ഇനിയും മുന്നോട്ടു പോകും എന്നാണ് ഗവർണ്ണർ അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ ഒരു ഭാഗത്തു ചൂണ്ടിക്കാണിക്കുന്നത്. ഈ നയം ഈ നാട്ടിലെ കർഷകമുതലാളിമാരേയും ഭൂസ്വാമിമാരേയും സഹായിക്കുവാൻ ഇടയുള്ളതുകൊണ്ടാണ് കേരളാ കാൺഗ്രസ്സിലേയും, കോൺഗ്രസ്സിലേയും സുഹൃത്തുക്കൾ ഈ മിനിമുന്നണിയുടെ പിന്നിൽ അണിനിരന്നിരിക്കുന്നത്. അത്തരം ഒരു പ്രഖ്യാപനം നടത്തിയില്ലെങ്കിൽ അവരിൽ പലരും ഈ തൊട്ടിയിൽനിന്ന് ചാടി പോകുമെന്നുള്ള ഭീതികൊണ്ടാണ് ഇങ്ങനെ ഒരു നയം സ്വീകരിച്ചിട്ടുള്ളത്. ഈ നാട്ടിലെ പാവപ്പെട്ട കർഷകത്തൊഴിലാളികളെപ്പററി സഖാവ് രാഘവൻ ഒപ്പാരു പ്രസംഗം ഇവിടെ നടത്തുന്നത് കേട്ടു. സഖാവ് രാഘവനു, അതുപോലെയുള്ള ആളുകളും കർഷകത്തൊഴിലാളികളെപ്പററി ഒട്ടേറെ പറയും. നമ്മുടെ നാട്ടിലെ ചില പ്രമാണികളുടെ വീടുകളിൽ കുട്ടികൾ മരിക്കുകയോ,' അതുപോലെതന്നെ ഏതെങ്കിലും സുദിനം വരികയോ ചെയ്യുമ്പോൾ അവരുടെ വീടുകളിൽ ജോലിയും ചെയ്ത് കഴിയുന്നവർ കൂലികിട്ടാൻവേണ്ടി കരയേണ്ടിവരുന്ന പതിവുണ്ട്. പാവപ്പെട്ട കർഷകത്തൊഴിലാളികളെ, അന്നത്തെ ആ മലയപ്പുലയനെപ്പററിയാണ് സഖാവ് രാഘവൻ ഇവിടെ പറഞ്ഞത്. അന്നത്തെ ആ മലയപ്പുലയൻ അയാളുടെ വീട്ടുമുററത്തു വാഴവച്ചിരുന്നു.

'‘മനതാരിലാശകൾ പോലെതിലോരോരോ
മരതകക്കൂമ്പു പൊടിച്ചു’' വന്നിരുന്നു. ആ വാഴയിൽ ഇലയും

LIBRARY ARCHIVES Kerala Legislative Assembly

കാലവും മുളച്ചുവന്ന് കുലയായപ്പോൾ ആ കുല വെട്ടിയെടുത്തു തന്റെ തോളത്തു താങ്ങി അരുമകിടാങ്ങളുടെ കണ്ണീർ പോലും കണക്കാക്കാതെ ജന്മിക്കുകൊണ്ടുപോയി കാഴ്ച വയ്ക്കുന്ന കാലം ഉണ്ടായിരുന്നു. എന്നാൽ ഇന്നു ആ മലയപ്പുലയന്മാർ മാറിയിരിക്കുകയാണ്. തൊപ്പിപ്പാളക്കാരെ വാലുപൊക്കിക്കുന്നവരാണ് ആധുനിക മലയപ്പുലയന്മാരായി മാറിയിരിക്കുന്നതെന്നു ഒപ്പാരു പ്രസംഗം നടത്തുന്ന രാഘവൻ മനസ്സിലാക്കണം. ഇന്നവർ സുസംഘടിതരായി പോരാടുകയാണ്. ഈ നാട്ടിലെ കാർഷികത്തൊഴിലാളികൾക്കും കുടികിടപ്പുകാർക്കും വേണ്ടി ആനുകൂല്യങ്ങൾ നൽകുന്നതിനുവേണ്ടി കൊണ്ടുവന്നിട്ടുള്ള ഭൂപരിഷ്കരണനിയമം നടപ്പാക്കുന്നതിനു ഈ നാട്ടിലെ പാവപ്പെട്ട കർഷകത്തൊഴിലാളികളുടേയും കുടികിടപ്പുകാരുടേയും ജനാധിപത്യവാദികളുടെയും ഇടതുപക്ഷ ചിന്താഗതിക്കാരായ ജനങ്ങളുടെയും നിർലോഭമായ സഹായസഹകരണങ്ങൾ നേടി കോടതിയുടേയും ഭരണഘടനയുടെയും ഉദ്യോഗസ്ഥമേധാവിത്വത്തിന്റെയും തടസ്സങ്ങൾ തട്ടിനീക്കി ആ പാവപ്പെട്ട ആളുകൾക്ക് ആനുകൂല്യം ചെയ്തുകൊടുക്കുവാനുള്ള നടപടി സ്വീകരിക്കുന്നതിനുപകരം ഈ നാട്ടിലെ ജന്മിമാരെയും നാടുവാഴികളേയും സഹായിക്കുവാൻ വേണ്ടി നിങ്ങൾ പോലീസിനേയും സി. ആർ. പി. യേയും അഴിച്ചുവിടുകയാണ് ചെയ്യുന്നത്. ആർക്കെതിരായിട്ട്? കുടികിടപ്പുകാർക്ക് എതിരായിട്ട്. കുടികിടപ്പുകാർക്കെതിരായി നിങ്ങൾ അഴിച്ചുവിടുന്ന സി. ആർ. പിയേയും പോലീസിനെയും മാററി നിറുത്തിക്കൊണ്ട് നിങ്ങളുടെ തൊപ്പിപ്പാളക്കാരായ നിരണം പടയും അയ്യനാട്ടു പാറായിയുടെ ഗുണ്ടായും രംഗത്തിറങ്ങാൻ തയാറാണോ, അതിനു ചങ്കൂററമുണ്ടോ എന്ന് ഞാൻ വെല്ലുവിളിക്കുകയാണ്. പാവപ്പെട്ട ആളുകളുടെ നേരെ മർദ്ദനം അഴിച്ചുവിടുന്ന തൊപ്പിപ്പാളക്കാർക്ക് പോലീസിന്റെയും സി. ആർ. പി. യുടേയും അകമ്പടിയില്ലാതെ ഈ വീരാളിവീരന്മാർക്കു മുഖത്തുനോക്കാൻ ധൈര്യമില്ല. രംഗത്തിറങ്ങാൻ തയാറുണ്ടോയെന്ന് ഞാൻ ചോദിക്കുകയാണ്. കാരണം ഈ നാട്ടിലെ കാർഷികത്തൊഴിലാളികളും സംഘടിതരാണ്. ഈ നാട്ടിൽ ഭൂ നിയമം ജനുവരി 1-ാം തീയതി മുതൽ അതിന്റെ ആനുകൂല്യത്തോടുകൂടി നടപ്പിലാക്കിയിരിക്കുന്നുവെന്നു പ്രസ്താവിക്കുമ്പോഴാണ്, ഭൂ പരിഷ്കരണനിയമം അനുശാസിക്കുന്ന പ്രകാരം കുടികിടപ്പുകാർ ഗ്രാമപ്രദേശത്തു പത്തുസെൻറു ഭൂമിയുടെ ഉടമസ്ഥാവകാശം പിടിച്ചെടുക്കുവാൻ മുന്നോട്ടുവരുന്നതെന്ന് സുഹൃത്തുക്കളായ നിങ്ങൾ മനസ്സിലാക്കണം. എന്നിട്ടു ജനുവരി ഒന്നാം തീയതി മുതൽ ബില്ലിന്റെ ആനുകൂല്യം നടപ്പിലാക്കിയെന്നു പ്രഖ്യാപിക്കുമ്പോൾ കുടികിടപ്പുകാരന്റെ ഗ്രാമപ്രദേശത്തുള്ള വീട്ടിൽ പത്തുസെൻറിൽ നാലിൽമൂന്നു ഭാഗത്തിന്റെ ഉടമസ്ഥാവകാശത്തോടുകൂടിയാണ് ജനുവരി ഒന്നുമുതൽക്കു മുന്നോട്ടു വരുന്നത്. പരിധിയിൽ കൂടുതൽ ഭൂമിക്കു ഉടമയായിട്ടുള്ള ഒരുവന്റെ കുടികിടപ്പുകാരൻ വെറും നാലേകാൽസെൻറിന്റെ മാത്രം തൊണ്ണൂററി മൂന്നേമുക്കാൽ ശതമാനത്തിന്റെ മാത്രം ബാധ്യതയുള്ളവനായിട്ടാണ് ഒന്നാം തീയതിമുതൽക്കു മുന്നോട്ടു വരുന്നതെന്നു നിങ്ങൾ മനസ്സിലാക്കണം. തൊണ്ണൂററിമൂന്നേമുക്കാൽ ഭാഗത്തിനുള്ള ഉടമാവകാശം കിട്ടുന്ന ഭൂമിയിൽനിന്നും തെങ്ങിൽനിന്നു തേങ്ങായും വാഴയിൽ നിന്നു കുലയും വെട്ടരുതുപോലും. എന്നിട്ടു പാവപ്പെട്ട കുടികിടപ്പുകാരന്റെയും കർഷകരുടേയും പേരിൽ മുതലക്കണ്ണീർ പൊഴിക്കുന്ന മി. അച്യുതമേനോനും മിസ്റ്റർ കെ. ടി. ജേക്കബും പറയുന്നത് നിങ്ങൾ ആഘോഷിച്ചോ ആഘോഷിച്ചോ എന്നാണ്. വേണ്ടായിട്ട് പാറായി തരകനും മങ്കൊമ്പു പട്ടരും മുരിക്കനുമെല്ലാംകൊണ്ടു പോകട്ടെ; നിങ്ങൾ ആഘോഷിച്ചോ എന്നാണ്. ആഘോഷിച്ചു തീരുമ്പോൾ ഈ നാട്ടിലെ കർഷകത്തൊഴിലാളികൾക്കും കുടികിടപ്പുകാർക്കും ഒരു സെൻറു ഭൂമി പോലും കിട്ടുകയില്ലെന്നുള്ള കാര്യം മിസ്റ്റർ ജേക്കബും മിസ്റ്റർ അച്യുതമേനോനും മനസ്സിലാക്കണം. ഇത്തരം ആക്രമണത്തിനു കർഷകരേയും കുടികിടപ്പുകാരെയും കിട്ടുക

LIBRARY ARCHIVES Kerala Legislative Assembly

യില്ല എന്നു നിങ്ങൾ മനസ്സിലാക്കണം. നിങ്ങളുടെ ഭീഷണിയും നിങ്ങളുടെ കള്ളക്കേസ്സുകളും സി. ആർ. പി. യും എല്ലാ നൂററാണ്ടുകളായി ഉണ്ടായിട്ടും അതിനെയെല്ലാം അതിജീവിച്ച് ഈ സംസ്ഥാനത്തിലെ ഒന്നരലക്ഷത്തോളം വരുന്ന നിങ്ങളുടെ കുടികിടപ്പുകാർ നിങ്ങളുടെ ഈ വെല്ലുവിളിയെ നേരിട്ടു ധീരപടയാളികൾ ആയിട്ട് മുന്നോട്ടു നിൽക്കുകയാണെന്നകാര്യം മറക്കരുത്. അതുപോലെതന്നെ കർഷകപ്രസ്ഥാനത്തിൻെറ, കർഷകതൊഴിലാളി പ്രസ്ഥാനത്തിൻെറയും നീതിയുക്തമായ ആഹ്വാനം ചെവികൊണ്ട് നൂററാണ്ടുകളായി അടിമത്വത്തിൽ കഴിഞ്ഞു; കൂരവച്ചു കിടന്നിരുന്ന കുടികിടപ്പുകാർ, നിയമം മൂലം വാഗ്ദാനം ചെയ്തിട്ടുള്ള ആനുകൂല്യം ഇപ്പോഴത്തെതെങ്കിലും കൊടുക്കേണ്ടതാണെന്നുള്ള ബോധത്തിൽ ഏതാണ്ട് 15000—ഓളം വസ്തു ഉടമകൾ കൂടിയാലോചനകളിൽകൂടി കുടികിടപ്പുകാരുടെ അവകാശങ്ങൾ ഇതിനകം വിട്ടുകൊടുത്തിട്ടുണ്ടെന്നുള്ള കാര്യം നിങ്ങൾ മനസ്സിലാക്കണം. അതിൻെറ അർത്ഥം ഗൗരവമായി എടുക്കണം. ഈ ഗവൺമെൻറുതന്നെ കൊടുത്തു തീർക്കാൻ ഇടയുണ്ടായിരുന്ന ഒരു വലിയ തുക കൊടുക്കേണ്ടിവരാതെ സ്റേററ് ഖജനാവിന് ലാഭമുണ്ടായിയെന്നു അർത്ഥം. ആയിരക്കണക്കായ കുടികിടപ്പുകാർ ജൻമിമാർക്കു കൊടുക്കേണ്ട ചെറുതെങ്കിലും ഒരു ഭാഗം നൽകേണ്ടതില്ലെന്ന് വന്നിരിക്കുകയാണ്. സി. ആർ. പി.യും പോലീസും ഗുണ്ടാകളും സമരം അഴിച്ചുവിട്ടില്ലായിരുന്നെങ്കിൽ 15—21 ദിവസത്തിനകം ഈ രാജ്യത്തെ കുടികിടപ്പുകാരായ പാവപ്പെട്ട ആളുകൾക്ക് അവരുടെ കുടികിടപ്പിൻെറ ഉടമസ്ഥാവകാശം സ്വൈരമായി നേടിയെടുക്കുമായിരുന്നു. നിങ്ങൾ അതിന് പകരം ചെയ്തത് എന്താണ്? സുഖമായിട്ടല്ലെങ്കിലും പട്ടിണിയോടുകൂടിയാണെങ്കിലും അവർ സ്വന്തമായ കിടപ്പാടത്തിൽ കിടക്കുന്നുയെന്ന അഭിമാനത്തോടുകൂടി പറയാനും കഴിയുവാനുള്ള സുവർണ്ണാവസരം ഉണ്ടാകുമായിരുന്നു. അതിനു പകരം ഈ ഗവൺമെൻറ് ചെയ്തത് എന്താണ്? ആലപ്പുഴ ടൗണിൽ ഇതിനകം കൃത്രിമക്കേസ്സുകൾ ആയിരക്കണക്കിനുണ്ട്. 20,000—ഓളം പേർ കൃത്രിമ കേസ്സിൽ പ്രതികളാണ്. ആലപ്പുഴ ജില്ലയിൽ മാത്രം പോലീസ് കെട്ടിച്ചമച്ചിട്ടുള്ള കൃത്രിമക്കേസ്സിൽ 26,000—ത്തോളം പ്രതികളാണ് ഉള്ളത്. എറണാകുളം തൃശൂർ, കണ്ണൂർ, കൊല്ലം, കോട്ടയം, കോഴിക്കോട് എന്നീജില്ലകളിലായി പോലീസ് കെട്ടിച്ചമച്ചിട്ടുള്ള കള്ളക്കേസ്സുകളിൽ ഏതാണ്ട് ഒന്നര ലക്ഷത്തോളം തൊഴിലാളികൾ പ്രതികൾ ആണ്. കള്ളക്കേസ്സുകളും, മർദ്ദനങ്ങളും, ഭീഷണിയും മാത്രമല്ല സ്ത്രീകളെപ്പോലും സി. ആർ. പി. വെറുതെ വിടുന്നില്ല. ചേർത്തല പ്രദേശത്ത് കച്ചവടത്തിന് പോയ സ്ത്രീകളുടെ നേരെപോലും സി. ആർ പി. വട്ടമിട്ടു ഓടുകയാണ്. കെഞ്ചികെഞ്ചി ഓടുകയാണ്. സ്ത്രീകളുടെ നേരെ പരാക്രമം കാണിക്കുന്നതിനെതിരെ പണ്ടൊരു കുഞ്ഞ് കംസൻെറ കയ്യിൽനിന്ന് ആകാശത്തിലുയർന്ന് ഒരു വാക്യം പറഞ്ഞത് ''അരേ! ദുരാചാര! നൃശംസ! കംസാ! പരാക്രമം സ്ത്രീകളിലല്ല വേണ്ടൂ.'' അതിനു പകരം ഞാൻ മറെറാരു വാചകവും ഉപയോഗിക്കുകയാണ്. ഹേ മേനോൻ! ഹെ! കോയ! പരാക്രമം പാവപ്പെട്ട കർഷകത്തൊഴിലാളികളോടും കർഷകസ്ത്രീകളോടും കുഞ്ഞുങ്ങളോടും എടുക്കരുത്. എടുത്താൽ കംസനുണ്ടായ അനുഭവം എന്താണെന്ന് അറിയാം. ജനങ്ങളുടെ ശ്രീകൃഷ്ണൻ ഈ രാജ്യത്ത് ഉയർന്നിട്ടുണ്ട്. വളർന്നു കൊണ്ടാണിരിക്കുന്നത്. ആ കംസൻെറ കൊങ്ങയ്ക്ക് പിടിക്കാനുള്ള സമയം അനതിവിദൂരമായ ഭാവിയിൽ ഉയരുന്നുണ്ടെന്നു അനുസ്മരിപ്പിച്ചുകൊണ്ട് കൃതജ്ഞതാ പ്രമേയത്തെ ഒരിക്കൽ കൂടി ശക്തിയായി എതിർത്തുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. ബി. മാധവൻ നായർ: സർ, ബഹുമാനപ്പെട്ട ഗവർണ്ണറുടെ പ്രസംഗത്തിന് ഇവിടെ അവതരിപ്പിച്ച നന്ദി പ്രമേയത്തെഞാൻ പിൻതാങ്ങുകയാണ്. സർ, എൻെറ ബഹുമാനപ്പെട്ട സുഹൃത്ത് അച്ചുതാനന്ദൻ അദ്ദേഹത്തിൻെറ

LIBRARY ARCHIVES Kerala Legislative Assembly

പ്രസംഗം നിറുത്തിയിടത്തുനിന്ന് ഞാൻ തുടങ്ങുകയാണ്. സർ, ഇ. എം. എസ്. നമ്പൂതിരിപ്പാടിന്റെ മന്ത്രിസഭ അധികാരം വിട്ടൊഴിയുന്നതിന് ഒരാഴ്ചക്കുമുമ്പ് തിരുവനന്തപുരത്ത് ശ്രീകാര്യം എന്ന സ്ഥലത്ത് ബസ്റൂട്ട് ആവശ്യപ്പെട്ടുകൊണ്ട് കുറെ നാട്ടുകാർ സമരം നടത്തി. ബസ് പിക്കററ് ചെയ്ത ആളുകളെ അന്ന് ഇ. എം. എസ്. നമ്പൂതിരിപ്പാട് സ്ഥലത്തില്ലാത്തതിനാൽ ആഭ്യന്തരവകുപ്പിന്റെ ചുമതലവഹിച്ചിരുന്ന ശ്രീമതി. കെ. ആർ. ഗൗരി ....

ശ്രീമതി കെ. ആർ. ഗൗരി: എനിക്ക് ചാർജില്ലായിരുന്നു.

ശ്രീ. ബി മാധവൻനായർ: ട്രാൻസ്പോർട്ട് മന്ത്രി ശ്രീ. ഇമ്പിച്ചിബാവ ഇവരുടെയെല്ലാം അറിവോടുകൂടി ലാത്തിച്ചാർജ് നടത്തി.

ശ്രീമതി. കെ. ആർ. ഗൗരി: ഇല്ലാത്ത സംഗതി നിയമസഭയിൽ പറഞ്ഞാൽ അത് മാററണമോ വേണ്ടയോ? നോട്ടിഫിക്കേഷൻ പോലും അന്ന് ഇഷ്യൂ ചെയ്തതാണ്.

ശ്രീ. ബി. മാധവൻ നായർ: അടിയന്തിരപ്രമേയത്തിന്മറുപടി പറഞ്ഞത് ശ്രീമതി കെ. ആർ. ഗൗരി ആയിരുന്നു. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്. ആ ലാത്തിച്ചാർജിൽ പത്മാവതിഅമ്മ എന്നുപറയുന്ന, എട്ടുമാസം ഗർഭം തികഞ്ഞ് വീട്ടിനകത്തിരുന്ന 24 വയസ് പ്രായമുള്ള പെൺകുട്ടിയെ ലാത്തികൊണ്ട് വയററിന് കുത്തുകയും അടിക്കുകയുമുണ്ടായി. അവരുടെ ഗർഭം അലസുകയും അവർ..

ശ്രീമതി കെ. ആർ. ഗൗരി : അപ്പോൾ പ്രസവിച്ച കുഞ്ഞ് ആണായിരുന്നു.

ശ്രീ. ബി. മാധവൻ നായർ: സ്ത്രീകളോടുണ്ടായിരുന്ന സ്നേഹം അന്ന് എവിടെ പോയിരുന്നു. ഇപ്പോഴുള്ള സ്നേഹം അന്നില്ലായിരുന്നു. അടിയന്തിരപ്രമേയം കൊണ്ടുവന്നപ്പോൾ സ്ത്രീകളെ അടിച്ചില്ലെന്ന് പറഞ്ഞു. സർ, ആ സ്ത്രീ ഇന്നും തൈയ്ക്കാട്ട് ചികിൽസയിൽ ആശുപത്രിയിൽ കിടക്കുകയാണ്. അവരുടെ ഗർഭത്തിലുണ്ടായിരുന്ന മരിച്ച കുഞ്ഞിനെ ഓപ്പറേഷൻനടത്തി പുറത്തെടുത്തു. പോസ്ററുമാർട്ടം റിപ്പോർട്ടിൽ ലാത്തിയടിമൂലമാണ് ആ കുഞ്ഞ് മരിച്ചതെന്ന് എഴുതിയിട്ടുണ്ടെന്ന വസ്തുത ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. സർ, കംസൻ കുഞ്ഞുങ്ങളെ എങ്ങനെ കൊന്നു? നമ്മുടെ ഐക്യമുന്നണിയുടെ ഭരണത്തിൽ 1967—ൽ കേരളത്തിലെ ജനങ്ങളുടെ പ്രതീക്ഷകൾ മുഴുവനും ചൂഷണം ചെയ്ത്കൊണ്ട് അധികാരത്തിൽ വന്ന ഗവൺമെൻറിന്റെ തലപ്പത്തിരുന്ന നമ്പൂതിരിപ്പാടും അദ്ദേഹത്തിന്റെ പാർട്ടിയും 32 മാസക്കാലം മലയപ്പുലയനേയും സ്ത്രീകളേയും വിസ്മരിച്ചുകൊണ്ട് ഈ രാജ്യത്ത് നടത്തിയ ക്രൂരവും നിന്ദ്യവും അഴിമതി നിറഞ്ഞതും, സ്വജന പക്ഷപാതം നിറഞ്ഞതും പൈശാചികവുമായി നടത്തിയ ഭരണത്തിന്റെ ഫലമായി ഇറങ്ങാൻ പോകുന്നതിന്ഏതാനും ദിവസങ്ങൾക്കുമുമ്പ്പത്മാവതി അമ്മയെ അടിച്ച അടിയിൽ മരിച്ചുപോയ കുഞ്ഞാണ് പറഞ്ഞത് "അരേ! ദുരാചാര! നൃശംസ! കംസാ! പരാക്രമം സ്ത്രീകളിലല്ലവേണ്ടൂ" എന്ന്. ശ്രീമതി. ഗൗരിഅമ്മ ഇന്ന് പ്രതിപക്ഷത്തിരിക്കുന്നത് ഇ. എം. എസ്. നമ്പൂതിരിപ്പാട് ഇന്ന് മുഖ്യമന്ത്രി അല്ലാതിരിക്കുന്നത് ഇങ്ങനെ നിരവധി ഗർഭിണികളുടെ തീരാത്ത ദുഃഖത്തിന്റെ പേരിലാണെന്ന് പറയാൻ ഞാനാഗ്രഹിക്കുകയാണ്.

അതുപോലെതന്നെ തിരുവനന്തപുരത്ത് മണക്കാട് എന്ന സ്ഥലത്ത് നിരായുധരായി ഉൽസവ പറമ്പിലെ ഉൽസവാഘോഷങ്ങൾക്ക് പണിപ്പെട്ടുകൊണ്ടിരുന്ന കോർപ്പറേഷൻ കൗൺസിലർ ചന്ദ്രശേഖരൻ നായരേയും കൂട്ടരേയും

LIBRARY ARCHIVES Kerala Legislative Assembly

ഇ. എം. എസ്. നമ്പൂതിരിപ്പാടിന്റെ പോലീസ് തല്ലിയിട്ട് ഈ സഭയിലെ രണ്ട് ഭരണകക്ഷി ഘടകങ്ങളായ ആർ. എസ്. പി.യും, ഐ. എസ്. പി.യും. വാക്കൗട്ട് നടത്തിയിട്ട് അന്വേഷണം നടത്തുകയില്ലെന്ന് ധിക്കാരപൂർവ്വം പറഞ്ഞു. മണക്കാട്ടെ പുൽത്തകിടിയിൽ മനുഷ്യരക്തം തളംകെട്ടി കിടന്ന കിരാതമായ പൈശാചികമായ മർദ്ദനത്തെപ്പററി ഞാൻ എടുത്തു പറയുകയാണ്. തിരുവനന്തപുരത്ത് സെക്രട്ടറിയേററിന് മുമ്പിൽ യാതൊരുവിധ അക്രമവുമില്ലാതെ പ്രകടനം നടത്തിയ അദ്ധ്യാപക സ്ത്രീകളെ മാനഭംഗപ്പെടുത്തി അദ്ധ്യാപകരെ ക്രൂരമായി അടിച്ച് ജനറൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചതിനെക്കുറിച്ച് അടിയന്തിരപ്രമേയം അവതരിപ്പിച്ചപ്പോൾ അതിന് അനുമതി നിഷേധിച്ച നിങ്ങൾ അന്വേഷണം നടത്താതിരുന്ന നിങ്ങൾ ക്രൂരമായ ആ മർദ്ദനത്തെക്കുറിച്ച് എന്ത് പറയുന്നു എന്ന് ചോദിക്കാൻ ഞാനാഗ്രഹിക്കുകയാണ്. ഈ സഭയിലെ അംഗമായിരുന്ന കുഞ്ഞാലിയുടെ ജീവനെപ്പോലും ഇല്ലാതാക്കത്തക്കനിലയിൽ പൈശാചികമായ ഭരണം ഈരാജ്യത്ത് നിലനിന്നിരുന്നില്ലേ. സ്ത്രീകളുടെചാരിത്ര്യത്തെക്കുറിച്ച് പറയുന്ന ആളുകൾ കുററിയാടി സംഭവത്തെപ്പററി എന്തു പറയുന്നു. അജിത എന്ന്പറയുന്ന സ്ത്രീയെ പിടിച്ചിട്ട് എന്തെല്ലാമാണ് ചെയ്തത്. രാജ്യത്ത് രാഷ്ട്രീയ വിപ്ലവം വേണമെന്നാണ് നമ്പൂതിരിപ്പാടുപോലും പറയുന്നത്. നിങ്ങൾക്കോർമ്മയുണ്ടോ, സഖാക്കളേ ഞാൻ നിങ്ങളോടു ചോദിക്കുകയാണ്, അജിതയെ നിങ്ങളുടെ പോലീസ് പിടിച്ചടിച്ച് പോലീസ് സ്റേറഷനിൽ പിടിച്ചുകൊണ്ടുവന്ന് പരസ്യമായി മാനഭംഗപ്പെടുത്തി അർദ്ധനഗ്നയാക്കി സ്ററൂളിൽ കയററിനിറുത്തി അന്താരാഷ്ട്രീയമായി ഫോട്ടോ പ്രദർശനം നടത്തിയത് ശരിയാണോ എന്ന് ഞാൻ ചോദിക്കുകയാണ്. ഈ രാജ്യത്ത് മുഴുവനും അക്രമം നടത്തുമെന്നും ഈ ഗവൺമെൻറിനെ അട്ടിമറിക്കുമെന്നും പ്രഖ്യാപിച്ച ഒരു കുററം നിങ്ങൾ ചെയ്തു. സഖാവ് ഇ. എം. എസ്. നമ്പൂതിരിപ്പാട് വയറുവേദനയ്ക്ക് ചികിൽസക്കായി ജർമ്മനിയിലേക്ക് പോയി. ഞാൻ കേരളകൗമുദി പത്രത്തിൽ വായിക്കുകയുണ്ടായി, അദ്ദേഹം ജർമ്മനിയിൽ ചികിൽസക്കു പോയപ്പോൾ ജർമ്മനിയിലെ ഒരു കുളത്തിലെ ചെളി കൊണ്ടുവന്ന് അത് അദ്ദേഹത്തിന്റെ വയററിൽ കെട്ടിവച്ചാണ് സുഖക്കേട് ഭേദമാക്കിയതെന്ന്. ആ ചെളിയിൽനിന്ന് പ്രസരിച്ച അണുക്കൾ ജർമ്മനിയിലെ ഏകാധിപതിയായിരുന്ന ഹിററ്ലറുടെ മസ്തിഷ്ക്കത്തിൽ ഉണ്ടായിരുന്ന അണുശക്തി ആ ചെളിയിൽ ഉണ്ടായിരുന്നോ എന്ന് ഞാൻ സംശയിക്കുകയാണ്. ശ്രീ. നമ്പൂതിരിപ്പാടിന്റെ വയററിൽ കെട്ടിവച്ച ചെളിയിൽനിന്ന് അദ്ദേഹത്തിന്റെ മസ്തിഷ്ക്കത്തിലേക്ക് വ്യാപിച്ചത് ഹിററ്ലറിസത്തിന്റെ അണുക്കളായിരുന്നു. ജർമ്മനിയിൽനിന്നും തിരുവനന്തപുരത്തു മടങ്ങിയെത്തിയ നമ്പൂതിരിപ്പാട് സഭയിൽ വന്നുനിന്നുകൊണ്ട് തൊഴിലാളിവർഗത്തിന്റെ പേരിൽ ആണയിട്ടു പ്രഖ്യാപിച്ചു ചോരയിൽ മുക്കിപ്പിടിച്ച തൊഴിലാളിവർഗ്ഗത്തിന്റെ പതാക മാററി മരിച്ചുപോയ ഹിററ്ലറുടെ പ്രേതത്തെ അനുസ്മരിപ്പിക്കുന്ന കറുത്ത കൊടിപിടിക്കാൻ അനുയായികളോടു പറഞ്ഞു. എന്നിട്ട് കരിംകൊടിയും പിടിച്ച് മാർച്ചുചെയ്യാൻ സമരം ചെയ്യാൻ പറയുകയുണ്ടായി. ഹിററ്ലറുടെ പ്രേതം അനുസ്മരിപ്പിക്കുന്ന കരിംകൊടിയാണ് ഇന്ന് അവർകൊണ്ടുനടക്കുന്നത്. മാർക്സിസ്ററ് പാർട്ടി അന്തരിച്ചു. ഹിററ്ലർ കമ്മ്യൂണിസ്ററ് പാർട്ടി ഉദയം ചെയ്തിരിക്കുന്നു. ഹിററ്ലർ കമ്മ്യൂണിസ്ററ് പാർട്ടിയാണ് പ്രതിപക്ഷത്തിരിക്കുന്നത്. ഹിററ്ലറിസമാണ് ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ജർമ്മനിയിലെ തൊഴിലാളികളോട് ഹിററ്ലർ പറഞ്ഞു, തൊഴിലാളി സുഹൃത്തുക്കളെ! ലോകം മുഴുവനും പിടിച്ചെടുക്കാം, പട്ടാളത്തിലേക്ക് വരൂ, തന്റെ പിന്നിൽ അണിനിരക്കൂ എന്ന്. ആദ്യമായി ജർമ്മനിയിലെ തൊഴിലാളികൾ ഒററക്കെട്ടായി ഹിററ്ലറുടെ പിന്നിൽ അണിനിരന്നു. അവസാനം സ്വേഛാധിപതിയായ ഹിററ്ലറെപ്പററി ചരിത്രം വിധിയെഴുതി. ഏകാധിപതിയായ ഹിററ്ലർ മരിച്ചുപോയിട്ടും അദ്ദേഹത്തിന്റെ അനുയായികളെ ഓരോരുത്തരെയായി

LIBRARY ARCHIVES Kerala Legislative Assembly

ലോകം പ്രതിക്കൂട്ടിൽ നിറുത്തി. വിസ്തരിക്കുകയും ശിക്ഷിക്കുകയും ചെയ്തതുപോലെ എന്റെ പ്രിയപ്പെട്ട സുഹൃത്തുക്കളെ, നമ്പൂതിരിപ്പാടും അപ്പുറത്തിരിക്കുന്ന ഓരോ സുഹൃത്തുക്കളും നിങ്ങൾ 32 മാസക്കാലം ഈ രാജ്യത്ത് നടത്തിയ കൊള്ളയുടേയും അഴിമതിയുടേയും കൊള്ളിവയ്പ്പിനേയും ഇപ്പോൾ അധികാരത്തിൽനിന്ന് പുറത്തുപോയിട്ട് ഈ രാജ്യത്തെ പാവപ്പെട്ടവന്റെ വികാരങ്ങൾ ഇളക്കിവിട്ട്തോക്കിന്റെ മുമ്പേ പറഞ്ഞുവിട്ട് രക്തസാക്ഷികളാക്കുന്ന സംഭവത്തേയും ചരിത്രം ഒരിക്കലും വിസ്മരിക്കുകയില്ല. നിങ്ങൾ ഓരോരുത്തരേയും പ്രതിക്കൂട്ടിൽ നിറുത്തി വിസ്തരിക്കാനുള്ള ജനകീയ കോടതികൾ ഉണ്ടാകട്ടെ. അങ്ങനെ വിസ്തരിക്കുമ്പോൾ ചരിത്രത്തിന്റെ ചുവപ്പുതാളുകളിൽ അല്ല നിങ്ങളുടെ സ്ഥാനം. കറുത്ത പേജുകളിലായിരിക്കും. ഒരു മന്ത്രി പോകുന്ന വഴിയിലെല്ലാം ഇപ്പോൾ നിങ്ങൾ 5 പേരേ വീതം പറഞ്ഞയച്ച് കരിംകൊടിപ്രകടനം എല്ലായിടത്തും നടത്തുകയും പിക്കററിംഗ് നടത്തുകയും ചെയ്യുന്നുണ്ട്. സുഹൃത്തുക്കളെ ഞങ്ങൾക്കുമറിയാം. ശ്രീമതി ഗൗരി പ്രസംഗിക്കുമ്പോൾ പഴവങ്ങാടി മൈതാനത്ത് 100 ആളുകളെ അയച്ച് കരിംകൊടി പ്രകടനം നടത്താൻ അറിഞ്ഞുകൂടാഞ്ഞിട്ടല്ല. ജനാധിപത്യത്തിന്റെ പേരിലുള്ള വിശ്വാസം, പൗരസ്വാതന്ത്ര്യത്തിലുള്ള വിശ്വാസം, അഭിപ്രായ സ്വാതന്ത്ര്യപ്രകടനത്തിന് പരിപൂർണ്ണമായ സ്വാതന്ത്ര്യം വകവച്ചു തരാനുള്ള വിശ്വാസം, അതുകൊണ്ടാണ് അങ്ങനെ ചെയ്യാത്തത്. ശ്രീ. നമ്പൂതിരിപ്പാട് മുഖ്യമന്ത്രി ആയിരുന്നപ്പോൾ അദ്ദേഹത്തിന്റെ വീട്ടുനടയിൽ എഞ്ചനീയറൻമാർ സത്യാഗ്രഹത്തിന് പോയപ്പോൾ രാജ്യരക്ഷാ ചട്ടം ഉപയോഗിച്ച് അറസ്ററ് ചെയ്ത് നീക്കം ചെയ്യുകയുണ്ടായി. നിങ്ങൾ അധികാരത്തിലിരുന്നപ്പോൾ 107 എന്നു പറയുന്ന നിങ്ങൾ ഇപ്പോൾ ദുഷിക്കുന്ന വകുപ്പ് എത്ര തവണ നിങ്ങൾ കടന്നു പിടിച്ചിട്ടുണ്ട്. കെട്ടിപ്പിടിച്ചിട്ടുണ്ട്. ഈ രാജ്യത്ത് പോലീസുകാരെ ഉപയോഗിച്ച് 107-ാം വകുപ്പ് ഉപയോഗിച്ച് വള്ളക്കടവിലെ ചുമട്ടു തൊഴിലാളികളുടെ പേരിൽ കേസ് എടുത്തില്ലേ; നിങ്ങൾക്കെതിരായി പ്രവർത്തിച്ചു എന്നതിന്റെപേരിൽ ? ഇന്നും അവരെ കേസിൽ പ്രതികളാക്കി വച്ചിട്ടില്ലേ? 144-ാം വകുപ്പിനെ എത്ര തവണ നിങ്ങൾ അഭയം പ്രാപിച്ചിട്ടുണ്ട്. ഇങ്ങനെ എണ്ണിയെണ്ണിപ്പറഞ്ഞാൽ അനേകം അനേകം സംഭവങ്ങൾ ഞങ്ങളുടെ സ്മൃതിപഥത്തിൽ നിന്നും മാഞ്ഞു പോയിട്ടില്ല. ഈ രാഷ്ട്രീയാധികാരം എന്നുമെന്നും അവരുടെ കയ്യിൽ ഇരിക്കണം.

1957-ൽ ആയാലും ശരി 1967-ൽ ആയാലും ശരി എന്തായാലും 20 കൊല്ലക്കാലം കാൺഗ്രസ് രാഷ്ട്രീയാധികാരത്തിൽ പിടിച്ചു പററിയിരുന്നു എന്നാണ് പറയുന്നത്. ഇനിയുള്ള കാലം ഈ രാജ്യത്തെ രാഷ്ട്രീയാധികാരം നിങ്ങളിൽ ആയിരിക്കണമെന്നുള്ള ആഗ്രഹം ഒന്നു മാത്രമാണ് നിങ്ങൾക്കുള്ളത്. നിങ്ങൾ അധികാരത്തിൽ വരുന്നതിന് മുമ്പ് ഈ രാജ്യത്തെ ജനങ്ങളോട് നിങ്ങൾ പറഞ്ഞു, കാൺഗ്രസ് ഭരണ കൂടത്തിൽ ഇരുന്നുകൊണ്ട് കോൺഗ്രസിന്റെ പ്രചരണ വകുപ്പിനെ കോൺഗ്രസ് വളർത്താൻ ശ്രമിക്കുന്നു. കോൺഗ്രസിൽ ഉള്ളവർക്കുമാത്രം ഉദ്യോഗങ്ങൾ മുഴുവനും കൊടിക്കുന്നു എന്ന്. നിങ്ങൾ ഉന്നയിച്ച ഈ ആരോപണങ്ങൾ നിങ്ങൾ ഭരണത്തിൽ വന്നപ്പോൾ 32 മാസം കൊണ്ട് ചെയ്തു. പബ്ലിക്ക് റിലേഷൻസ് വകുപ്പിന് ഡെപ്യൂട്ടി ഡയറക്ടർ സ്ഥാനം നിങ്ങളുടെ പാർട്ടിക്കാർക്ക് കൊടുത്തു. ട്രാൻസ്പോർട്ടിലെ നിയമനങ്ങൾ മുഴുവനും കൈക്കൂലി വാങ്ങിക്കൊണ്ട്, അഴിമതി നടത്തിക്കൊണ്ട് സ്വജനപക്ഷപാതം കാണിച്ചുകൊണ്ട് നിങ്ങളുടെ പാർട്ടിക്കാർക്ക് കൊടുത്തു. പോലീസ് സേനയെ പാർട്ടി വളർത്താൻ ഉപയോഗിച്ചും മററു കക്ഷികളെ ഓട്ടിച്ചിട്ട് മർദ്ദിച്ചു. മററ് പാർട്ടിക്കാരെ അടിച്ചമർത്താൻ ശ്രമിച്ചു. ജനാധിപത്യത്തിന്റെ മൗലികമായ എല്ലാ പ്രമാണങ്ങളും പിച്ചിച്ചീന്തിക്കൊണ്ട് ഈ രാജ്യത്ത് പ്രവർത്തിച്ചതിന്റെ ഫലമായിട്ടാണ് നിങ്ങൾ ഇന്ന് പ്രതിപക്ഷത്തിരിക്കുന്നത്

LIBRARY ARCHIVES Kerala Legislative Assembly

തിരഞ്ഞെടുപ്പിൽ ജനങ്ങളുടെ വിധി വാങ്ങിക്കുമെന്ന് പറഞ്ഞു. നിങ്ങൾക്ക് ജനങ്ങളോട് ഉത്തരവാദിത്വമില്ല, ജനങ്ങളോട് കൂറില്ല, ജനങ്ങളോട് വിശ്വാസമില്ല, നിങ്ങൾ ജനാധിപത്യത്തിൽ വിശ്വസിക്കുന്നില്ല. ലോക കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവുമായി ബന്ധമില്ലെന്ന് നിങ്ങളുടെ നേതാക്കൻമാർ പറയുന്നുണ്ട്. ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്. ജനാധിപത്യമാർഗത്തിൽക്കൂടി ഈ രാജ്യത്തെ തൊഴിലാളിവർഗ്ഗപാർട്ടി അധികാരത്തിൽ വന്നാൽ അത് ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയായാലും ഐ. എസ്. പി. യായാലും ചെയ്യാവുന്ന കാര്യങ്ങൾ ചെയ്യുന്നതിന് വേണ്ടിയാണ്. ജനങ്ങൾക്കുവേണ്ടി ചെയ്യാവുന്ന കാര്യങ്ങൾ ചെയ്യുന്നതിന് വേണ്ടി മാത്രമാണ്. ഈ രാജ്യം മുഴുവനും നന്നാക്കാമെന്ന് ഞങ്ങൾ പറഞ്ഞിട്ടില്ല. ഞാൻ ഈ നയപ്രഖ്യാപനത്തെ അനുകൂലിക്കുന്നു, പ്രമേയത്തെ പിൻതാങ്ങുന്നു.

<u>ശ്രീ. കെ. ശേഖരൻ നായർ:</u> സർ, ബഹുമാനപ്പെട്ട ഗവർണ്ണർ ഈ നിയമസഭ മുൻപാകെ ചെയ്ത പ്രസംഗത്തിന് ബഹുമാനപ്പെട്ട മുൻമന്ത്രി ശ്രീ. പി. ആർ. കുറുപ്പ് അവതരിപ്പിച്ചിട്ടുള്ള നന്ദി പ്രമേയത്തെ ഞാൻ ഹാർദ്ദമായി പിൻതാങ്ങുന്നു. ഈ പ്രമേയം അവതരിപ്പിക്കുന്നതിന് എതിർപ്പുള്ള ഒരു പ്രധാന വിഭാഗം മറുഭാഗത്തുണ്ടെന്ന് എനിക്കറിയാം. ഗവർണ്ണറുടെ പ്രസംഗം കേൾക്കാൻ തയ്യാറില്ലാത്ത അതുപോലെതന്നെ അത് കേൾക്കണമെന്ന് ആഗ്രഹമുള്ള മററാളുകളെ കേൾക്കാൻ അനുവദിക്കാത്ത ആളുകളാണ് ഈ നന്ദി പ്രമേയത്തെ എതിർക്കുന്നതെന്ന് ഞാൻ പ്രത്യേകമായി പറയേണ്ടതില്ല. ഗവർണ്ണറുടെ പ്രസംഗം കേൾക്കാൻ കൂട്ടാക്കാത്തതിലും അതുപോലെതന്നെ നന്ദി പ്രമേയത്തെ എതിർക്കുന്നതിനും കാരണമായി അപ്പുറത്തിരിക്കുന്ന മാർക്സിസ്ററുപാർട്ടിയുടെ ആളുകൾക്ക് പ്രധാനമായിട്ടും പറയാനുള്ളത് ഈ ഗവൺമെൻറിന് ഭൂരിപക്ഷമില്ലെന്നുള്ളതാണ്. ഇതിനെ സംബന്ധിച്ച് കൂടുതലായി പ്രതിപാദിക്കണമെന്ന് ഞാനുദ്ദേശിക്കുന്നില്ല. പക്ഷേ ഈ നിയമസഭ ബഹുഭൂരിപക്ഷപ്രകാരം ഈ മന്ത്രിസഭയ്ക്കെതിരായിട്ട് ഒരവിശ്വാസ പ്രമേയം പാസാക്കാത്തിടത്തോളം കാലം, അല്ലെങ്കിൽ ഈ മന്ത്രി സഭയുടെ ഭാഗത്ത് നിന്ന് അവതരിപ്പിക്കുന്ന ഏതെങ്കിലും പ്രമേയമോ ബില്ലോ പാസാക്കാൻ കഴിയാത്തിടത്തോളം കാലം ഈ ഗവൺമെൻറിന് അധികാരത്തിൽ തുടരാൻ അവകാശമില്ലേ എന്നു മാത്രമാണ് ഞാൻ ചോദിക്കുന്നത്.. ഇതു പറയുമ്പോൾ ആരെല്ലാമാണ് ഇതിന്റെ പിന്നിലുള്ളതെന്ന് മാർക്സിസ്ററ് പാർട്ടിക്ക് സംശയമുണ്ട്. അത് അവർക്ക് പരിശോധിക്കാവുന്നതാണ്. മുമ്പത്തെ ഗവൺമെൻറ് രാജി വച്ചതിനെ തുടർന്ന് മറെറാരു മന്ത്രി സഭ രൂപീകരിക്കുന്ന സന്ദർഭത്തിൽ അതിന് ഭൂരിപക്ഷം ഉണ്ടോ ഇല്ലയോ എന്നുള്ളത് ഗവർണ്ണർക്ക് ബോദ്ധ്യപ്പെടേണ്ട സംഗതിയാണ്. അത് ഭരണഘടന അനുസരിച്ച് ഗവർണ്ണറിൽ നിക്ഷിപ്തമായ അധികാരവുമാണ്. ഗവർണ്ണർക്കുമാത്രം ബോദ്ധ്യപ്പെട്ടാൽ പോരെന്ന സംഗതി ഞാൻ വിസ്മരിക്കുന്നില്ല. മററു നിയമസഭാ മെമ്പറൻമാർക്കും പാർട്ടികൾക്കും ബോദ്ധ്യപ്പെടേണ്ടതുണ്ട്. പക്ഷേ നിയമസഭ കൂടാത്ത സന്ദർഭങ്ങളിൽ പുറത്തുനിന്ന് ആരെങ്കിലും എന്തെങ്കിലും പറഞ്ഞാൽ അവരുടെ എല്ലാപേരുടേയും പിന്നിൽ പിൻതുണ നൽകുന്നവരുടെ പേരുമായി ഓടി നടക്കേണ്ട ആവശ്യമില്ല. അതുകൊണ്ട് അടുത്ത അവസരത്തിൽ അതായത് വരുന്ന 15-ാം തീയതിയിലും തുടർന്നുള്ള ദിവസങ്ങളിലും ഈ ഗവൺമെൻറിന് ഈ നിയമസഭയിൽ ഭൂരിപക്ഷ പിൻതുണയുണ്ടോ എന്ന് നമുക്ക് കാണാവുന്നതാണ്. പക്ഷേ മാർക്സിസ്ററ് പാർട്ടിയെ സംബന്ധിച്ചിടത്തോളം ഈ ഗവൺമെൻറ് എന്തെങ്കിലും നല്ല കാര്യങ്ങൾ ചെയ്യുന്നുണ്ടോ എന്ന് നോക്കിയില്ല. നേരേ മറിച്ച് എന്തെല്ലാം നല്ല കാര്യങ്ങൾ ചെയ്താലും ഈ ഗവൺമെൻറിനെ മറിച്ചിടുമെന്നുള്ള പ്രതിജ്ഞ അവർ എടുത്തിരിക്കുകയാണ്. ഇതിന് ആസ്പദമായിട്ട് അവർക്ക് പറയാനുള്ളത് പിൻതുണാ പ്രശ്നം തന്നെയാണ്.

LIBRARY ARCHIVES Kerala Legislative Assembly

നേരെ മറിച്ച് ഈ ഗവൺമെൻറ് അവകാശപ്പെടുന്നത് കഴിഞ്ഞ ഐക്യമുന്നണി ഗവൺമെൻറിൽ മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടിയുടെ വൻപാർട്ടി മേധാവിത്വത്തിൻെറ ഫലമായിട്ടാണ് അത് ശിഥിലമാകാൻ ഇടവന്നതുകൊണ്ടാണ് ആ ഭരണം അവസാനിക്കുകയും ഈ ഐക്യമുന്നണി ഗവൺമെൻറ് അല്ലെങ്കിൽ അതിലെ പങ്കാളികളായിട്ടുള്ള ഘടക കക്ഷികൾ യോജിച്ചംഗീകരിച്ചിട്ടുള്ള മിനിമം പരിപാടിയിൽ നടപ്പിൽ വരുത്തിയത് കഴിച്ച് ബാക്കിയുള്ള കാര്യങ്ങൾ നടപ്പിലാക്കാൻ വേണ്ടിയാണ് മറെറാരു ഗവൺമെൻറ് ഇവിടെ രൂപീകരിച്ചിരിക്കുന്നതെന്ന് അവർ അവകാശപ്പെടുന്നു. ഇങ്ങനെയുള്ള ഗവൺമെൻറിനെ വച്ചു പൊറുപ്പിക്കുന്നതിന് മാർക്സിസ്ററ് പാർട്ടിക്ക് കഴിയാതെവന്നിട്ടുള്ളതിൻെറ കാരണം എല്ലാവർക്കും പരസ്യമായി അറിയാവുന്നതാണ്. മാർക്സിസ്ററ് പാർട്ടി ഇല്ലെങ്കിൽ മററാരും ഇവിടെ ഭരിക്കാൻ പാടില്ലെന്നുതന്നെ മാർക്സിസ്ററ് പാർട്ടിക്ക് അധികാരത്തിൽ തുടരാൻ കഴിയണമെന്നുണ്ടെങ്കിൽ മററുള്ള പാർട്ടികളെല്ലാം അവർക്ക് കീഴ്വഴങ്ങി നിൽക്കണം. മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടിയുടെ മേധാവിത്വത്തിൽ ഉള്ളവരെ മററു പാർട്ടികൾ അനുസരിക്കുന്നില്ലെന്നുണ്ടെങ്കിൽ ആ പാർട്ടികളെയെല്ലാംതന്നെ ഇടിച്ചു താഴ്ത്തുന്നതിനും അവരെ ഐക്യമുന്നണിയ്ക്കകത്ത് നിറുത്തി വിഷമിപ്പിക്കുന്നതിന് എന്തെല്ലാം ചെയ്യാമോ അതെല്ലാം അവർ ചെയ്യുമെന്നുള്ളത് കഴിഞ്ഞ കാലത്തെ അനുഭവമാണ്.

ഇവിടെ പല കാര്യങ്ങളെ സംബന്ധിച്ചും മാർക്സിസ്ററുകാർ ആയി
11 a. m. ട്ടുള്ള ആളുകൾ സംസാരിച്ച കൂട്ടത്തിൽ ഈ ഗവൺമെൻറിൻെറ ചെയ്തി
കളെ സംബന്ധിച്ചും ഇവിടെ പരാമർശിക്കുകയുണ്ടായി. ഈ ഭരണം ദ്രോഹം ചെയ്യുന്നു, ജനമർദ്ദനം നടത്തുന്നു, ചോരപ്പുഴ ഒഴുക്കുന്നു എന്നെല്ലാമാണു് അവർ പറയുന്നതു്. ഇക്കാര്യത്തിൽ അവർക്കു ചോദിക്കേണ്ട സംഗതി എന്താണെന്നാണു ഞാൻ ചോദിക്കുന്നത്. കാരണം വാസ്തവത്തിൽ അവർ ആഗ്രഹിച്ചതും അതുതന്നെയല്ലേ? ഈ ഗവൺമെൻറിനെ എല്ലാവിധത്തിലും ഞങ്ങൾ എതിർക്കും, എത്രകാലം വെടിവെച്ചുകൊണ്ടും ലാത്തിച്ചാർജ് നടത്തിക്കൊണ്ടും ഭരിക്കാമെന്നു ഞങ്ങൾ കാണട്ടെ, ഇത്തരത്തിലുള്ള വെല്ലുവിളികളാണ് കഴിഞ്ഞ രണ്ടുമാസമായി അവർ ഈ രാജ്യത്തു നടത്തിയിട്ടുള്ളതു്. അതിനുവേണ്ടി തോക്കിൻെറ മുമ്പിലും ലാത്തിയുടെ മുമ്പിലും നിരപരാധികളായ ആളുകളെ വലിച്ചിടാനുള്ള ഭഗീരഥപ്രശമംതന്നെ ഇവർ നടത്തിയിട്ടുണ്ട്. അങ്ങനെ അവർ പ്രവർത്തിച്ചിട്ടുള്ളതിൻെറ ഫലമായിട്ട് ഈ രാജ്യത്തു ഭരണം എന്നൊന്നുണ്ടെങ്കിൽ അവർക്ക് അതു കണ്ടുകൊണ്ടിരിക്കാൻ കഴിയുകയില്ല. ഈ രാജ്യത്തു നിയമത്തിൻെറ ഭരണം നടപ്പിലാക്കുന്നതിനും ക്രമസമാധാനനില സംരക്ഷിക്കുന്നതിനും ആണു് പോലീസിനെയും അതുപോലെതന്നെ ഭരണകൂടത്തെയും ഉപയോഗിക്കേണ്ടിവന്നിട്ടുള്ളത്. ശ്രീമാൻ അച്ചുതാനന്ദൻ അൽപ്പംമുൻപു സംസാരിച്ചകൂട്ടത്തിൽ പറയുകയുണ്ടായി, ഇവിടെ പോലീസ് എന്നൊന്ന് ഉണ്ടായിരുന്നില്ലെങ്കിൽ ഭൂമി പിടിച്ചെടുക്കുന്ന കൃഷിക്കാരുടെയും കാർഷികത്തൊഴിലാളികളുടെയും സമരം പരിപൂർണ്ണമായി വിജയിക്കുമായിരുന്നു എന്ന്. പോലീസും സി. ആർ. പി. യും ഒന്നും ഇല്ലാതെ കണ്ടു നേരിടാൻ തയ്യാറുണ്ടോ എന്ന് അദ്ദേഹം ചോദിച്ചപ്പോൾ എനിക്കു സംശയം തോന്നി അദ്ദേഹം കെ. എസ്. പി. യുടെ കൂടെ പ്രവർത്തിച്ചിട്ടുള്ളതിൻെറ ഫലമായി ഒരു സ്വതന്ത്ര കേരളമാണോ അദ്ദേഹം ആലോചിക്കുന്നതെന്നു തോന്നിപ്പോകുന്നു. ഈ രാജ്യത്ത് കുടിയാനോ കുടികിടപ്പുകാരനോ ഒരു ജൻമിക്കോ ഭൂവുടമയ്ക്കോ എതിരായി നിയമം ലംഘിച്ചുകൊണ്ടു സമരം നടത്തുകയാണെങ്കിൽ നിയമവും ക്രമസമാധാനവും പാലിക്കാൻ വേണ്ടി ഭരണകൂടം രംഗത്തുവരുന്നില്ലെങ്കിൽ അതിൻെറ ഫലമായി കേന്ദ്രത്തിൻെറ ഇടപെടലാണ് ഉണ്ടാകുന്നത്. കേന്ദ്രത്തിൻെറ പോലീസും

LIBRARY ARCHIVES Kerala Legislative Assembly

പട്ടാളവും ആണ് ഇടപെടുന്നത്. അതിൽകൂടി ഈ ഗവൺമെൻറു് നിലംപതിക്കുമെന്നുള്ളത് അദ്ദേഹം മനസിലാക്കുന്നുണ്ടോ എന്നാണു ഞാൻ ചോദിക്കുന്നത്. അതുകൊണ്ടു് ഈ ഗവൺമെൻറിനെ നിലനിർത്തണമെന്നാഗ്രഹിക്കുന്ന ആളുകൾ ആരൊക്കെയാണെന്നു് ശ്രീ. ഇ.എം. ജോർജ്ജിനെപ്പോലെയുള്ളവർക്ക് സംശയമുണ്ട്. എല്ലാ പിൻതിരിപ്പൻമാരും കൊള്ളരുതാത്തവരും ഉണ്ടെന്നാണു് അദ്ദേഹത്തിൻെറ അഭിപ്രായം. ഏതായിരുന്നാലും കഴിഞ്ഞ രണ്ടരക്കൊല്ലക്കാലമായി മാർക്സിസ്റ്റുകമ്മ്യൂണിസ്റ്റു പാർട്ടിയുടെ കീഴിൽനടന്ന വെറുക്കപ്പെട്ട ഭരണത്തെ എതിർക്കാൻവേണ്ടി എല്ലാ വിഭാഗം ആളുകളും മുന്നോട്ടുവന്നിരിക്കുന്നത് സ്വാഗതാർഹമാണെന്നുമാത്രം പ്രസ്താവിച്ചുകൊണ്ട് നന്ദിപ്രമേയത്തെ അനുകൂലിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. ആർ. എസ്. ഉണ്ണി</u>: സർ, ഗവർണ്ണറുടെ പ്രസംഗത്തിനു ശ്രീ. പി. ആർ. കുറുപ്പു് അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിന്താങ്ങുന്നു. പറയുന്നതു പ്രവർത്തിക്കുകയും പ്രവർത്തിക്കാവുന്നതു പറയുകയും ചെയ്യുന്ന ഒരു ഗവൺമെൻറാണിതെന്നാണ് ഈ ഗവൺമെൻറിനു നേതൃത്വം നൽകുന്ന മുഖ്യമന്ത്രി പ്രസ്താവിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട ഗവർണ്ണറുടെ പ്രസംഗത്തിൽ ഗവൺമെൻറു സ്വീകരിച്ചിട്ടുള്ള നയവും ഗവൺമെൻറ് എടുക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങളും സാമാന്യമായി പ്രതിപാദിച്ചിട്ടുണ്ട്. ജനങ്ങളുടെ പ്രശ്നങ്ങളോട് ആഭിമുഖ്യമുള്ള ഒരു ഗവൺമെൻറാണിതെന്നു പറയുന്നതിൽ എനിക്ക് അശേഷം മടിയില്ല. പ്രശ്നങ്ങൾ പരിഹരിക്കുന്ന കാര്യത്തിൽ കൂടുതൽ ശ്രദ്ധിക്കുവാനും കൂടുതൽ ഉഷാറായ നടപടികൾ സ്വീകരിക്കാനുമുള്ള ഒരു സമീപനം ഈ ഗവൺമെൻറു് സ്വീകരിച്ചിട്ടുണ്ട്. ഒരു കാര്യം മാത്രം ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുന്നു. ഈ ഗവൺമെൻറു് തുടർന്നുവരുന്ന നയം അടിസ്ഥാനപരമായി ഇതിനു മുൻപു് ഇവിടെ ഭരിച്ചിരുന്ന ഗവൺമെൻറു തുടർന്നുവന്ന നയമാണ്. അതു പോലീസ് നയമായാലും മററെന്തു നയമായാലും അടിസ്ഥാനപരമായി മാററമില്ല. ഈ ഗവൺമെൻറ് അനുവർത്തിക്കുന്ന പരിപാടികൾ ഐക്യമുന്നണി അംഗീകരിച്ച മിനിമം പരിപാടികളാണു്. എന്നാൽ ഇതിൻെറ പ്രവർത്തനത്തിൽ അങ്ങിങ്ങു ചില അപശബ്ദങ്ങൾ പൊന്തിവന്നിട്ടുണ്ട്. പോലീസ് നയത്തെസംബന്ധിച്ചിടത്തോളം നിരവധി ആക്ഷേപങ്ങളുണ്ടായി. സർ, ഇതു പരിശോധിക്കേണ്ട ഒരു കാര്യമാണ്. ഒരു ജുഡീഷ്യൽ അന്വേഷണം മാത്രമാണോ ഇക്കാര്യത്തിൽ സ്വീകരിക്കേണ്ടതെന്നുള്ളതിനെപ്പററി കാര്യമായി ഗവൺമെൻറു് ആലോചിക്കണമെന്ന് എനിക്കഭിപ്രായമുണ്ട്. സർ, ഈ നയം അടിസ്ഥാനപരമായ നയത്തിൽ നിന്നൊരു വ്യതിയാനമല്ലെങ്കിൽ ഇതെങ്ങനെ പരാജയപ്പെടുന്നു എന്നുള്ളതു നാം പരിശോധിക്കേണ്ടതാണ്. മുൻഗവൺമെൻറിൻെറ കാലത്തും ആ നയം പരാജയപ്പെട്ടിട്ടുണ്ടെന്നുള്ളതിന് നിരവധി ഉദാഹരണങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അന്നും തൊഴിലാളികൾ അവകാശസമരങ്ങൾ നടത്തിയപ്പോൾ മർദ്ദനത്തിനു വിധേയരായിട്ടുണ്ട്, തൊഴിലാളികളുടെ അവകാശസമരങ്ങൾ അടിച്ചമർത്താൻ കഴിഞ്ഞപ്രാവശ്യം ശ്രമിച്ചിട്ടുണ്ട്, വെടിവെയ്പ്പുകൾ നടന്നിട്ടുണ്ട്. അതെല്ലാം നയത്തിൻെറ പോരായ്മയാണെന്നുപറയുന്നതിൽ അർത്ഥമില്ല. അതുപോലെതന്നെ ആ നയം തുടരുന്ന ഈ ഗവൺമെൻറു് ഈ രാജ്യത്ത് നടന്നിട്ടുള്ള പോലീസ് മർദ്ദനങ്ങളെ സംബന്ധിച്ചിടത്തോളം നയത്തിൻെറ പരാജയമാണെന്ന ആരോപണം അതേപടി ശരിവെയ്ക്കണമെന്ന് എനിക്കഭിപ്രായമില്ല. ആ നയം പ്രാവർത്തികമാക്കുന്ന കാര്യത്തിൽ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻമാർ അതിരുകടന്ന് എന്തെങ്കിലും ചെയ്തിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. ഇതു പറയുമ്പോൾ ഒരു കാര്യം വിസ്മരിക്കുന്നതിൽ അർത്ഥമില്ല. എന്തു

LIBRARY ARCHIVES Kerala Legislative Assembly

വന്നാലും ഈ ഗവൺമെൻറിനെ അട്ടിമറിക്കണം ഈ രാജ്യത്തു അക്രമങ്ങളും കുഴപ്പങ്ങളും ഉണ്ടാക്കുമെന്നും ലാത്തിചാർജുകളും വെടിവെയ്പ്പുകളും ഉണ്ടാക്കുമെന്നും അവിസ്മരണീയമായ സംഭവങ്ങളുണ്ടാക്കുമെന്നും പ്രഖ്യാപിക്കുന്ന ഒരു പ്രമുഖ പ്രതിപക്ഷം ഒരു പ്രതിപക്ഷത്തിന്റെ സൃഷ്ട്യുൻമുഖമായ സമീപനത്തിൽനിന്നും വ്യത്യസ്ഥമായി വിനാശകരമായ ഒരു നിലപാട് സ്വീകരിച്ചിരിക്കുന്നുവെന്നുള്ളത് കണക്കിലെടുക്കണം. അതിന്റെ ഫലമായി സ്വാഭാവികമായി കുറെ കുഴപ്പം ഉണ്ടാകും. അതുപോലെതന്നെ നേരത്തേ ഒരു നയം തുടർന്നുവന്നിരുന്നു. ആ നയത്തോട് എതിർപ്പുള്ള ഒരുദ്യോഗസ്ഥ വിഭാഗവും സ്വാഭാവികമായി ഉണ്ട്. ആ നയത്തിൽനിന്നു വ്യതിയാനമുള്ള ഗവൺമെൻറ് മാറിവന്നപ്പോൾ അടിസ്ഥാനപരമായി നയം മാറിയിട്ടുണ്ടെന്നുകരുതി അതിരുകടന്ന ബലപ്രയോഗങ്ങൾ നടത്തിയെന്നു വരാം. അത് അനുവദനീയമല്ല. ക്രമസമാധാനം നിലനിർത്തേണ്ടതാവശ്യമാണു്. അടിസ്ഥാനപരമായ നയം തുടരണം. അതുകൊണ്ടു് ഇക്കാര്യത്തിൽ ഫാക്ട്സ് ഫൈൻഡിംഗിനു വേണ്ടിയുള്ള ഒരന്വേഷണം—അതു നിയമസഭയിൽനിന്നുള്ള കമ്മിററിയായാലും തരക്കേടില്ല—നടത്തണം. അതുപോലെതന്നെ പ്രതിപക്ഷത്തെകൂടി വിശ്വാസത്തിലെടുക്കുന്ന ഒരു സമീപനം ഈ ഗവൺമെൻറു സ്വീകരിക്കണം. പ്രതിപക്ഷനേതാവിനെയും മറെറല്ലാ കക്ഷി നേതാക്കൻമാരെയും വിളിച്ചിരുത്തി ഈ രാജ്യത്തെ ക്രമസമാധാന നില സംരക്ഷിക്കുന്നതിന് എന്തു നടപടി സ്വീകരിക്കണമെന്നുള്ളതിനെപ്പററി കൂടിയാലോചിക്കേണ്ടതാണ്. മററു കാര്യങ്ങളെ സംബന്ധിച്ചൊന്നും ഈയവസരത്തിൽ ഒന്നും പറയണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല. ഭൂപരിഷ്ക്കരണനിയമം ഇവിടെ നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചുവരുകയാണ്. ഈ നിയമം നടപ്പിലാകുന്നതോടെ നമ്മുടെ രാജ്യത്ത് ഉൽപ്പാദന ബന്ധങ്ങളിൽ വലിയ മാററം ഉണ്ടാകാൻ പോകുകയാണ്. ഈ രാജ്യത്തെ കാർഷികപ്രശ്നം എല്ലാ അർത്ഥത്തിലും പരിഹരിക്കപ്പെടുന്നു എന്ന് ഞാൻ അവകാശപ്പെടുന്നില്ല. എങ്കിലും ഈ നിയമത്തിന്റെ പ്രയോജനം വളരെ വലുതാണ്. നമ്മുടെ രാജ്യത്തെ അഭിമുഖീകരിക്കുന്ന ഏററവും വലിയ പ്രശ്നമായ തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ ഗവൺമെൻറു സ്വീകരിക്കണം. മൂലധനം സ്വരൂപിക്കാനും പുതിയ വ്യവസായങ്ങൾ വൻകിടവ്യവസായങ്ങളും ചെറുകിട വ്യവസായങ്ങളും —ഈ രാജ്യത്തുണ്ടാക്കാനുള്ള ഒരു അടിയന്തിര പദ്ധതി ഗവൺമെൻറ് ഉടനടി ആവിഷ്ക്കരിക്കേണ്ടതാണ്. സർ, ഇക്കാര്യത്തെപ്പററി ഗവർണ്ണറുടെ പ്രസംഗത്തിൽ വളരെ വ്യക്തമായൊന്നും സൂചിപ്പിച്ചിട്ടില്ല. ആ നയം അവ്യക്തമായി ഇതിൽ കാണുന്നുണ്ട്. അതു പോരാ. വളരെ വ്യക്തമായ ഒരു പദ്ധതി ഈ ഗവൺമെൻറ് ആസൂത്രണം ചെയ്യണം. ഈ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം ഇതിന്റെ അടിസ്ഥാനത്തെ സംബന്ധിച്ചും ഇതു അധികാരത്തിൽവന്ന സാഹചര്യത്തെസംബന്ധിച്ചുമെല്ലാം ഇവിടെ പല പരാമർശങ്ങളും ഉണ്ടായി. ഐക്യമുന്നണിക്ക് ഭൂരിപക്ഷംകിട്ടി ഇവിടെ 1967—ൽ ഒരു ഗവൺമെൻറ് രൂപികരിച്ചു ആ ഗവൺമെൻറു് എങ്ങനെ തകർന്നു എന്നുള്ളതിനെപ്പററി വസ്തുനിഷ്ഠമായി പ്രതിപക്ഷത്തിരിക്കുന്ന സ്നേഹിതൻമാർ എത്രമാത്രം ആലോചിക്കുന്നുണ്ട് എന്നുള്ളതിൽ എനിക്കു സംശയമുണ്ട്. ആ ഐക്യമുന്നണി പൊളിച്ചതിന്റെ ഉത്തരവാദിത്വം ആർക്കാണ്? ഇന്നത്തെ പ്രതിപക്ഷനേതാവും മുമ്പിലത്തെ മുഖ്യമന്ത്രിയുമായിരുന്ന ഇ. എം. എസ്സിന്റെ അക്കാര്യത്തെസംബന്ധിച്ച ഒരു പ്രസ്താവന അദ്ദേഹത്തിന്റെ ഒരു പുസ്തകത്തിൽനിന്നും ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

വായിക്കുകയാണ്. 'കമ്മ്യൂണിസ്റ്റുപാർട്ടിയും ഐക്യമുന്നണിയും' എന്ന അദ്ദേഹത്തിന്റെ ലഘുലേഖയിലെ അവസാനത്തെ രണ്ടു പാരഗ്രാഫുകളാണു ഞാൻ വായിക്കുന്നത്.

"...........അതായത് മൗലികപ്രാധാന്യമുള്ള പ്രശ്നങ്ങളിൽ പ്രത്യക്ഷപ്പെടുന്ന ആശയവൈരുദ്ധ്യം മറച്ചുപിടിക്കരുതെന്ന നിർബന്ധബുദ്ധി, ആശയവൈരുദ്ധ്യത്തിനു രൂപം നൽകുന്നതിന്റെ രീതി മുന്നണിയുടെ തകർക്കലിൽ ചെന്നെത്തരുതെന്ന ജാഗ്രതാബോധവും കമ്മ്യൂണിസ്റ്റു മാർക്സിസ്റ്റു പാർട്ടിക്കുണ്ട്. ഇതിനു മുമ്പു സൂചിപ്പിച്ചതുപോലെ മുന്നണിയിൽനിന്നു് ഒരു പാർട്ടിയും സ്വയം പോകുകയോ ഒരു പാർട്ടിയെ മററുള്ളവർ പുറത്താക്കുകയോ ചെയ്യരുതെന്നു മാത്രമല്ല അഭിപ്രായഭേദങ്ങളും ആശയവൈരുദ്ധ്യവുമുള്ള പ്രശ്നങ്ങളെക്കുറിച്ചു നടത്തുന്ന ചർച്ചയും ആശയ സമരവും മുന്നണിക്ക് ആകെ പൊതുവിൽ സ്വീകരിക്കാവുന്ന ഒരു സമീപനത്തിൽ എത്തുന്നതിനു സഹായകമായ രീതിയിലായിരിക്കണം നടക്കേണ്ടതെന്നുകൂടി പാർട്ടിക്കു നിർബന്ധമുണ്ടു്.

ഇതിനു മുൻപു വിശദീകരിച്ചതുപോലെ, 'ഐക്യം സമരം വീണ്ടും ഐക്യം' ഈ പ്രക്രിയയിലൂടെ ഐക്യമുന്നണിക്കു് അകത്തുള്ള വൈരുദ്ധ്യം മറച്ചു പിടിക്കാതെ പുറത്തുകൊണ്ടുവരികയും എന്നാൽ അതു പുറത്തുവന്നാൽ അതിൽ അടങ്ങിയ വൈരുദ്ധ്യത്തിനു പരിഹാരം കാണുകയും ചെയ്യുക എന്ന സമീപനം അംഗീകരിക്കണമെന്നർത്ഥം. അതിനു സഹായകമായ രീതിയിലായിരിക്കണം കോർഡിനേഷൻ കമ്മിററി ഈ പ്രശ്നം ചർച്ച ചെയ്യേണ്ടതെന്നാണ് എന്റെ അഭിപ്രായം. ഐക്യം തകർന്നാലോ എന്നു ഭയന്ന് പറയാനുള്ളത് പറയാതിരിക്കുക, പറയാനുള്ളതു് പറഞ്ഞിട്ടു് അവസാനം വൈരുദ്ധ്യം തീർക്കുന്നതിനു പകരം പറഞ്ഞു പറഞ്ഞ് ഐക്യം തകർക്കുക, ഈ രണ്ടു തെററുകളും ഒഴിവാക്കിക്കൊണ്ടുള്ള സമീപനം എല്ലാവരും അംഗീകരിക്കുമെന്നു ഞാൻ കരുതുന്നു. ഞങ്ങളുടെ പാർട്ടി ഏതായാലും ആ സമീപനം ആണു് അംഗീകരിക്കുന്നത്........."

സർ, ഈ സമീപനമാണോ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റുപാർട്ടി അതിന്റെ നടപടികളിൽകൂടി സ്വീകരിച്ചിട്ടുള്ളത്. മാർക്സിസ്റ്റു പാർട്ടിയിലെ സുഹൃത്തുക്കൾ ശാന്തമായും കാര്യഗൗരവത്തോടുകൂടിയും ആലോചിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു. ഒക്ടോബർ 3-ാം തീയതി ഒരു പ്രമേയം ഈ നിയമസഭ പാസ്സാക്കി. അതു പാസ്സാക്കിയിട്ടില്ലെന്നു മാർക്സിസ്റ്റു പാർട്ടിയുടെ സ്റേററു സെക്രട്ടറിയേററു പറഞ്ഞു. പാസ്സാക്കിയെന്നു ഇ. എം. എസ്. പറഞ്ഞു. പാസ്സാക്കിയെന്നുപറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം നടപടി സ്വീകരിച്ചു. സർ, അദ്ദേഹം സ്വീകരിച്ച നടപടി ഐക്യമുന്നണിയുടെ നിലനിൽപ്പിനു സഹായകമായിരുന്നോ? തീർച്ചയായും ഇല്ല. അദ്ദേഹത്തിന്റെ 17-ാം തീയതിയിലെ നിയമസഭയിലെ പ്രസ്താവന ഐക്യമുന്നണി പൊളിക്കുന്നതിനു സഹായകമാണ്; പൊളിക്കുന്നതിനിടയാക്കിയിട്ടുള്ളതാണ്. അതിനുശേഷം അദ്ദേഹം സ്വീകരിച്ചിട്ടുള്ള നടപടികളെന്താണ്? ആ പ്രമേയത്തിൽനിന്നുയർന്നുവന്ന അഭിപ്രായങ്ങളുടെ പ്രതികരണമെന്നുള്ള നിലയിൽ ഒരു 'സബ്സ്ററാൻറീവ് മോഷൻ ഈ നിയമസഭ പാസ്സാക്കി. ഒരു അനൗദ്യോഗികപ്രമേയം പാസ്സാക്കിയിട്ടും അതവിശ്വാസമാണെന്നുള്ള കീഴ്വഴക്കമില്ലാത്ത ഈ നിയമസഭയിൽ (ഗവൺമെൻറ് എതിർപ്പുണ്ടായിരുന്ന അവസരങ്ങളിൽ പോലും) വെറും ഒരു സബ്സ്ററാൻറീവ് മോഷൻ പാസ്സാക്കുന്നത് അവിശ്വാസമായി പരിഗണിച്ച് രാജിവെച്ചത് ശരിയാണോ? അദ്ദേഹം രാജിവെച്ചു.

LIBRARY ARCHIVES Kerala Legislative Assembly

എന്നിട്ട് അദ്ദേഹം പ്രസ്താവിച്ചതെന്താണ്? ഈ നിയമസഭ പിരിച്ചുവിടരുതെന്നാണ്. നിയമസഭ പിരിച്ചുവിടരുതെന്നദ്ദേഹം ഗവർണ്ണറോട് ഉപദേശിച്ചു. അതിന്റെ അർത്ഥമെന്താണ്? ഒരു കക്ഷിക്കോ അല്ലെങ്കിൽ കക്ഷികൾക്കോ മന്ത്രിസഭ രൂപീകരിക്കാനുള്ള അവസരം നൽകണമെന്നാണ്. മററു കക്ഷികൾ ചേർന്ന് ഒരു മന്ത്രിസഭ രൂപീകരിച്ചു. ആ ഗവൺമെൻറിനു ഭൂരിപക്ഷമുണ്ടോ ഇല്ലയോ എന്നുള്ള വാദമാണ് ഇപ്പോൾ. 1965-ൽ ശ്രീ. ഇ. എം. എസ്. തിരഞ്ഞെടുപ്പു കഴിഞ്ഞു സ്വീകരിച്ച നിലപാടെന്താണ്? മറെറാരു കക്ഷിക്കും ഭൂരിപക്ഷമില്ലെങ്കിലും കൂടുതൽ അംഗങ്ങളുള്ള കക്ഷികളെ ഒരു മന്ത്രിസഭ രൂപീകരിക്കാൻ ഗവർണ്ണർ അനുവദിക്കണമെന്നാണ് അന്നു പറഞ്ഞത്. ഒരു ഗവൺമെൻറിനു ഭൂരിപക്ഷ പിന്തുണയുണ്ടോ എന്നുള്ളതു നിയമസഭയിലാണ് തീരുമാനിക്കേണ്ടത്, ഗവർണറല്ല എന്ന് അന്നു ഇ. എം. എസ്. പറഞ്ഞു. ആ വാദം ശരിയാണെങ്കിൽ അതൊരു ജനാധിപത്യവാദമായിട്ട് അംഗീകരിക്കുമെങ്കിൽ ഈ ഗവൺമെൻറിനു ഭൂരിപക്ഷമുണ്ടോ എന്നു തെളിയിക്കാൻ നിയമസഭയിൽ തയ്യാറാണെന്നു പറയുന്ന വാദഗതിക്ക് എന്തു അപ്രസക്തമാണെന്നു ഞാൻ ചോദിക്കുകയാണ്. സർ, നിയമസഭ പിരിച്ചുവിടണമെന്നും പൊതുതിരഞ്ഞെടുപ്പ് നടത്തണമെന്നുമാണ് അവർ ഇപ്പോൾ പറയുന്നത്. പൊതുതിരഞ്ഞെടുപ്പ് നടത്തിയാൽ ഈ രാജ്യത്തിന്റെ ഭാവി എന്തായിരിക്കും? അടുത്ത പൊതുതിരഞ്ഞെടുപ്പിൽക്കൂടി ഈ രാജ്യത്ത് ഒരു ഗവൺമെൻറു രൂപീകരിക്കാനുള്ള ഭൂരിപക്ഷം ഏതെങ്കിലുമൊരു കക്ഷിക്ക് കിട്ടുമോ? ഒരു കക്ഷിക്കും കിട്ടിയില്ലെങ്കിൽ വീണ്ടും തിരഞ്ഞെടുപ്പാണോ അതോ വീണ്ടും പ്രസിഡൻറു ഭരണമാണോ എന്നുള്ളതിനെ സംബന്ധിച്ച് വ്യക്തമായ ഒരഭിപ്രായം വേണം. തെരഞ്ഞെടുപ്പുവേണമെന്നു പറഞ്ഞു. എന്താണ് അവരുടെ ഇപ്പോഴത്തെ നിലപാട്? എന്തുനിലപാടാണ് മാർക്സിസ്ററു പർട്ടിക്ക് ഈ രാജ്യത്തിന്റെ ഭാവിയെസംബന്ധിച്ചിടത്തോളം, കേരളഭരണത്തെസംബന്ധിച്ചിടത്തോളം ഉള്ളതെന്നു അവർ വ്യക്തമാക്കിയിട്ടില്ല. ഈ രാജ്യത്തിന് ഇരുളടഞ്ഞ ഒരു ഭാവിയാണോ സങ്കൽപ്പിക്കുന്നത്? തിരഞ്ഞെടുപ്പു കഴിഞ്ഞു നിയമസഭ വിളിച്ചുകൂട്ടാതെ ഒരു കക്ഷിയേയും മന്ത്രിസഭ രൂപീകരിക്കാൻ അനുവദിക്കാതെയും നിയമസഭ പിരിച്ചുവിടുന്നതു തെററാണ്. എന്നാൽ ഒരു കക്ഷി നിയമസഭയിൽ ഭൂരിപക്ഷം അവകാശപ്പെട്ടുകൊണ്ടു ഭരണം നടത്തുമ്പോൾ നിയമസഭ പിരിച്ചുവിട്ടു പ്രസിഡൻറുഭരണം ഏർപ്പെടുത്തുന്നതു ശരിയാണോ? നായ്ക്കാട്ടത്തിനു പെരുംതലയെന്നും ഇളംതലയെന്നുമുള്ള വ്യത്യാസമുണ്ട്. പ്രസിഡൻറുഭരണം ചിലകാര്യങ്ങളിൽ ചീത്തയാണ്, നല്ലതാണ് ചിലകാര്യങ്ങളിൽ എന്നുള്ള ഭാഷ്യം എവിടെനിന്നു വന്നു? ഭൂരിപക്ഷ പിന്തുണയാണു പ്രശ്നമെങ്കിൽ കേന്ദ്രത്തിൽ ഒരു ഗവൺമെൻറിനെ നിലനിർത്താൻവേണ്ടി വോട്ടു ചെയ്യുകയും നിലനിർത്തുന്നതിന് അനുകൂലമായ നടപടി സ്വീകരിക്കുകയും ചെയ്യുന്ന നയം എന്തിന് ഈ പാർട്ടി സ്വീകരിക്കണം?

സർ, ഏതു പ്രശ്നത്തിലും അടിസ്ഥാനപരമായ ഒരു തത്വമാണ് സ്വീകരിച്ചിട്ടുള്ളതെങ്കിൽ ഒരു കക്ഷിക്ക് നിയമസഭയിൽ ഭൂരിപക്ഷമില്ലെങ്കിൽ ഭരണത്തിൽ തുടർന്നുകൂടെന്നുള്ളത് ഒരു അടിസ്ഥാനതത്വമെന്നുള്ളതാണെങ്കിൽ ശ്രീമതി ഇന്ദിരാഗാന്ധിയുടെ ഗവൺമെൻറ് അധികാരത്തിൽ തുടരുന്നതിനെ എങ്ങനെ അംഗീകരിക്കാൻ സാധിക്കും. ഇവിടെ ഒരു നയം അവിടെ വേറൊരുനയം. ഇവിടെ നിയമസഭയിൽ ഭൂരിപക്ഷമുണ്ടോയെന്നുള്ളതാണു പ്രശ്നമെങ്കിൽ അത് ഇവിടെ തെളിയിക്കാവുന്നതാണ്. ഈ ഗവൺമെൻറിന് ഭൂരിപക്ഷമില്ലെന്നു ബോധ്യപ്പെട്ടാൽ, നിയമസഭയിൽ ഭൂരിപക്ഷ പിൻതുണയില്ലെന്നു ബോധ്യപ്പെട്ടാൽ ആ നിമിഷം രാജിവച്ചൊഴിയാൻ

LIBRARY ARCHIVES Kerala Legislative Assembly

സന്നദ്ധമാണെന്ന് ഈ മന്ത്രിസഭയുടെ നേതാവു് പരസ്യമായി പ്രസ്താവിച്ചിട്ടുണ്ട്. സർ, ശ്രീമാൻ ഇ. എം. എസ്. കഴിഞ്ഞനിയമസഭാസമ്മേളനത്തിൽ സഖ്യകക്ഷികളോട് ചോദിച്ച ഒരു ചോദ്യം അദ്ദേഹത്തിന്റെ കക്ഷിയുടെ ഉപനേതാവിനോട് ചോദിക്കാൻ ഞാനാഗ്രഹിക്കുന്നു. ഇവിടെ ജനങ്ങളുടെ പിൻതുണയില്ലെങ്കിൽ ഭൂരിപക്ഷമില്ലാത്ത ഈ ഗവൺമെന്റിനെ ഒരു അവിശ്വാസത്തിൽ പുറന്തള്ളൂ. ഭൂരിപക്ഷം ഈ നിയമസഭയിൽ ഈ ഗവൺമെന്റിന് ഇല്ലെന്നു തെളിയിച്ച് ഈ മന്ത്രിസഭയെ പുറംതള്ളാൻ എന്തുകൊണ്ടു നിങ്ങൾക്കു കഴിയുന്നില്ല. നിങ്ങൾ ഒരു അവിശ്വാസപ്രമേയം അവതരിപ്പിക്കാൻ തയ്യാറാണോയെന്ന് ഞാൻ ചോദിക്കുകയാണ്. സാധാരണമന്ത്രിസഭയ്ക്ക് എതിരായി അവിശ്വാസപ്രമേയം അവതരിപ്പിക്കുകയില്ലെ ഈ മന്ത്രിസഭയ്ക്ക് ഭൂരിപക്ഷമില്ലെന്നു പറയുക. ഇവിടെ അതല്ലാതെ അതിനുള്ള ധൈര്യംകാണിക്കാതെ രാജിവയ്ക്കണമെന്നു പറയുക, നിയമസഭ പിരിച്ചുവിടണമെന്നു പറയുക, ഇതാണ് നയമെങ്കിൽ അത് നിഷേധാത്മകമായ ഒരു അവസ്ഥയാണ്. ഈ നയമുപേക്ഷിച്ച് പ്രതിപക്ഷമെന്നുള്ളനിലയിൽ സൃഷ്ട്യുൻമുഖമായ സമീപനവും ഒരു കാഴ്ചപ്പാടും മാർക്സിസ്റ്റുകമ്മ്യൂണിസ്റ്റു പാർട്ടി സ്വീകരിക്കണമെന്നു വിനീതമായി ഞാൻ അവരോട് അഭ്യർത്ഥിക്കുന്നു. സർ, വളരെ നിഷേധാത്മകമായ വിനാശകരമായ സ്വയം കൃതാനർത്ഥം മൂലം തെററിൽനിന്നും തെററിലേയ്ക്ക് വഴുതിവീഴുന്നത് അവർ സൂക്ഷിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്. സർ, കൃതജ്ഞതാപ്രമേയത്തെ ഒന്നുകൂടി പിൻതാങ്ങിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. സി. കണ്ണൻ:</u> സർ, ഗവർണ്ണറുടെ പ്രസംഗത്തെസംബന്ധിച്ച് സംസാരിക്കുമ്പോൾ ആ പ്രസംഗത്തിലെ ഒരു പ്രസക്തമായ ഭാഗത്തെ പരാമർശിച്ചാണു സംസാരിക്കാൻ ഞാനാഗ്രഹിക്കുന്നത്. ഈ കേരള റോഡുട്രാൻസ്പോർട്ടുകാർപ്പറേഷന്റെ ധനസ്ഥിതി മെച്ചപ്പെടുത്താൻ എന്റെ ഗവൺമെൻറ് ഉചിതമായ നടപടികൾ എടുക്കുന്നുണ്ട്. പടിപ്പടിയായുള്ള ഒരു പരിപാടിയനുസരിച്ച് ട്രാൻസ്പോർട്ടു കാർപ്പറേഷനിൽ ദേശസാൽക്കരണം ഏർപ്പെടുത്തുന്നതാണ്. ഉചിതമായ നടപടി എന്നുള്ളതിനെസംബന്ധിച്ചും പരിപാടിയനുസരിച്ചുള്ള ട്രാൻസ്പോർട്ടു സർവ്വീസ് ദേശസാൽക്കരണത്തെസംബന്ധിച്ചും ആണ് എനിക്കു സംസാരിക്കാനുള്ളത്. ഈ ട്രാൻസ്പോർട്ടിന്റെ ധനസ്ഥിതി മെച്ചപ്പെടുത്താനുള്ള ഉചിതമായ നടപടികളുടെ ഭാഗമായിട്ടുമാണോ ഈ ഗവൺമെൻറ് അധികാരത്തിൽ വന്നയുടനെ തന്നെ മുമ്പത്തെ കരാറുകളെപ്പററി പരിശോധിക്കാതെ, മുമ്പത്തെ എഗ്രിമെൻറുകളെപ്പററി പരിശോധിക്കാതെ, ട്രേഡുയൂണിയൻ സംപ്രദായങ്ങളെപ്പററി ചിന്തിക്കാതെ ഏകപക്ഷീയമായി ക്രൂരമായ നിലയിൽ 640 ഓളം തൊഴിലാളികളെ പിരിച്ചുവിട്ടതെന്ന് എനിക്ക് അറിയേണ്ടതുണ്ട്. ഈ രാജ്യത്തിൽ ഒരു തൊഴിൽവ്യവസ്ഥയുണ്ട്. തൊഴിലാളികൾ, സംഘടിതതൊഴിലാളികൾ സമരംചെയ്തുനേടിയ ചില വ്യവസ്ഥകൾ ഈ രാജ്യത്തുണ്ട്. അവാർഡുകൾ ലംഘിക്കുകയെന്നുള്ളത് unfair labour practice ആണെന്ന് ഈ രാജ്യത്തെ എല്ലാക്കോടതികളും ലേബർകോടതികളും സുപ്രീം കോടതിയടക്കം തീരുമാനിച്ചിട്ടുള്ള സംഗതിയാണ്. ട്രാൻസ്പോർട്ടു കാർപ്പറേഷനിലെ മാനേജുമെൻറും ട്രാൻസ്പോർട്ടുകാർപ്പറേഷനിൽ ഇന്നു പ്രവർത്തിക്കുന്ന തൊഴിലാളിസംഘടനകളുംകൂടി ചേർന്ന് ഉണ്ടാക്കിയ കരാറിനു കൺസിലിയേഷൻ അവാർഡിന് വിരുദ്ധമായിട്ടാണ് ഇന്നത്തെ ഗവൺമെൻറ് അധികാരത്തിൽവന്ന ഉടനെ ഏകപക്ഷീയമായി ഇത്രയുമധികം തൊഴിലാളികളെ പിരിച്ചുവിട്ടിട്ടുള്ളത് എന്നാണ് എനിക്കു പറയാനുള്ളത്. ഇത് ധനസ്ഥിതിനന്നാക്കാനുള്ള ഉദ്ദേശത്തോടുകൂടിയാണെങ്കിൽ ഫലം ട്രാൻസ്പോർട്ടിന്റെ ധനസ്ഥിതി നന്നാക്കത്തക്കനിലയിലല്ല നീങ്ങിക്കൊണ്ടിരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

ന്നതെന്ന് എനിക്കു പറയാനുണ്ട്. നമ്മുടെ ഈ ട്രാൻസ്‌പോർട്ടു കാർപ്പറേഷനിൽ പ്രവർത്തിക്കുന്ന വ്യത്യസ്ത യൂണിയനുകളുടെ പ്രതിനിധികളും ട്രാൻസ്‌പോർട്ടു കാർപ്പറേഷന്റെ മാനേജുമെന്റുംകൂടി ഉണ്ടാക്കിയ ഒരു എഗ്രിമെന്റിലെ ചിലവ്യവസ്ഥകൾ എനിക്കു ഇവിടെ പ്രസ്താവിക്കേണ്ടതുണ്ട്. അതു പ്രൊവിഷണൽ അപ്പായിന്റുമെന്റിനെ സംബന്ധിച്ചുള്ളതാണ്. 1968 ജൂലൈ 10—ാം തീയതി ഉണ്ടാക്കിയ ഒരു കരാറാണ് ഇത്. അതിൽ രണ്ടാമത്തെ ഐറ്റത്തിൽ (എ) എന്ന ഖണ്ഡികയിൽ പറയുന്നത് ഇങ്ങനെയാണ്;

> 'The employees temporarily engaged through channels other than the Recruitment Board and the Corporation will not be retrenched from the service of the Corporation provided there are vacancies'.

വേക്കൻസിയുണ്ടെങ്കിൽ റിക്രൂട്ടുമെന്റു ബോർഡിൽക്കൂടി എടുത്തതല്ലെങ്കിൽപോലും പിരിച്ചുവിടുകയില്ലെന്നുള്ളതാണ് ആ കരാറ്. ഇതുവരെ ഈ കാർപ്പറേഷനിലെ ആളുകളെ റിക്രൂട്ടുചെയ്തിരുന്നത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴിയായിരുന്നു. എംപ്ലായ്മെന്റ് എക്സ്ചേഞ്ചുവഴി എടുക്കുന്നത് ഡി. ടി. ഓ. യോ, ഏ. ടി. ഓ. യോ വർക്ക്സ് മാനേജരോ ആണ്. അങ്ങനെ നിയമിക്കപ്പെടുന്നവരെ സ്ഥിരപ്പെടുത്തുന്ന സംപ്രദായമാണുണ്ടായിരുന്നത്. എന്നാൽ എംപ്ലായ്മെന്റ് മുഖേന എടുക്കുന്നത് നിറുത്തൽചെയ്യണമെന്നും ടെമ്പററിപോസ്റ്റുകൾ ആണെങ്കിൽപോലും കാർപ്പറേഷൻ നേരിട്ട് എടുക്കണമെന്നും കാർപ്പറേഷനിൽ പണിയെടുക്കുന്ന തൊഴിലാളിസംഘടനകൾ നിരന്തരമായി ആവശ്യപ്പെട്ടതിന്റെ ഫലമായിട്ടാണ് ടെമ്പററി പോസ്റ്റുകൾപോലും റിക്രൂട്ടുമെന്റുബോർഡുകൾ വഴി നോട്ടിഫിക്കേഷൻ നടത്തി ആപ്ലിക്കേഷൻ ക്ഷണിച്ച് ഇന്റർവ്യൂ നടത്തി ടെസ്റ്റുനടത്തി എടുക്കാൻ തീരുമാനിച്ചത്. ഇന്നു പിരിച്ചുവിടപ്പെട്ടവർ അങ്ങനെ ആപ്ലിക്കേഷൻ ക്ഷണിക്കപ്പെട്ടവരാണോ ആപ്ലിക്കേഷൻ ക്ഷണിക്കാത്തവരാണോ എന്നു മന്ത്രി പരിശോധിച്ചിട്ടുണ്ടോയെന്നാണ് നമുക്ക് അറിയേണ്ടത്. ഞാൻ അതാണു പറഞ്ഞത് ഈ രാജ്യത്തു ഒരു തൊഴിൽവ്യവസ്ഥയുണ്ട്. എഗ്രിമെന്റുകളും കരാറുകളും ലംഘിക്കുന്ന ഈ രാജ്യത്ത് ട്രേഡുയൂണിയനുകൾ സമരം ചെയ്തു നേടിയതാണ് ഇത്. എഗ്രിമെന്റുകൾ ലംഘിക്കുന്നതു തൊഴിൽത്തർക്കനിയമത്തിലെ വ്യവസ്ഥകൾക്കെതിരാണ്. 68 ജൂലൈ 10—ാം തീയതി ഉണ്ടാക്കിയ കൺസിലിയേഷൻ എഗ്രിമെന്റ് ഏകപക്ഷീയമായി ലംഘിച്ചിരിക്കുകയാണ്. ഇത് തൊഴിൽത്തർക്കനിയമത്തിലെ വകുപ്പുകൾക്കു വിരുദ്ധമാണ്. അത് ബഹുമാനപ്പെട്ട മന്ത്രി നോക്കാതെ അധികാരത്തിൽവന്ന ഉടനെതന്നെ മുൻവിധിയോടുകൂടി മുൻധാരണയോടുകൂടിയാണ് ഇതു ചെയ്തിട്ടുള്ളത്. മന്ത്രിയാകുന്നതിനുമുൻപ് അദ്ദേഹം ഈ സഭയിൽ പ്രഖ്യാപിച്ചതുപോലെ ഞാനാണ് അധികാരത്തിലിരുന്നതെങ്കിൽ ഇവരെയെല്ലാം പിരിച്ചുവിടുമായിരുന്നു എന്നു പ്രഖ്യാപിച്ചതുപോലെ മന്ത്രിയായപ്പോൾ അദ്ദേഹം അതു ചെയ്തു. ഏറ്റവും വലിയ തൊഴിലാളിദ്രോഹമായിട്ടാണ് എനിക്കു ഇതിനെ കാണാൻ സാധിക്കുന്നത്. ഇതു ട്രാൻസ്‌പോർട്ട് കാർപ്പറേഷന്റെ ധനസ്ഥിതി മെച്ചപ്പെടുത്താൻ ആണെന്നാണ് മന്ത്രി പറയുന്നത്. ധനസ്ഥിതി മെച്ചപ്പെടുകയില്ല. തൊഴിലാളികളെ പിരിച്ചുവിട്ടതുകൊണ്ട് എത്രയോ ഷെഡ്യൂളുകൾ ഇന്നു കാൻസൽ ചെയ്തിരിക്കുകയാണ്. പത്രങ്ങളിൽ തന്നെ ഷെഡ്യൂളുകൾ ക്യാൻസൽ ചെയ്തതായി വന്നിട്ടുണ്ട്. ഡ്രൈവേഴ്സ് ഇല്ലാത്തതുകൊണ്ട് പലസ്ഥലങ്ങളിലും ഷെഡ്യൂളുകൾ ക്യാൻസൽ യ്തിരിക്കുന്നു എന്നു പത്രറിപ്പോർട്ടുകളുണ്ട്. ഡ്രൈവറൻമാരില്ലാത്തതു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട് പല ഷെഡ്യൂളുകളും കോഴിക്കോട് നിറുത്തൽ ചെയ്തതായി പത്രത്തിൽ റിപ്പോർട്ടുണ്ടായിരുന്നു. ഓരോദിവസവും 19, 14, 16, 13, 18 എന്നീ തോതിൽ ഡ്രൈവറൻമാരില്ലാത്തതുകൊണ്ട് ഷെഡ്യൂളുകൾ ക്യാൻസൽചെയ്തിരിക്കുന്നു എന്നാണ് പറയുന്നത്.

ട്രാൻസ്പോർട്ടിൽ യാഡ്സ്റ്റിക്ക് എന്നു പറയുന്ന ഒരു സംപ്രദായമുണ്ട്. ഒരു ഷെഡ്യൂളിൽ ഇത്ര ഡ്രൈവറൻമാർ വേണമെന്നു പറയുന്നുണ്ട്. 9.5 ആണ് അംഗീകരിക്കപ്പെട്ട ഷെഡ്യൂൾ. ഒരു ബസ്സിന് 9.5+റിസർവ് ഒന്ന്. അങ്ങനെ ഒരു ബസ്സിന് 10.5 ആണ് ഇന്ന് ആളുകൾ വേണ്ടത് അതിൽ എത്രയോ കുറവാണ് ഇന്ന് ഈ രാജ്യത്തുള്ളത്. ഏതാണ്ട് രണ്ടായിരത്തിലധികം വർക്കേഴ്സ് ഇന്നു ട്രാൻസ്പോർട്ടിൽ കുറവാണ്. ഇന്നുള്ള ഷെഡ്യൂളുകൾ ശരിക്കു കൊണ്ടുപോകാൻ തന്നെ ആളുകൾ ഇല്ലാതിരിക്കുമ്പോഴാണ് എംപ്ലായ്മെൻറ് എക്സ്ചേഞ്ചുവഴിയല്ലാതെ റിക്രൂട്ടുമെൻറു ബോർഡുവഴി ആപ്ലിക്കേഷൻ കാൾഫാറുചെയ്ത്. ഇൻറർവ്യൂ നടത്തി ടെസ്ററ് നടത്തി എടുത്ത ആളുകളെ പിരിച്ചുവിട്ടത്. ഈ മാതിരി ടെസ്ററുകൾ നടത്തി എടുത്ത ആളുകളെയല്ല ഏകപക്ഷീയമായി പിരിച്ചുവിട്ടതെന്ന് ബഹുമാനപ്പെട്ട മന്ത്രിക്കു പറയാൻ സാധിക്കുമോ? സർവ്വീസ് ക്യാൻസൽ ചെയ്തിരിക്കുകയാണ്. ട്രാൻസ്പോർട്ട് ഷെഡ്യൂളുകൾ ഇല്ലാതാക്കി തീർത്തിരിക്കുകയാണ്. ഇതാണോ ലാഭകരമായിത്തീർക്കാനുള്ള പരിപാടി. ഇതു പ്രൈവററ് മുതലാളിമാരെ സഹായിക്കുന്ന നടപടിയാണ്. ഈ തവണത്തെ ശബരിമല സീസണിൽ തിരുവനന്തപുരത്തു നിന്നും ഇൻറർനാഷണൽ ട്രാവൽസ് വർമ്മാ ട്രാവൽസ് തുടങ്ങിയ പ്രൈവററ് കമ്പനിക്കാർ സീററു റിസർവുചെയ്തു വണ്ടി ഓടിക്കുന്നുണ്ട്. തിരുവനന്തപുരം സിററിയിൽ നിന്നു മുൻകൂട്ടി ടിക്കററു റിസർവു ചെയ്തു ബസ് ഓടിച്ചോ എന്നന്വേഷിക്കണം. കഴിഞ്ഞതവണത്തേക്കാൾ എത്ര കുറച്ചാണ് സ്റേററു ട്രാൻസ്പോർട്ടുവക ബസ്സുകൾ ഓടിയതെന്നുള്ളകാര്യം ബഹുമാനപ്പെട്ട മന്ത്രി അന്വേഷിക്കണം. മലബാർ ഭാഗങ്ങളിൽ പ്രൈവററു ബസ് ഉടമസ്ഥൻമാർ ടി. പി. കൊടുത്ത് ചാലക്കയെത്തേയ്ക്ക് ബസ്സ് ഓടിക്കുകയാണ്. ഇതിനുപുറമേ സ്പെഷ്യൽ ബസ്സുകൾ ഓടും. ചില അയ്യപ്പൻമാർ ബസ്സു പിടിച്ച് പോകുന്നുണ്ട്. തിരുവനന്ദപുരം സിററിയിൽ ചെയ്തതായ സംഗതിയെപ്പററിയാണു ഞാൻ പറയുന്നത്. കഴിഞ്ഞ കൊല്ലത്തെ ഈ ശബരിമല ഉൽസവത്തിനുകിട്ടിയ കളക്ഷനും ഈ തവണകിട്ടിയ കളക്ഷനും ഒന്നു താരതമ്യപ്പെടുത്തിനോക്കണം. ആളുകളെ പിരിച്ചുവിട്ടും മററും ലാഭമുണ്ടാക്കുകയല്ല വേണ്ടത്. ലാഭംമാത്രമാണ് ഗവൺമെൻറിൻെറ ഉദ്ദേശമെങ്കിൽ ഈ ആറുകോടിരൂപാ വാങ്ങി ബാങ്കിലിട്ട് പലിശവാങ്ങിച്ച് ലാഭമുണ്ടാക്കാവുന്നതാണ്. ഈ രാജ്യത്ത് പബ്ലിക്ക് യൂട്ടിലിററി സർവ്വീസ് എന്നു പറയുന്നതു ലാഭമുദ്ദേശിച്ചല്ല നടത്തുന്നത്. ജനങ്ങളെ സർവ്വ്ചെയ്യാനാണ്. എല്ലാം സർവ്വീസും ലാഭകരമായിത്തീരുമോ? ഒരിക്കലും ലാഭകരമായിത്തീരുകയില്ല. സിററി സർവ്വീസ് ലാഭകരമാണോ, ലാഭകരമല്ലെങ്കിൽ ഈ സർവ്വീസ് നടത്തണ്ടേ? ഇങ്ങനെയുള്ള നഷ്ടമെല്ലാം നികത്തുന്നതു മററു ലാഭകരമായ റൂട്ടുകൾകൊണ്ടാണ്. അപ്പോൾ ലാഭമില്ലെങ്കിലും നടത്തേണ്ടതുണ്ട്. മററു സ്റേററുകളിൽ സ്റേററു ട്രാൻസ്പോർട്ടിൻെറ ലാഭത്തെപ്പററി മന്ത്രി അന്വേഷിച്ചിട്ടുണ്ടോ? ഈ അടുത്ത ഒരുദിവസം മദ്രാസിലെ ട്രാൻസ്പോർട്ടുമന്ത്രിയുടെ ഒരു പ്രസ്താവന ഞാൻ വായിക്കുകയുണ്ടായി, വളരെ നഷ്ടത്തിലാണ്. തമിഴ്നാട് ട്രാൻസ്പോർട്ടുമന്ത്രി പറയുന്നതു നഷ്ടമാണെന്നാണ്. മൈസൂറിൽ ട്രാൻസ്പോർട്ടു നഷ്ടത്തിലാണ് നടക്കുന്നത്. മഹാരാഷ്ട്രയിൽ നഷ്ടത്തിലാണു നടക്കുന്നത്. അതിനേക്കാൾ മെച്ചമായ രീതിയിലാണ് കേരളത്തിൽ ട്രാൻസ്പോർട്ട് ഓടുന്നത്. 1 3/4 കോടി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

രൂപാ നഷ്ടമാണെന്ന് പറഞ്ഞു. ഉണ്ടാകും. അതുണ്ടാകാൻ എന്താണ് കാരണം. ഈ കഴിഞ്ഞകാലത്തു തൊഴിലാളികൾക്കുകൊടുത്ത അരിയേഴ്സ്, പണിമുടക്കുസംബന്ധിച്ച നഷ്ടം ഇതെല്ലാമാണ് നഷ്ടത്തിനുകാരണം. തൊഴിൽക്കുഴപ്പമുണ്ടായാൽ വരുമാനത്തിൽ കുറയും; പണിമുടക്കു വന്നാൽ കുറയും; അതു ഒഴിവാക്കാൻ ഗവൺമെന്റു ശ്രമിക്കേണ്ടതാണ്. ഈ കാരണങ്ങളാൽ കഴിഞ്ഞ ഒരുകൊല്ലം ലാഭത്തിൽ കുറഞ്ഞിരിക്കും. കുമാരപിള്ള കമ്മീഷന്റെ അവാർഡനുസരിച്ച് ഒന്നേകാൽ കോടിരൂപയാണ് തൊഴിലാളികൾക്ക് അരിയേഴ്സായി കൊടുത്തത്. അവാർഡ് നടപ്പിലാക്കേണ്ട ചുമതല ഗവൺമെന്റിനുണ്ട്. ഇതൊന്നും ചിന്തിക്കാതെ ഏകപക്ഷീയമായി ആളുകളെ പിരിച്ചുവിട്ടു ലാഭമുണ്ടാക്കുന്നതു ശരിയല്ല. ഇവർ അവിഹിതമായ മാർഗ്ഗത്തിൽക്കൂടിവന്നു എന്നാണ് പറയുന്നത്. ഇവിടെ എഗ്രിമെന്റുണ്ട്. അതിൽ എത്ര ദിവസത്തേക്കുള്ള ജോലിയാണെങ്കിലും കാർപ്പറേഷനിലൂടെ റിക്രൂട്ടുചെയ്യണമെന്നും 240 ദിവസംകഴിഞ്ഞാൽ സ്ഥിരപ്പെടുത്തണമെന്നും ഒരുദിവസത്തെ വേക്കൻസിയുണ്ടെങ്കിലും പിരിച്ചുവിടാൻ പാടില്ലെന്നും അതിലുണ്ട്. ഈ എഗ്രിമെന്റുകളെല്ലാം വയലേററുചെയ്യുന്ന മന്ത്രി ഈ തൊഴിൽ വ്യവസ്ഥകളൊന്നും മനസ്സിലാക്കിക്കാണുകയില്ല. ഒരു നിയമജ്ഞനായതുകൊണ്ടു കോടതിയിൽ തൊഴിലാളികൾക്കുവേണ്ടി വാദിച്ചിട്ടില്ലെങ്കിലും നിയമജ്ഞനായി പ്രവർത്തിക്കുമ്പോൾ അദ്ദേഹം മുതലാളിമാർക്കുവേണ്ടിയെങ്കിലും വാദിച്ചിട്ടുണ്ടാവും. ഇങ്ങനെ തൊഴിലാളികളെ പിരിച്ചുവിട്ടതു ശരിയാണോ എന്നുള്ളതിനെപ്പററി അദ്ദേഹം ചിന്തിക്കേണ്ടതായിരുന്നു. ഈ രാജ്യത്ത് ഇതുവരെ കേട്ടിട്ടില്ലാത്തനിലയിൽ അറുന്നൂറു എഴുന്നൂറു തൊഴിലാളികളെ ഒരു ദിവസം പിരിച്ചുവിടുകയാണുണ്ടായത്. എങ്ങനെയാണു പിരിച്ചുവിട്ടത്. സാധാരണഗതിയിലല്ല. അതിന്റെ ഒരു ആർഡർ എന്റെ കൈവശമുണ്ട്. പിരിച്ചുവിട്ട ആർഡർ ഇതാണ്:

'Shri Jose Thomas, provisional cleaner, is hereby informed that his services are terminated.'

എന്തുകാരണമുണ്ട്? 240 ദിവസം തികഞ്ഞ ആളുകളെയും പിരിച്ചുവിട്ടിട്ടുണ്ട്. ഇതേകാരണത്താൽ ഒരു ദിവസത്തെ വേക്കൻസിയുണ്ടെങ്കിലും പിരിച്ചുവിടുകയില്ലെന്ന് എഗ്രിമെന്റ് ഇവിടെയുണ്ട്. ആപ്ലിക്കേഷൻ കാൾഫോറു ചെയ്തിട്ടാണോയെന്നു നോക്കണം. അതുണ്ടെങ്കിൽ പിരിച്ചുവിടാൻ പാടില്ല. മററുവിധത്തിലാണെങ്കിൽ പിരിച്ചുവിടണം. അങ്ങനെയാണോ ഈ രാജ്യത്തുചെയ്തത്. പോലീസ് അകമ്പടിയോടുകൂടിയാണ് നോട്ടീസ് കൊടുത്തത്. കെട്ടുകെട്ടായിട്ട് ഓരോസ്ഥലത്തുകൊണ്ടുപോയി ബയണററു പിടിച്ച പോലീസുകാരുടെ സഹായത്തോടുകൂടിയാണു നോട്ടീസ് കൊടുത്തത്. 20-ാംതീയതി ആഫ്ററർ നൂണിൽ അങ്ങനെ ഒരു ഹിററ്ലർ കൽപ്പന പോലെ തൊഴിലാളികളുടെ നേരെ എടുത്ത മർദ്ദനത്തിനു തൊഴിലാളികൾ പകരം ചോദിക്കും.

ശ്രീ. ആർ. ഗോപാലകൃഷ്ണൻ നായർ: ട്രാൻസ്പോർട്ടു സമരം നടത്തുന്നതു ശ്രീ. ഏ. കെ. ഗോപാലന്റെ മരുമകളെയും ശ്രീ. സി. എച്ച്. കണാരന്റെ മകളെയും പിരിച്ചുവിട്ടതുകൊണ്ടാണെന്നു പറയുന്നതു ശരിയാണോ? അങ്ങനെയുള്ള ആളുകൾ പലരും ഉണ്ട്. കോൺഗ്രസ്സിന്റെ ആളുകളുണ്ടാകും. ഈ രാജ്യത്ത് ഒരുദ്യോഗത്തിൽ ആളുകളെ എടുക്കുമ്പോൾ അതിൽ കൂടുതൽ കമ്മ്യൂണിസ്ററുകാരായിപ്പോയാൽ എന്താണു തെററ്? കാരണം, ഞങ്ങളാണു ഈ രാജ്യത്തെ കൂടുതലാളുകളും. ഈ സഭതന്നെ സാക്ഷ്യമല്ലേ നിങ്ങൾ ഇവിടെ 5 പേർ വന്നിട്ടുള്ളപ്പോൾ ഞങ്ങൾ 54 പേർ

വന്നിട്ടില്ലേ? 5 പേർ ഈ സഭയെ പ്രതിനിധീകരിച്ചപ്പോൾ 54 പേരെ പ്രതിനിധീകരിച്ച ആളുകളാണ് ഞങ്ങൾ. പിന്നെ എന്തുകൊണ്ട് ഞങ്ങൾക്ക് ഉദ്യോഗത്തിലും മററു സ്ഥാനങ്ങളിലും ഭൂരിപക്ഷം കിട്ടിക്കൂട? കമ്മ്യൂണിസ്ററുകാർക്ക് ജോലി കിട്ടുകയില്ലെന്ന മക്കാർത്തിസമാണെങ്കിൽ അതു പോലീസ് വെരിഫിക്കേഷനാണെങ്കിൽ അതു പറയണം. ഏകപക്ഷീയമായി പിരിച്ചുവിടുമെന്നു പറയണം. അതല്ലെങ്കിൽ തൊഴിൽ നിയമങ്ങൾ ഞങ്ങൾക്കു ബാധകമല്ലെന്നു പറയണം. കീഴ്വഴക്കങ്ങൾ ഞങ്ങൾക്കു ബാധകമല്ലെന്നു പറയണം. ഇവിടെ മക്കാർത്തിസമാണു കാണിക്കുന്നത്. പിരിച്ചുവിട്ട തൊഴിലാളികളെല്ലാംകൂടി നോട്ടീസയച്ചു. അവരെ വിളിച്ചന്വേഷിക്കാൻ ഈ മന്ത്രിക്ക് ഒരു കനിവില്ല. അന്വേഷിച്ചില്ലെങ്കിൽ അവർ മടങ്ങിപ്പോകുമെന്നു ബഹുമാനപ്പെട്ട മന്ത്രി ധരിക്കേണ്ടതില്ല. ഈ രാജ്യത്തെ മുഴുവൻ തൊഴിലാളികളും സമരം ചെയ്തു വേദനയോടുകൂടി നേടിയെടുത്ത അവകാശം നഷ്ടപ്പെടുത്തുന്നത് ചെറുക്കാതെ നിവൃത്തിയില്ല. ചെറുക്കേണ്ടതു ചെറുക്കുക തന്നെ ചെയ്യും. ഇതൊരു പബ്ലിക് യൂട്ടിലിററി സർവ്വീസെന്നുള്ള നിലയിൽ അനുരഞ്ജനം ആവശ്യമാണെന്നുള്ള നിലയിലെങ്കിലും മന്ത്രി വിളിച്ചന്വേഷിച്ചില്ല. അതിനുള്ള കനിവ് ഈ മന്ത്രിക്കില്ലെങ്കിലും ഈ മന്ത്രിസഭയിലെ മററുനേതാക്കൻമാർക്കു കാണും. ലേബർ മിനിസ്ററുണ്ട് അച്യുതമേനോനുണ്ട്. അവർക്ക് തൊഴിൽസമരങ്ങൾ നടത്തിയും ആവശ്യങ്ങൾ നേടിയെടുത്തും പരിചയമുണ്ട്. അവരെങ്കിലും അനുഭാവം കാണിച്ചാൽമതി. അല്ലെങ്കിൽ ഈ പ്രശ്നം സ്ഫോടകാത്മകമായിത്തീരുമെന്നു പറഞ്ഞുകൊണ്ടു ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

<u>ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി:</u> സർ, ഗവർണ്ണർ ഈ സഭയിൽ പ്രസംഗിക്കാനായി എത്തിയപ്പോൾ മാർക്സിസ്ററുകാർ സംഘടിതമായി നടത്തിയ പ്രകടനം ജനാധിപത്യപ്രസ്ഥാനത്തിൻെറ മുഖത്തു കരിതേയ്ക്കുന്ന നടപടിയായിപ്പോയി. അതു പാർലമെൻററി ഭരണചരിത്രത്തിൽ ഒരു പുതിയ കറുത്ത അധ്യായം എഴുതിച്ചേർത്തിരിക്കുകയാണ്. ജനാധിപത്യഭരണ ക്രമത്തിൽ വിശ്വാസമില്ലെന്നു നാഴികയ്ക്ക് നാൽപതുവട്ടം പ്രഖ്യാപിക്കുന്ന മാർക്സിസ്ററുകാർ അതിനുള്ള ഒരു പുതിയ തെളിവുകൂടി ഹാജരാക്കിയിരിക്കുകയാണ്.

<u>ശ്രീമതി കെ. ആർ. ഗൗരി:</u> തിരഞ്ഞെടുപ്പിൽ തോററ ആളുകൾ...........

<u>ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി:</u> സർ, ഞാൻ വഴങ്ങുന്നില്ല. ഞാൻ തിരഞ്ഞെടുപ്പിൽ തോററ ആളല്ല. ജനാധിപത്യഭരണക്രമത്തിൽ വിശ്വാസമില്ലാത്ത മാർക്സിസ്ററുകാർ ഒരു പക്ഷേ ഈ നിയമസഭ മറെറാരു സാംസ്ക്കാരികവിപ്ലവത്തിനുള്ള രംഗമാക്കാനായി പരിശ്രമിക്കുകയായിരിക്കും. നിരാശാഗർത്തത്തിൽ പതിച്ചിട്ടുള്ള ഈ മാർക്സിസ്ററുകാർ പല പാതകങ്ങളും ചെയ്യാൻ മടിക്കുകയില്ല. ഇവിടെ രണ്ടരക്കൊല്ലമായി മാർക്സിസ്ററുകാരുടെ ഏകാധിപത്യഭരണമാണു നിലനിന്നിരുന്നത്. പോലീസിനെയും റവന്യൂവകുപ്പിനെയും അവരുടെ അധീനതയിലുള്ള മററു പല വകുപ്പുകളെയും കരുക്കളാക്കിക്കൊണ്ടു പാർട്ടി വളർത്താൻ, സ്വന്തക്കാരെ വളർത്തൽ കീശവളർത്തൽ, എതിരാളികളുടെ തല്ലിതകർക്കൽ ഇതെല്ലാം നിരങ്കുശം നടത്തി. അങ്ങനെ ഓരോ മാർക്സിസ്ററുകാരനും ഓരോ കുട്ടിരാജാവായി വിലസിനടന്നു. ഒരു ദിവസം നേരം പുലർന്നപ്പോൾ ഈ രാജാവിൻെറ ചെങ്കോലും കിരീടവും സാമ്രാജ്യവുമെല്ലാം ഒററയടിയ്ക്ക് ഓർക്കാപ്പുറത്ത് തകർന്നുപോയി. അങ്ങനെ കുട്ടിരാജാവ് തോളിൽ മാറാപ്പുംതൂക്കി പഴയ ബീഡിക്കുററിയും തിരക്കി ഇറങ്ങിയിരിക്കുകയാണ്. ഇന്ന് ആ കുട്ടിരാജാവ് എഴുന്നള്ളു

LIBRARY ARCHIVES Kerala Legislative Assembly

മ്പോഠം വളരെ ശൗര്യത്തോടുകൂടി കിടുകിടാ വിറപ്പിച്ചിരുന്ന ഡി. എസ്. പി. മാരും കളക്ടർമാരും ഇപ്പോഠം ഓച്ഛാനിച്ചു നിൽക്കുന്നില്ലെന്ന . അങ്ങനെ രാജാവിന്റെ സ്ഥാനം നഷ്ടപ്പെട്ടു; ജനങ്ങളാൽ വെറുക്കപ്പെട്ടു. ചില പ്പോഠം ഇനിയും ഈ അസംബ്ലിയിൽ അഭൂതപൂർവ്വമായ പലതും പ്രതീക്ഷി ക്കേണ്ടതുണ്ട്. എന്തൊക്കെയായാലും ഇ. എം. എസും. അനുചരൻമാരും ഈ നിയമസഭയിൽ അന്നേദിവസം അവതരിപ്പിച്ച കലാസാംസ്ക്കാരിക പരി പാടികളും താളമേളങ്ങളും ഉള്ളുതുറന്ന് ആസ്വദിച്ചവർകാണും. അന്നേദിവസം ഇവിടെ ഏതാണ്ട് എല്ലാ കലാരൂപങ്ങളും പ്രദർശിപ്പിക്കപ്പെട്ടു. ചിലർ കഥകളിനടത്തി. ചിലർ പഞ്ചവാദ്യം നടത്തി. ചിലർ അയ്യപ്പൻപാട്ടും പേട്ടതുള്ളലും നടത്തി. ചില മാർക്സിസ്ററുമെമ്പറൻമാർ ഇതിനിടയിൽ അവർക്കു വളരെ ശാസ്ത്രീയമായി കൊട്ടാൻ കഴിവുണ്ടെന്നു തെളിയിച്ചു.

സർ, പുതിയ ഗവൺമെൻറിന്റെ ചലനാത്മകമായ പല പരിപാടികളും ഗവർണ്ണറുടെ നയപ്രഖ്യാപനപ്രസംഗത്തിൽ ഉഠംക്കൊള്ളിക്കുമെന്ന് ആശിച്ച വരാണു ഞങ്ങഠം. പക്ഷേ ഞങ്ങളുടെ ആശ ഒരു പരിധിവരെ തകർന്നിരി ക്കുകയാണ്. സാധാരണ പതിവുള്ള തരത്തിൽ ഒരു പ്രസംഗമാണ് ഇവിടെ കേട്ടത്. മന്ത്രിമാർ നാടുമുഴുക്കെ ഓടിനടന്നു പ്രസംഗിക്കുമ്പോഠം സാധാ രണ ഇപ്പോഠം കേഠംക്കാറുള്ള ചില ചെറിയചെറിയ പരിപാടികളും ചെറിയ ചെറിയ നേട്ടങ്ങളുമൊക്കെ വലിയവലിയ നേട്ടങ്ങളാണെന്നുള്ള ഭാവത്തിൽ ഗവർണ്ണറുടെ പ്രസംഗത്തിൽ കുത്തിത്തിരുകിയിട്ടുണ്ടെന്നുള്ളതു തീർച്ചയായും പരിഹാസ്യമാണ്. ചെക്ക്പോസ്ററുകഠം നിറുത്തലാക്കിയതും പിന്നീട് ഉണ്ടാക്കിയതും ഫുഡ്ഡ് കോർപ്പറേഷനെ ഭക്ഷ്യധാന്യമൊത്തവ്യാപാരം ഏൽപ്പിച്ചുകൊടുത്തതും പ്ലാനിംഗ്ബോർഡ് പുന:സംഘടിപ്പിച്ചതും പോലെ യുള്ള ചില്ലറ കാര്യങ്ങഠം അടിസ്ഥാനപരമായ കാര്യങ്ങളല്ല സർ. ഈ സം സ്ഥാനത്തെ ജനങ്ങളുടെ ജീവിതത്തെ കാര്യമായി സ്പർശിക്കുന്ന ഒന്നാണ് വ്യാവസായികവികസനപരിപാടികഠം. മാർക്സിസ്ററുകാരാണ് വ്യാവ സായികമായിട്ടുള്ള പരിപാടികളൊക്കെ നടപ്പാക്കുന്നതിനെ തടസ്സപ്പെടുത്തി ക്കൊണ്ടിരുന്നതെന്നു മുൻവ്യവസായമന്ത്രിയും ഭരണകക്ഷിയംഗങ്ങളുമൊക്കെ വാതോരാതെ പ്രസംഗംനടത്തിയിട്ടുണ്ട്. ആ വ്യവസായമന്ത്രി "അയ്യപ്പനു പെണ്ണുകെട്ടുന്നകാര്യം ചോദിച്ചപ്പോഠം അയ്യപ്പനെന്തിനാ പെണ്ണ്, കറവ പശു പോരെ?" എന്നു ചോദിച്ച കഥയൊന്നും ഞങ്ങഠം മറന്നിട്ടില്ല. ഇന്നു പരി പാടികഠം തടയാൻ മാർക്സിസ്ററുകാരും ഇല്ല, ഇ. എം. എസും. ഇല്ല. എന്നിട്ട് എന്തുകൊണ്ടു ഗവർണ്ണറുടെ പ്രസംഗത്തിൽ കേരളത്തിന്റെ മുഖഛായ മാററുവാൻ കഴിവുള്ളൊരു വ്യാവസായിക വികസന പദ്ധതിയുടെ രൂപരേഖ ഉഠംക്കൊള്ളിക്കാൻ ഭരണകക്ഷിക്കു കഴിഞ്ഞില്ല? വ്യാവസായികവികസനം കൊണ്ടുമാത്രമാണു കേരളത്തിന്റെ ഈ പ്രശ്നം പരിഹൃതമാകാൻ പോകു ന്നത്. മന്ത്രിമാരുടെ വാചകവ്യവസായംകൊണ്ടുമാത്രം കേരളത്തിലെജന ങ്ങഠം തൃപ്തിപ്പെടുമെന്ന് ആശിക്കാൻ വകയില്ല. ഈ കാര്യം ഗവൺമെ ൻറിന്റെ ഓർമ്മയിലിരിക്കണമെന്ന് എനിക്ക് അഭ്യർത്ഥനയുണ്ട്. കേരള ത്തിലെ അസംസ്കൃത വിഭവങ്ങഠം ഉപയോഗിച്ചുകൊണ്ട് ഇവിടെത്തന്നെ വൻവ്യവസായങ്ങഠം സ്ഥാപിക്കാൻ പല വിദേശരാജ്യങ്ങളും സന്നദ്ധത പ്രക ടിപ്പിച്ചിട്ടുണ്ടെന്നു മുൻവ്യവസ്യമന്ത്രി പറയാറുണ്ട്. ഇത് ഒരു രാഷ്ട്രീയ സ്ററണ്ട് എന്നുള്ളതിൽക്കവിഞ്ഞു വല്ല അർത്ഥവുമുണ്ടെങ്കിൽ തീർച്ച യായിട്ടും സഹായത്തിനു സന്നദ്ധതയുള്ള രാജ്യങ്ങളുടെ സഹായംസ്വീകരി ച്ചുകൊണ്ടു കേരളത്തിൽ വ്യവസായവൽക്കരണത്തിന് അടിയന്തിരമായ നടപടി കഠം സ്വീകരിക്കണം. അതിനുള്ള സമയം ആസന്നമായിരിക്കുകയല്ല അതിക്രമിച്ചിരിക്കുകയാണ്. നിയമസമാധാനപാലനക്കാര്യത്തിൽ ഈ ഗവൺമെൻറ് കൈക്കൊണ്ടിട്ടുള്ള ശക്തമായ നടപടികഠം ഈ സംസ്ഥാന ത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളുടെയും പിൻതുണ ലഭിച്ചിട്ടുണ്ടെന്നുള്ളത്

LIBRARY ARCHIVES Kerala Legislative Assembly

ഒരു വസ്തുതയാണ്. സർ, മാർക്സിസ്ററുകാർ ചെയ്തതുപോലെ പൗരൻമാരെ എ—ക്ലാസും ബി—ക്ലാസുമായി തിരിച്ചുകൊണ്ടുള്ള നീതിപാലനമല്ല, നേരെമറിച്ച് എല്ലാ പൗരൻമാർക്കും നിയമത്തിന്റെ ദൃഷ്ടിയിൽ സമാവകാശം നൽകിക്കൊണ്ടും തുല്യപരിരക്ഷ നൽകിക്കൊണ്ടുമുള്ള നയമാണ് ക്രമസമാധാനപാലനത്തിൽ ഈ ഗവൺമെൻറ് സ്വീകരിച്ചിട്ടുള്ളത്. തീർച്ചയായും ഈ ഗവൺമെൻറ് നേരായ മാർഗ്ഗത്തിൽക്കൂടി ചലിക്കാൻപോകുന്നു എന്നുള്ളതിന്റെ ഒരു ചൂണ്ടുപലകയാണ് അത്. എല്ലാ രംഗങ്ങളിലും അരാജകത്വം നടമാടണമെന്നും നിയമം ലംഘിക്കണമെന്നും പറയുന്ന മാർക്സിസ്ററുകാർ ഈ നയങ്ങളെ വിമർശിക്കുന്നത് സ്വാഭാവികമാണ്. മാർക്സിസ്ററുകാരുടെ പിത്തിലാട്ടങ്ങൾ കേട്ടിട്ട് ഈ സംസ്ഥാനത്തിന്റെ ആഭ്യന്തരമന്ത്രി ചൂളിപ്പോകുമെന്നു ഞങ്ങൾ വിശ്വസിക്കുന്നില്ല. അക്രമവും നിയമലംഘനവും ഏതുഭാഗത്തുനിന്നുവന്നാലും അതിനെ നിഷ്ക്കരുണം ഉരുക്കുമുഷ്ടി ഉപയോഗിച്ച് അടിച്ചമർത്തുക എന്നുള്ളത് ഒരു ഗവൺമെൻറിന്റെ പ്രാഥമികമായ കടമയാണ്. അരാജകത്വവും നിയമലംഘനവുമൊന്നുമില്ലാത്ത, ശാന്തമായ നിയമസമാധാനം പാലിക്കപ്പെടുന്ന അന്തരീക്ഷത്തിൽമാത്രമേ കേരളത്തിലെ ജനങ്ങൾക്ക് പുരോഗതികൈവരികയുള്ളു. വ്യാവസായികരംഗത്തായാലും ശരി കാർഷികരംഗത്തായാലും ശരി ഈ കാര്യം ഗവൺമെൻറ് കാര്യമായി പരിഗണിക്കണമെന്നാണ് എനിക്കു ഗവൺമെൻറിനോടാവശ്യപ്പെടാനുള്ളത്. നിയമം ലംഘിക്കാനുംമററും ചിന്തിക്കാനും പഠിക്കാനും കഴിയാത്ത പാവങ്ങൾക്കു പ്രചോദനം കൊടുത്തുകൊണ്ട് അവരെ തോക്കിന്റെയും ലാത്തിയുടെയും മുമ്പിലേക്ക് വലിച്ചെറിഞ്ഞു സ്വന്തം തടി രക്ഷപ്പെടുത്തുക എന്നുള്ളത് മാർക്സിസ്ററുനേതാക്കൻമാർ പയററിവരുന്ന പഴയ വിദ്യയാണ്. അതിനെപ്പററി കരളലിയിക്കുന്ന പല കഥകളുമുണ്ട്. രക്തസാക്ഷികളെ സൃഷ്ടിക്കുക എന്നുള്ളത് മാർക്സിസ്ററുകാരുടെ രാഷ്ട്രീയച്ചൂതാട്ടത്തിന്റെ കാര്യമാണ്. അവർ വഞ്ചകരാണ്, ജനങ്ങളുടെ വിശ്വാസംകെടുത്തവരാണ് എന്നുമാത്രമേ എനിക്കു പറയാനുള്ളു. ഇത്രയും പറഞ്ഞുകൊണ്ട് എന്റെവാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. ആർ. ഗോപാലകൃഷ്ണൻനായർ:</u> സർ, ശ്രീമാൻ ഇ. എം. എസ്സിന്റെ നേതൃത്വത്തിൽ ഉണ്ടായിരുന്ന കഴിഞ്ഞ മന്ത്രിസഭ സൃഷ്ടിച്ചുവച്ച സങ്കീർണ്ണങ്ങളായ പ്രശ്നങ്ങൾക്കു പരിഹാരമുണ്ടാക്കാനുള്ള പ്രത്യേക പരിപാടികളൊന്നുംതന്നെ ഗവർണ്ണറുടെ പ്രസംഗത്തിൽ ഇല്ലായിരുന്നു എന്നുള്ളത് ഖേദപൂർവ്വം ഞാൻ അനുസ്മരിപ്പിക്കുകയാണ്. അതിന്റെ പ്രതിഫലനമായിരുന്നു ഗവർണ്ണർ കഴിഞ്ഞദിവസം ഈ സഭയിൽ ആഗതനായതുമുതൽ അദ്ദേഹം പോകുന്നതുവരെ ഇവിടെനടന്ന സംഭവപരമ്പരകൾ എന്നാണ് ഞാൻ കരുതുന്നത്. ബഹുമാനപ്പെട്ട മെമ്പർ ശ്രീ. കണ്ണൻ, അവർ 54 പേരുണ്ടെന്നും ഞങ്ങൾ അഞ്ചുപേരേയുള്ളുവെന്നും വേണമെങ്കിൽ കാണാമെന്നുമുള്ള രീതിയിലൊക്കെ ഇവിടെ സംസാരിച്ചുകേട്ടു. 33 മാസങ്ങൾക്കുമുൻപു 117 അംഗങ്ങളുടെ നേതാവായിരുന്നു ശ്രീമാൻ ഇ. എം. എസ്. ഇന്നു അതു 54 എന്നു ശ്രീമാൻ കണ്ണൻ അവകാശപ്പെടുന്നെങ്കിലും ഇനി അതൊന്നുമില്ലാതെ തൊഴിഞ്ഞുപോകുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. വാസ്തവം പറഞ്ഞാൽ പാർട്ടിയിലെ ആളുകൾക്കു വെളിയിൽ പോയി കൂവാൻ നിവർത്തിയില്ലാത്തതുകൊണ്ടാണ്, ഇവിടത്തെ സംരക്ഷണം ഉപയോഗിച്ച് അന്ന് ഇവിടെയിരുന്ന് അവർ കൂവിവിളിച്ചത്. പണ്ട് ഒരു കഥ കേട്ടിട്ടുണ്ട്. അതായതു ദൈവം കൂവാനും അമറാനുമെല്ലാം ചില ജന്തുക്കളെ സൃഷ്ടിച്ചു. ആ ജന്തുക്കൾക്കാണെങ്കിൽ കൂവലും അമറലുമൊക്കെ ഏതു സമയത്തു വേണമെന്നറിയാം. ആ ജന്തുക്കളെ അതിനനുവദിക്കാതെ അതു ഞങ്ങൾ ഏറ്റെടുക്കൊള്ളാമെന്ന് മനുഷ്യർ കരുതിയാൽ മനുഷ്യർക്ക് ഏതു

LIBRARY ARCHIVES Kerala Legislative Assembly

സമയത്താണ് കൂവേണ്ടതെന്നോ അമറേണ്ടതെന്നോ അറിയുകയില്ലെന്നാണ് തോ
ന്നുന്നത്. അതിന്റെ ഉദാഹരണമായിരുന്നു കഴിഞ്ഞദിവസം ഇവിടെ കാണാ
നിടയായ നിർഭാഗ്യകരമായ സംഭവം. ഇന്നത്തെ ജനാധിപത്യ സംപ്രദായ
ത്തിൽ ഗവർണ്ണറുടെ നയപ്രഖ്യാപനപ്രസംഗം ഉണ്ടെന്നും അതിനു നമ്മൾ
സ്വീകരിക്കേണ്ട നടപടി എന്താണെന്നും വ്യക്തമാക്കിയിട്ടുണ്ട്. അന്നു
സഭയിൽ വന്ന ബഹുമാനപ്പെട്ട അംഗങ്ങളെല്ലാംതന്നെ ഈ കാര്യങ്ങൾ അറിഞ്ഞു
കൊണ്ടുതന്നെയാണ് വന്നതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഈ
കാര്യങ്ങൾ അറിഞ്ഞിരിക്കേ ഒന്നുകിൽ ജനാധിപത്യ സംപ്രദായം അനുസരിച്ച്
അതിന്റെ നിയമവശങ്ങൾ അംഗീകരിക്കാൻ തയ്യാറാകുകയോ അല്ലെങ്കിൽ
മാനമായി, അന്തസ്സായി വെളിയിൽ ഇറങ്ങിനിൽക്കുകയോ ആയിരുന്നു അവ
ർക്ക് അഭിമാനകരമായിരുന്നത്. ഇന്ന് മാർക്സിസ്റ്റുപാർട്ടിയിൽനിന്നും
എസ്. എസ്. പി.—യിൽനിന്നും ചില മെംബർമാർ ഗവർണ്ണറുടെ
പ്രസംഗത്തെസംബന്ധിച്ചുള്ള കൃതജ്ഞതാപ്രമേയത്തെക്കുറിച്ചു സംസാരി
ക്കുകയുണ്ടായി. അതിനുള്ള ഔചിത്യത്തെ ഞാൻ ചോദ്യംചെയ്യുകയാണ്.
ജനാധിപത്യഭരണക്രമമനുസരിച്ച്, നിയമപരമായ നടപടിക്രമമനുസരിച്ച്
ഗവർണ്ണർ പ്രസംഗിക്കാൻ വന്നപ്പോൾ അദ്ദേഹത്തെ കൂവിവിളിക്കുകയും
അദ്ദേഹത്തിന്റെ പ്രസംഗവും ഗവൺമെന്റിന്റെ ഈ വർഷത്തെ പരിപാടി
കളും കേൾക്കണമെന്നാഗ്രഹിച്ച ആളുകളെ അതിനനുവദിക്കുകയും ചെയ്യാതി
രുന്ന ആളുകൾക്ക് ഗവർണ്ണറുടെ പ്രസംഗത്തെക്കുറിച്ച് തെററായോ ശരിയായോ
അനുകൂലമായോ പ്രതികൂലമായോ എന്തെങ്കിലും സംസാരിക്കാൻ അവകാശ
മുണ്ടോ എന്നു ഞാൻ ചോദിക്കുകയാണ്. ഏററവും ലജ്ജാകരമായ കേരള
നിയമസഭയിലും മററു നിയമസഭകളിലും ഒരിക്കലും ഉണ്ടാകാത്ത ഒരു സംഭ
വമാണിത്. അതിൽനിന്നും പൊതുജനങ്ങൾ മനസ്സിലാക്കുന്നതെന്താണെ
ന്നുവച്ചാൽ ശ്രീമാൻ ഇ. എം. എസ്. മാർക്സിസ്റ്റുകാരുടെ നേതാവു
മാത്രമല്ല ഒരുസംഘം കൂവിവിളിക്കുന്ന ആളുകളുടെകൂടെ നേതാവാണെന്നാണ്.
ഇന്ന് ഈ സംസ്ഥാനത്തുമാത്രമല്ല ഇൻഡ്യയാകമാനമുള്ള ആളുകൾ ഇക്കാര്യം
മനസ്സിലാക്കിയിരിക്കുകയാണ്. എന്റെ ചില സ്നേഹിതൻമാർ ഇതു
തെററായിപോയി, ഇതു വേണ്ടിയിരുന്നില്ല എന്നുപോലും എന്നോടു പറഞ്ഞു.
പറഞ്ഞ ആളുകളുടെ പേരു വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുന്നില്ല. ബഹു
മാനപ്പെട്ട കണ്ണൻ ഇവിടെ 54 എന്നു പറഞ്ഞ സംഖ്യ ചിലപ്പോൾ കുറഞ്ഞു
കുറഞ്ഞ് 4—ൽ ആയിക്കൂടെന്നില്ല, ഭാവിയിൽ.

സർ, അതുപോലെതന്നെ മുൻമുഖ്യമന്ത്രി ശ്രീ. ഇ. എം. എസ്. ഗവർ
ണ്ണറുടെ പ്രസംഗത്തെസംബന്ധിച്ചുള്ള കൃതജ്ഞതാപ്രമേയത്തിന് ചില
അമെൻറുമെൻറുകൾ കൊടുത്തിട്ടുണ്ട്. അതിൽപട്ടിക 13—ാം നമ്പർ അമെ
ൻറുമെൻറിൽ കാണുന്നത് അധികാരത്തിൽ വന്ന ഈ ഗവൺമെൻറ് ന്യൂന
പക്ഷ ഗവൺമെൻറാണെന്നും അതിന്റെ ഭൂരിപക്ഷത്തെ കുറിച്ച് ആക്ഷേ
പമുണ്ടെന്നും അദ്ദേഹം പറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട ആർ. എസ്.
ഉണ്ണി ഇവിടെ ഒരു കാര്യം പ്രസക്തമായി പ്രഖ്യാപിച്ചു. ശ്രീ. ഇ. എം. എസി
ന്റെയും അദ്ദേഹം പ്രതിനിധാനംചെയ്യുന്ന പാർട്ടിയുടെയും രണ്ടുമുഖങ്ങളാണ്
അതിൽനിന്നും വളരെ വ്യക്തമായി മനസ്സിലാക്കുവാൻ സാധിക്കുന്നതു്.
ഇവിടെ തങ്ങൾക്കു ഭരിക്കുവാൻ സാധിക്കാത്ത ഒററ കാരണം കൊണ്ട് ശ്രീ.
ഇ. എം. എസ്. മുഖ്യമന്ത്രിയായിരുന്ന ഈ സംസ്ഥാനത്ത് മററാരും ഭരി
ക്കുവാൻ പാടില്ലെന്നു പറയുന്നത് ജനാധിപത്യാഭാസമാണെന്ന് പറയുക
യാണ്. ഇവിടെ ഭരിക്കുന്നത് ന്യൂനപക്ഷ ഗവൺമെൻറാണെന്നു പറഞ്ഞ്
അതിനെ എതിർക്കണമെന്നു പറയുന്ന മുഖ്യമന്ത്രിയും അദ്ദേഹത്തിന്റെ
പാർട്ടിയും കേന്ദ്രത്തിൽ ഭരിക്കുന്ന ന്യൂനപക്ഷ ഗവൺമെൻറിനെ
സഹായിക്കുവാൻ വേണ്ടി ഓടിനടക്കുന്ന വാർത്തയാണ് പത്രങ്ങളിൽ കാണു
ന്നത്. അദ്ദേഹത്തിന്റെയും അദ്ദേഹം പ്രതിനിധാനം ചെയ്യുന്ന പാർട്ടിയു

LIBRARY ARCHIVES Kerala Legislative Assembly

ടെയും രണ്ടുമുഖങ്ങളാണിതെന്നുള്ളതിൽ അതിശയമില്ല. ഭൂമി കൈയേററത്തിന്റെ കാര്യം പല ബഹുമാനപ്പെട്ട അംഗങ്ങളും ഇവിടെ പറഞ്ഞു. ഞാനും ഭൂപരിഷ്ക്കരണ ഭേദഗതി ബില്ലിന്റെ സെലക്ടുകമ്മിററിയിൽ അംഗമായിരുന്നു. അതുനിയമമായതിനുശേഷവും അതിലെ പ്രസക്തവകുപ്പുകൾ ഞാൻ വായിച്ചിട്ടുണ്ട്. പക്ഷേ ഭൂമി കുടികിടപ്പുകാരൻ കയ്യേറണമെന്ന് ആ വകുപ്പുകളിലൊന്നും പറഞ്ഞിട്ടില്ല. അതിൽ പറയാത്ത കാര്യങ്ങൾ ഇന്ന് ബഹുമാനപ്പെട്ട മുൻ റവന്യൂമന്ത്രിയും അവരുടെ പാർട്ടിയും ചെയ്യുന്നത് മനഃപൂർവ്വം ഈ രാജ്യത്ത് അനാഥാവസ്ഥ സൃഷ്ടിക്കുവാൻ വേണ്ടിയാണ്. സർ, ഇന്ന് ബഹുമാനപ്പെട്ട ഹോം മിനിസ്ററർ പറയുകയുണ്ടായി അന്യായമായ അക്രമങ്ങളെല്ലാം ചെറുക്കുമെന്ന്. എനിക്കു അദ്ദേഹത്തോടു പറയുവാനുള്ളത് ഭൂമി കൈയേറുന്നതുമാത്രമല്ല അക്രമം, ഭൂമി കൈയേറാൻ പ്രേരിപ്പിക്കുന്നതും അക്രമമാണ്. ഏതു ഉന്നതനായ നേതാവായിരുന്നാലും ശരി സമാധാനലംഘനം ഉണ്ടാക്കാനും കുററം കാണിക്കാനും വിവരം ഇല്ലാത്ത ആളുകളെ പറഞ്ഞിളക്കി ഭൂമികൈയേറാനും പ്രേരിപ്പിച്ചാൽ അവരുടെ മേൽ നിയമത്തിന്റെ ഖഡ്ഗങ്ങൾ ഉയർത്തണമെന്ന് ഞാൻ ബഹുമാനപ്പെട്ട ആഭ്യന്തര മന്ത്രിയോട് ആവശ്യപ്പെടുകയാണ്.

സർ, ഇവിടെ ഒട്ടേറെ നിയമങ്ങൾ ഉണ്ടാക്കുവാൻ പോകുന്നതായി ഗവർണ്ണറുടെ പ്രസംഗത്തിൽ പറഞ്ഞുകേട്ടു. എനിക്ക് ഒരു കാര്യം മന്ത്രിമാരുടെ ശ്രദ്ധയിൽപ്പെടുത്തുവാനുണ്ട്. പൊതുമുതൽ നശിപ്പിക്കുകയെന്നൊരു സ്വഭാവമുണ്ട്. ഈ നാട്ടിലെ വിദ്യാർത്ഥി വിഭാഗമോ തൊഴിലാളി സംഘടനകളോ സമരം ചെയ്താൽ ആദ്യമായി ആക്രമിക്കുന്നത് പൊതുവസ്തുക്കളാണ്. സ്വിററ്സർലണ്ടിൽ പൊതുമുതൽ നശിപ്പിക്കുന്നതിനെതിരെ കർശനമായ നിയമം ഉണ്ടാക്കിയിട്ടുണ്ട്. പൊതുമുതൽ നശിപ്പിക്കപ്പെട്ടാൽ സ്വിററ്സർലണ്ടിൽ പത്തുകൊല്ലംവരെ ശിക്ഷ കൊടുക്കുവാനുള്ള കർശനമായ നിയമങ്ങൾ ഉണ്ടെന്നാണ് മനസ്സിലാകുന്നത്. നമ്മുടെ സംസ്ഥാനത്തിലും ദൈനംദിനം പൊതുമുതൽ നശിപ്പിക്കുവാനുള്ള ഒരു പ്രവണത വളർന്നു വരുന്നുണ്ട്. പൊതുമുതൽ നശിപ്പിക്കപ്പെടുന്നതു് ഒരു കുററമായി പരിഗണിച്ച് അതിനു ഒരു പ്രത്യേക നിയമംതന്നെ ഉണ്ടാക്കണമെന്നു ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്.

സർ, കമ്മ്യൂണിസ്ററു പാർട്ടിയെ സംബന്ധിച്ച് ഞങ്ങളുടെ നിലപാട് ഞങ്ങളുടെ നേതാക്കൻമാർ മുമ്പു വ്യക്തമാക്കിയിട്ടുണ്ട്. രാഷ്ട്രീയമായി ഞങ്ങൾ ഒരു ത്യാഗം ചെയ്തിരിക്കുകയാണു്. ശ്രീ. ഇ. എം. എസിന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റു രാജിവെച്ച് അരമണിക്കൂർ കഴിഞ്ഞ അവസരത്തിൽതന്നെ ഒമ്പതുപേരടങ്ങുന്ന കാൺഗ്രസ് പാർട്ടി പ്രസിഡണ്ടുഭരണത്തിന്റെ കെടുതിയിൽ നിന്നും ഈ സംസ്ഥാനത്തെ രക്ഷിക്കണമെന്നു് ആഗ്രഹിച്ചുകൊണ്ടു് ഇവിടെ ഒരു ജനാധിപത്യഗവൺമെന്റു് ഉണ്ടാക്കുന്നതിന് പിന്തുണ പ്രഖ്യാപിച്ചു. അപ്രകാരമുള്ള ഞങ്ങളുടെ പ്രഖ്യാപനം നിമിത്തമാണ് ഒരു ഗവൺമെന്റുണ്ടാക്കുവാൻ സാധിച്ചതെന്ന് ഞങ്ങൾ കരുതുകയാണ്. ആരുടെയും സർട്ടിഫിക്കററിനുവേണ്ടിയായിരുന്നില്ല ഞങ്ങൾ ഈ ഗവൺമെന്റിനു പിൻതുണ നൽകിയത്. മററാരുടെയും സർട്ടിഫിക്കററു ഞങ്ങൾക്കാവശ്യമില്ല. എനിക്ക് ഈ ഗവൺമെന്റിന് ഒരു മുന്നറിയിപ്പ് നൽകുവാനുണ്ട്. 117 പേരുടെ നേതാവായി അധികാരമേററടുത്ത ഇ. എം. എസിന്റെ അനുഭവം ഇവർക്ക് ഉണ്ടാകരുതെന്നാണ് എന്റെ അഭിപ്രായം. എന്റെ സ്നേഹിതൻ ശ്രീ. കെ. ടി. ജോർജ് പറഞ്ഞതുപോലെ ശ്രീ. ഇ. എം. എസിന്റെ ഗവൺമെന്റു പോയപ്പോൾ ആളുകളുടെ തലയിൽനിന്നും വലിയ ഒരു ചുമട് ഇറക്കിവെച്ച പ്രതീതി എല്ലാ വിഭാഗം ആളുകൾക്കും തുടർന്നുകാണുവാനാണ് ഈ ഗവൺമെന്റു ശ്രദ്ധിക്കേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly

എന്തെല്ലാം നല്ല കാര്യങ്ങൾ ചെയ്യുവാൻ സാധിക്കുമോ ആ കാര്യങ്ങൾക്കെല്ലാം ഞങ്ങളുടെ എല്ലാവിധ സഹായവും ഉണ്ടായിരിക്കുമെന്ന് ഞങ്ങളുടെ നേതാക്കൻമാർ പറഞ്ഞിട്ടുണ്ട്. ഇവിടെ മറുവശത്തിരിക്കുന്ന പാർട്ടിക്കാർ പറയാറുണ്ട് കാൺഗ്രസിന്റെ ഒരു വിഭാഗത്തിനെ കൂട്ടുപിടിച്ചുകൊണ്ട് ഈ ഗവൺമെന്റിനെ പൊളിപ്പിക്കും. ഞങ്ങളുടെ പ്രശ്നം കൈകാര്യം ചെയ്യേണ്ടത് ഇ. എം. എസ്. അല്ല ശ്രീമതി ഗൗരിയമ്മയല്ല. ഞങ്ങളുടെ പരിപാടി ആവിഷ്ക്കരിക്കാൻ ഞങ്ങൾക്ക് കരുത്തുണ്ട്. ഏതായാലും ഈ ഗവൺമെന്റിനെ പുറത്താക്കുന്നതിനു നിങ്ങളോടുകൂടി വരികയില്ല എന്നു പറയുവാൻ ഞാനാഗ്രഹിക്കുന്നു.

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: സർ, ഈ നിയമസഭാസമ്മേളനത്തിൽ ഇന്നു പ്രതിപക്ഷത്തിരിക്കുന്ന എന്റെ സ്നേഹിതൻമാർ പ്രസംഗിക്കുന്നതും പെരുമാറുന്നതും, കുറെക്കൂടി സഹിഷ്ണുതയോടുകൂടി ഇപ്പുറത്തിരിക്കുന്നവർ കേൾക്കണമെന്നാണ് എനിക്ക് ആദ്യമായി പറയുവാനുള്ളത്. കാരണം, സ്വയം കൃതാനർത്ഥം കൊണ്ടു് 117 അംഗങ്ങളുടെ നേതാവായി ഇവിടെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് ഇന്നു പ്രതിപക്ഷത്തിരിക്കേണ്ട ഒരു സാഹചര്യം ഉണ്ടാകുമ്പോൾ, ഭൂനയബില്ലിനു രൂപം കൊടുത്ത ശ്രീമതി ഗൗരിയമ്മ അതു നടപ്പാക്കുന്ന സന്ദർഭത്തിൽ, സ്വയം നിയമം കയ്യിൽ എടുത്തു നടപ്പാക്കാൻ പ്രേരിപ്പിക്കേണ്ട ഒരു ഗതികേടിൽ എത്തിയിരിക്കുമ്പോൾ സ്വാഭാവികമായും അരിശവും നിരാശയും വൈരാഗ്യവുമൊക്കെ ഉണ്ടാകും. പക്ഷേ ആ അരിശവും നിരാശയും സ്ഥായിയായിരിക്കുകയില്ല. (ശ്രീ. ഇമ്പിച്ചിബാവയെയും ഞാൻ മറന്നിട്ടില്ല.) അതുകൊണ്ട് ഇപ്പോഴത്തെ ഈ പൊട്ടിത്തെറിയൊക്കെ ശമിച്ച് ഒരു ഉത്തരവാദിത്വമുള്ള പ്രതിപക്ഷമായി അവർ പെരുമാറുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുകയാണ്.

ശ്രീമതി. കെ. ആർ. ഗൗരി: ഉത്തരവ്.

[Mr. Speaker in the chair.]

ശ്രീ. എം. എൻ. ഗേവിന്ദൻനായർ: ഇതൊക്കെ പറഞ്ഞാലും അവസാനം അവർ സമ്മതിച്ചുപോകും.

കഴിഞ്ഞ ദിവസം ഇവിടെ ഗവർണ്ണറുടെ പ്രസംഗസമയത്ത് ഉണ്ടായ സംഭവത്തെപ്പററി പലരും പരാമർശിച്ചു. എനിക്കു അതു കണ്ടപ്പോൾ അതിനു നേതൃത്വം കൊടുത്ത നമ്പൂതിരിപ്പാടിനോട് ദേഷ്യം തോന്നിയില്ല. എനിക്ക് അതിൽ അരിശവും ഉണ്ടായില്ല. എനിക്ക് അദ്ദേഹത്തിനോട് വല്ലരെയേറെ അനുകമ്പ തോന്നുകയുണ്ടായി. അദ്ദേഹം ഇരുന്ന ആ ഇരുപ്പുകണ്ടപ്പോൾ ഞാൻ പഴയ പല കാര്യങ്ങളും ഓർമ്മിച്ചു. ഒരു പത്തുപന്ത്രണ്ടു കൊല്ലങ്ങൾക്കു മുൻപ് പണ്ഡിററു് ജവഹർലാൽ രാജ്യം ഭരിച്ചിരുന്ന കാലത്ത്, നെഹ്റു കഴിഞ്ഞാൽ ആര്? എന്ന ചോദ്യത്തിന് ഇൻഡ്യയിൽ പല ഭാഗത്തും, നെഹ്റു കഴിഞ്ഞാൽ ഇ. എം. എസ്. എന്ന മുദ്രാവാക്യമാണ് ഉയർന്നിരുന്നത്. ആ നമ്പൂതിരിപ്പാട് ഇന്നു്............

ശ്രീമതി. കെ. ആർ. ഗൗരി: കഴിഞ്ഞ പ്രാവശ്യം ഏതോ എച്ചിലില പെറുക്കിനടന്നതാണ്, ഇവിടെ കൊണ്ടുവന്നതാണെന്ന് പറഞ്ഞു. പണ്ടു പറഞ്ഞതിന് എതിരായിട്ടാണ് ഇപ്പോൾ പറയുന്നത്. എങ്ങോ കിടന്നിരുന്ന നമ്പൂതിരിപ്പാടിനെ ഇവിടെ കൊണ്ടുവന്നു മുഖ്യമന്ത്രിയാക്കി എന്നായിയിരുന്നു മുമ്പത്തെ അവകാശവാദം. ഇപ്പോൾ വേറെ വിധത്തിൽ പറയുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: എന്റെ ബഹുമാനപ്പെട്ട സ്നേഹിതനായ ദേവസ്സിക്കുട്ടി പറഞ്ഞതുപോലെ ജനുവരി ഒമ്പതാം തീയതി നടന്ന കലാപരിപാടികൾക്ക് നേതൃത്വം കൊടുത്ത നട്ടുവനായി അധഃപ്പതിച്ചതു കണ്ടപ്പോൾ................

ശ്രീ. കെ. കെ. അബു: പശ്ചിമബംഗാളിൽ ഗവർണ്ണർ ധർമ്മവീര പ്രസംഗിക്കുവാൻ വന്നപ്പോൾ നിങ്ങളുടെ പാർട്ടിയും ആർ. എസ്. പി. യും ഉൾപ്പെടെയുള്ളവർ കാണിച്ചത് വിസ്മരിക്കുകയാണോ? അതിൽ അനുകമ്പ ഉണ്ടായില്ലേ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: ഞാൻ ബംഗാളിലെ കാര്യങ്ങളിലേക്ക് വരുന്നുണ്ട്. ഞങ്ങളുടെ പാർട്ടിയുടെ കാര്യം മാത്രമല്ല, ശ്രീ. അബു ഉൾപ്പെടെയുള്ളവരുടെ പാർട്ടിയുടെ കാര്യവും പറയാം. അവിടെ നടന്ന കര്യങ്ങളും ഇവിടെ നടന്ന കാര്യങ്ങളും നമുക്കു പരിഗണിക്കാം. എനിക്കു പ്രധാനമായി ഈ സഭയുടെ ശ്രദ്ധ ക്ഷണിക്കുവാനുള്ളത് വിശേഷിച്ചും നമ്മുടെ മാർക്സിസ്ററു സ്നേഹിൻമാരുടെ ശ്രദ്ധ ക്ഷണിക്കുവാനുള്ളത്, ഇവിടെ അവർ ചോദിക്കുന്ന ചോദ്യങ്ങളിലേക്കാണ്. ഈ മന്ത്രിസഭയ്ക്കു ഭരിക്കുവാൻ അവകാശമുണ്ടോ, ഇത് ഒരു വഞ്ചനാകൂട്ടുകെട്ടിൽ നിന്നുണ്ടായ മന്ത്രിസഭയല്ലെ, ഇത്തരം ചോദ്യങ്ങളാണ് അവർ ഉന്നയിക്കുന്നത്. ഭൂരിപക്ഷത്തിന്റെ അവകശം അവർ പറയുന്നു. 1965-ലെ ഞങ്ങളുടെ ദയനീയ പരാജയത്തെപ്പററിയും അവർ അനുസ്മരിക്കുന്നു. 1967-ൽ ഇവിടെ ഐക്യമുന്നണി തിരഞ്ഞെടുപ്പിൽ മൽസരിച്ചതും പാർട്ടികൾ തമ്മിൽ ഐക്യം ഉണ്ടായതും ഈ ഏഴു പാർട്ടികളും അംഗീകരിച്ച പൊതു പരിപാടിയുടെ അടിസ്ഥാനത്തിലാണ്. ഞങ്ങളെല്ലാം തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടായിരുന്നു. ഞങ്ങളെയെല്ലാം ബന്ധിപ്പിച്ച ചരട് ഈ പരിപാടികളായിരുന്നു. ആ പരിപാടികളെ തകർത്തവർ ആര് ? അവരല്ലെ സർ, ഈ ഐക്യമുന്നണിയെ വഞ്ചിച്ചത്.

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: കാൺഗ്രസ്സുമായി കൂട്ടുചേർന്ന നിങ്ങളല്ലെ മുന്നണിയെ തകർത്തത്? ഒന്നായി നിൽക്കാം, കാൺഗ്രസ്സിനെ എതിർക്കാം എന്നുള്ളതു ലംഘിച്ചതു നിങ്ങളല്ലേ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: ഇമ്പിച്ചിബാവ ക്ഷമിച്ചിരിക്കണം, ഞാൻ അതു മുഴുവൻ പറയാം. എന്റെ കല്യാണക്കാര്യം വരെ ഇവിടെ പറഞ്ഞപ്പോൾ, എല്ലാ കാര്യങ്ങളും സമാധാനമായി പറയാം. ഞാൻ പറയുന്നത് ഇതൊക്കെ നമുക്കു ശാന്തമായി ചർച്ചചെയ്യാമെന്നാണ്. ആ അന്തരീക്ഷത്തിൽ നിങ്ങൾ കാര്യങ്ങൾ പറഞ്ഞാൽ നിങ്ങൾക്കും നല്ലതാണ് രാജ്യത്തിനും നല്ലതാണ്.

ഈ പരിപാടികളാണ് ഈ പാർട്ടികളെ തമ്മിൽ ബന്ധിപ്പിച്ചത്. അതിന്റെ അടിസ്ഥാനത്തിലാണ് ഈ രാജ്യത്തുള്ള ബഹുഭൂരിപക്ഷം ജനങ്ങളുടെ വോട്ടു നേടി 117 അംഗങ്ങളുടെ ഐക്യമുന്നണി കക്ഷിയായി ഇവിടെ നിയമസഭയിൽ വന്നതെങ്കിൽ ആ പരിപാടികൾക്ക് യാതൊരു മാന്യതയും കൽപ്പിക്കാതെ സ്വന്തം പരിപാടികൾ നടപ്പാക്കുന്നതിനും സ്വന്തം പാർട്ടിയെ ശക്തിപ്പെടുത്താനും വേണ്ടിയുള്ള പരിശ്രമത്തിൽ ഏർപ്പെട്ട മാർക്സിസ്ററു പാർട്ടിയാണ് ഐക്യമുന്നണിയെ വഞ്ചിച്ചത്. സാമാന്യമായ മര്യാദപോലും പാർട്ടികൾ തമ്മിലുള്ള ?ബന്ധത്തിൽ പുലർത്താതെ അതിനെ ശിഥിലമാക്കിയ മാർക്സിസ്ററു പാർട്ടിയാണ് യഥാർത്ഥത്തിൽ ഐക്യമുന്നണിയെ വഞ്ചിച്ചത്. ആ വഞ്ചനയ്ക്കു ശേഷം ഇന്നു നിങ്ങൾ തിരിയേണ്ടത് ഗവർണ്ണറുടെ നേരെയല്ല; സാധുവായ എന്റെ നേരെയും അല്ല.

LIBRARY ARCHIVES Kerala Legislative Assembly

12 NOON ശ്രീ. സി. ബി. ചന്ദ്രശേഖര വാര്യർ: ഒരു ചോദ്യം.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: ആർക്കും യീൽഡ് ചെയ്യുന്നില്ല.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ഇതിന മുൻപ് യീൽഡ് ചെയ്തതോ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: യീൽഡ് ചെയ്തുപോയി ഇനി ചെയ്യുന്നില്ല.

...........അതുകൊണ്ട് അതെല്ലാം ലംഘിച്ചശേഷം ഞങ്ങളോട് ഈ പക്ഷത്തിരിക്കുന്ന ആളുകളോട്, അല്ലെങ്കിൽ ഇവിടെ പ്രസംഗം ചെയ്യാൻ വന്ന ഗവർണ്ണറോട്, അരിശം കാണിക്കുന്നതിന് പകരം മാർക്സിസ്റ്റ്, കാർ യഥാർത്ഥത്തിൽ വേണ്ടത് എന്തുകൊണ്ട് ഇങ്ങനെയൊരു സംഭവവികാസമുണ്ടായി എന്ന് സമചിത്തതയോടുകൂടി ആലോചിക്കുകയും തെററായ നേതൃത്വം നൽകിയ അവരുടെതന്നെ നേതാക്കളോട് അരിശം കൊള്ളുകയുമാണ്, എന്ന് സ്നേഹബുദ്ധിയോടുകൂടി ഞാൻ ഓർമ്മിപ്പിക്കുകയാണ്. ഇന്ന് ഞങ്ങൾക്ക്, ഈ ഭാഗത്തിരിക്കുന്നവർക്ക് ഭൂരിപക്ഷമുണ്ടോ എന്നു ചോദിക്കുകയാണ്. കാണാൻ പോകുന്നപൂരം പറഞ്ഞു കേൾപ്പിക്കേണ്ട ആവശ്യമുണ്ടോ? നാളയോമററന്നാളോ കാണാം. അതുകൊണ്ട് ഭൂരിപക്ഷത്തിൻെറ പ്രശ്നം അല്ല.

ശ്രീമതി കെ. ആർ. ഗൗരി: തിരഞ്ഞെടുപ്പു വരുമ്പോൾ ഒന്നും പിന്നെ വേറെ ഒന്നുമാണോ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: തിരഞ്ഞെടുക്കുമ്പോൾ ഒന്നും അതുകഴിയുമ്പോൾ വേറേയൊന്നും ആകുന്ന സ്വഭാവം മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി തുടരുന്നതാണ് അപകടം. ജനങ്ങളുടെ മുൻപിൽ, ഞങ്ങൾ അധികാരത്തിൽവന്നാൽ ഇന്നായിന്ന കാര്യങ്ങൾ ചെയ്യുമെന്ന് വ്യക്തമായി കൊടുത്ത ഉറപ്പ് നടപ്പാക്കിയോ? അത് നടപ്പാക്കുന്നതിന് സന്നദ്ധമായി മുന്നോട്ടുവരുന്ന ഒരു ഐക്യമുന്നണിയുടെ ഭരണമാണ് ഇന്ന് നടക്കുന്നത്. ശ്രീ. ജോർജ് കേരളാ കോൺഗ്രസാണ്. അവരുടെ പഴയ നയം എന്തായാലും ഇന്ന് ഈ ഐക്യമുന്നണിയുടെ പരിപാടി അംഗീകരിച്ചുകൊണ്ട് അത് നടപ്പാക്കാൻ ആത്മാർത്ഥമായി ഗവൺമെൻറിൻെറ ഭാഗത്ത് നിൽക്കുമെന്ന് അവർ പരസ്യമായി ഉറപ്പ് നൽകിക്കഴിഞ്ഞശേഷം എന്തുകൊണ്ട് അവരെ ഉൾപ്പെടുത്തിക്കൂടാ? തീണ്ടലുണ്ടോ?

ശ്രീ. ഇ. എം. ജോർജ്: നമ്മുടെ സഖാക്കളെ മദ്ധ്യ തിരുവിതാംകൂറിൽ തല്ലിക്കൊന്ന ആളുകൾ നിങ്ങളുടെ കൂടെയില്ലേ? അവരുടെ കൈകളിൽ ആ ചോരയില്ലേ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: നിങ്ങളുടെ പുറകിലിരിക്കുന്ന, ആർക്കുവേണ്ടി ഈ മന്ത്രിസഭയെ ക്രൂശിച്ചോ, ആ വെല്ലിംഗ്ടൻെറ കയ്യിൽ ആരുടെ ചോരയാണുള്ളത്?

ശ്രീമതി കെ. ആർ. ഗൗരി: സഖാവ് ജേക്കബ്ജോണും കെ. എം. ജോർജും അല്ലേ ആ പരിപാടികൾ നടപ്പിലാക്കുന്നത്?

ശ്രീ. ഇ. ജോൺ ജേക്കബ്: സർ, എൻെറ പേര് ജേക്കബ് ജോൺ എന്നല്ല.

ശ്രീമതി കെ. ആർ. ഗൗരി: തെററിപ്പോയി. ജോൺ ജേക്കബ്; സഖാവ് ജോൺ ജേക്കബ്. കുട്ടിയുടെകാര്യം........................

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എസ്. ശ്രീനിവാസൻ: സർ, ഇവർ ചെയ്യുന്ന ഈ ഏർപ്പാട് ഒന്നു നിയന്ത്രിച്ചില്ലെങ്കിൽ ബുദ്ധിമുട്ടുണ്ടാകും.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: ഈ ഗവൺമെൻറിന് പിൻതുണ കിട്ടുന്നതിൻെറയും ഈ ഗവൺമെൻറ് നില നിൽക്കുന്നതിൻെറയും അടിസ്ഥാനം 1967—ൽ കേരളത്തിലുള്ള മുഴുവൻ ജനങ്ങൾക്കും കൊടുത്ത വാഗ്ദാനങ്ങൾ നിറവേററുന്നു എന്നതാണ്. ആ വാഗ്ദാനങ്ങൾ നിറവേററുന്നതിൻെറകൂടെ നിങ്ങളും വരേണ്ടതാണ്. നിങ്ങൾ അത് മറന്നു.

ശ്രീമതി കെ. ആർ. ഗൗരി: 1965—ൽ തിരഞ്ഞെടുപ്പുണ്ടായിരുന്നു. 72-ലും തിരഞ്ഞെടുപ്പുണ്ട്.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: നിങ്ങൾ തെരഞ്ഞെടുപ്പിൻെറ കാര്യം പറയുന്ന. 108 ൻെറ ഭൂരിപക്ഷമുണ്ടായിരുന്ന കാൺഗ്രസ് എവിടെ? അന്ന് സഖാവ് ഗൗരി അമ്മയെ വയലാറിലും ഒക്കെ നിറുത്തി മൽസരിച്ചതല്ലേ? ശ്രീ. ററി. വി. തോമസ് ആലപ്പുഴനിന്നു മൽസരിച്ചില്ലേ? നമുക്ക് ഒരൊററ സീററെങ്കിലും കിട്ടിയോ? ആ കോൺഗ്രസിൻെറ ഗതിയെന്തായി?

ശ്രീമതി കെ. ആർ. ഗൗരി: എനിക്ക് പിന്നെ എന്നും കിട്ടി.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: ഓ. നിങ്ങളുടെ യോഗ്യതയെപ്പററി ഞാൻ പറയുന്നില്ല. തിരഞ്ഞെടുപ്പിൽ മൽസരിച്ചാൽ ചില ഘട്ടങ്ങളിൽ ജയിക്കും. ചില ഘട്ടങ്ങളിൽ തോൽക്കും. ഇന്നിപ്പോൾ 9 ആയി പിന്നെ 2 ആയി ഇരിക്കുന്നവർ ആരായിരുന്നു? അതുകൊണ്ട് ആ കാര്യം പറയേണ്ട. നിങ്ങളൊക്കെ ചെറുപ്പക്കാരായതുകൊണ്ട്, പ്രായമായ ഞാൻ പറയുകയാണ് ഇപ്പോഴത്തെ ഈ പുതിക്കണ്ടിട്ട് ഇത് ശാശ്വതമാണെന്നൊന്നും ആരും തെററിദ്ധരിക്കേണ്ട. പാർട്ടി ശക്തിപ്പെടണമെങ്കിൽ ജനോപകാരപ്രദമായ നല്ല കാര്യങ്ങൾ ചെയ്യാൻ സന്നദ്ധമായി വരണം. അങ്ങനെവന്നാൽ നിങ്ങൾ നന്നാകും. അതിന് വരണമെന്നേ പറയുന്നുള്ളു.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: സർ, ഒരു ചോദ്യം.

ശ്രീ. സി. കെ. ബാലകൃഷ്ണൻ: ഒരു ചോദ്യം...............

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: ഇഷ്ടം പോലെ ശബ്ദം ഉണ്ടാക്കിക്കൊള്ളുക. പക്ഷേ നിങ്ങൾ ഇന്ന് എവിടെ നിൽക്കുന്നു എന്ന് ആലോചിക്കണം. കമ്മ്യൂണിസ്ററ് പ്രസ്താനം സാർവ്വദേശീയത്വത്തിൽ വിശ്വസിക്കുന്ന ഒരു പ്രസ്താനമാണ്. സഖാവ് ഇ. എം. എസും., സഖാവ് എ. കെ. ഗോപാലനും ചേർന്ന് പാർട്ടിയെ പിളർന്ന് പുതിയ പാർട്ടി രൂപീകരിച്ചപ്പോൾ ഞങ്ങളുടെ നേരേ വിരൾ ചൂണ്ടിപ്പറഞ്ഞത്, ഞങ്ങൾ ദേശീയ വാദികളായിപ്പോയി, ബൂർഷ്വാസിയുടെ വാലായിപ്പോയി, സാർവ്വദേശീയത്വത്തിൻെറ ഉടമസ്ഥൻമാർ അവരാണ് എന്നൊക്കെയാണ്. സർ, ഇന്ന് അവരുടെ ദൃഷ്ടിയിൽ അതില്ല. മോസ്ക്കോയിൽ ചേർന്ന എഴുപത്തിയഞ്ച് കമ്മ്യൂണിസ്ററ് പാർട്ടികളും റിവിഷനിസ്ററുകളാണ്; ബാക്കിയുള്ളവർ വിഭാഗീയക്കാരും. പരിശുദ്ധമായ മാർക്സിസത്തിൻെറ വ്യാഖ്യാതാക്കളായി അവശേഷിക്കുന്നതു നമ്പൂതിരിപ്പാടും ബി. ടി. രണദിവേയും സാക്ഷാൽ സുന്ദരയ്യായും മാത്രം. ഇതൊക്കെ പറഞ്ഞുകൊണ്ട് നടക്കാനുള്ള ഗതികേട്, ബുദ്ധിയും ചിന്താശക്തിയുമുള്ള ചെറുപ്പക്കാരായ നിങ്ങൾക്ക് വരുന്നല്ലോ എന്ന് ഓർക്കുമ്പോൾ വേദനയുണ്ട്. ഈ അടുത്ത ദിവസം വിയററ്നാമിൽനിന്ന് മൂന്ന് പ്രതിനിധികൾ ഇവിടെ വന്നു. ലോക ജനാധിപത്യ പ്രസ്ഥാനത്തി

LIBRARY ARCHIVES Kerala Legislative Assembly

ൻെറ ആരാധനാ മൂർത്തികളായ വിയററ്നാമിൻെറ പ്രതിനിധികഠം വന്നപ്പോഠം ഒരുകൂട്ടർ മാത്രം അവരെ സ്വീകരിക്കാൻ പോലും ഒരുങ്ങാതെ കലമ്പി മാറി നിന്നു. വിയററ്നാമിനെപ്പററി ഞാൻ പ്രസംഗിക്കേണ്ട കാര്യമില്ല; എല്ലാവർക്കും അറിയാം. ലോക ജനാധിപത്യ.......................

ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: വിയററ്നാം കാർക്ക് അറിയാം ആരാണ് യഥാർത്ഥ മിത്രങ്ങളെന്ന്.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: ഓഹോ അറിയാം.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: കമ്മിററി പൊളിച്ചത് ആരാണ്?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: ഈ സ്റേററ്റിൽ വിയററ്നാം പ്രതിനിധികഠം വരുമ്പോഠം അവർക്ക് ഉചിതമായ സ്വീകരണം നൽകുന്നതിന് ഈ ഗവൺമെൻറ് മുന്നോട്ട് വന്നെങ്കിൽ അത് ആവേശകരമായ ഒരു കാര്യമല്ലേ? അതിൽ അവരെ അഭിനന്ദിക്കുകയല്ലേ വേണ്ടത്? അതിനുള്ള മര്യാദ പോലും, വിവേകം പോലും ഉണ്ടായില്ലെന്ന് മാത്രമല്ല................

ശ്രീ. കെ. കെ. അബു: കേരളാ കോൺഗ്രസ് സ്വീകരണത്തിൽ പങ്കെടുത്തോ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: പങ്കെടുത്തല്ലോ.

ശ്രീ. കെ. കെ. അബു: അന്നത്തെ ഡിന്നറിലും പങ്കെടുത്തോ?

ശ്രീമതി കെ. ആർ. ഗൗരി: നാട്ടുകാർ പങ്കെടുക്കണമെന്ന് ഗവൺമെൻറിന് ഉണ്ടായിരുന്നില്ല.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: അത് വളരെ വേദനയുള്ള കാര്യമാണ്. ആ കാര്യങ്ങഠം ഞാൻ പറയുമ്പോഠം വിഷമിച്ചിട്ട് കാര്യമില്ല. ഞങ്ങളോടല്ല, നിങ്ങളുടെ നേതാക്കൻമാരോട്, തെററായ നേതൃത്വം തന്നവരോടു ചോദിക്കണം, എന്തിന് ഞങ്ങളെ വിഡ്ഢികളുടെ വഴികളിലേക്ക് നയിച്ചു എന്ന്. എന്നോടല്ല ദേഷ്യപ്പെടേണ്ടത്. ഈ രാജ്യത്തുവന്ന, നാം നമ്മുടെ അതിഥികളായി സ്വീകരിച്ച വിയററ്നാം പ്രതിനിധികളെ അപമാനിക്കുന്നതിന് പോലും സന്നദ്ധരായ നിങ്ങളുടെ സാർവ്വദേശീയതത്വത്തിൻെറ മുൻപിൽ കൂപ്പുകൈ: പക്ഷേ നിങ്ങഠം ആലോചിക്കണം...........

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: അവരെ ആരും അപമാനിച്ചില്ല.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: അവരുടെ സ്വീകരണത്തിൽ പങ്കെടുക്കാതെ അവരെ അപമാനിച്ചു. ഈ രാജ്യത്തെ കേരളാ കോൺഗ്രസും മററു പാർട്ടികളും—കമ്മ്യൂണിസവുമായി ബന്ധമില്ലാത്ത പാർട്ടികഠംവരെ— സഹകരിച്ചിട്ടും അവരുടെ സ്വീകരണത്തിൽ പങ്കെടുക്കാത്ത നിങ്ങളുടെ തെററായ നയത്തിൻെറ...................

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: അത് ജനങ്ങഠം................

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: ജനങ്ങളൊക്കെ സി. ബി. സി. വാര്യരുടെ പോക്കററിലാണോ? ലക്ഷോപലക്ഷം ജനങ്ങഠംകൂടി അവരെ സ്വീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ഇൻഡ്യൻ രാഷ്ട്രീയ രംഗത്ത് ഈ കാലഘട്ടത്തിൽ ഇവിടുത്തെ യാഥാർത്ഥ്യത്തെ കണക്കിലെടുത്തുകൊണ്ട് നോക്കുമ്പോൾ അടുത്ത ഏതാനും വർഷത്തേക്കെങ്കിലും ഐക്യമുന്നണികൾ രൂപീകരിക്കുകയെന്നത് അനിവാര്യമായ ഒരു ആവശ്യമാണ്. ഇടതുപക്ഷ ശക്തികൾ, രാജ്യത്തെ പുരോഗതിയിലേക്ക് നയിക്കുന്ന ജനാധിപത്യശക്തികൾ ഇവയെല്ലാം ചേർന്നുള്ള ഐക്യമുന്നണിയാണ് ഈ രാജ്യത്തെ സാധാരണക്കാരന്റെ മുൻപിലുള്ള ആശാദീപം എന്ന് നമ്പൂതിരിപ്പാട് പ്രസംഗിച്ചിട്ടുണ്ട്. സാർവ്വദേശീയത്വത്തിന്റെ കാര്യം പറഞ്ഞ് വേറെയൊരു കോണിൽ വന്നെത്തിയതുപോലെ, ഐക്യമുന്നണിയുടെ പ്രവാചകനായി രംഗത്തുവന്ന നമ്പൂതിരിപ്പാട് ഇന്ന് എവിടെയാണ് നിൽക്കുന്നത്? ഏത് ഐക്യമുന്നണിയിലാണ്? പുരോഗമന ജനാധിപത്യ ശക്തികളുടെ ചേരിയിലാണോ അതോ മറുചേരിയിലാണോ?

ശ്രീമതി കെ. ആർ. ഗൗരി: മറുചേരി ഏതാണ്?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: അത് അറിഞ്ഞുകൂടെ? അത് എന്നിൽനിന്ന് പഠിക്കാനുള്ള സത്ബുദ്ധി നിങ്ങൾക്കുവരുമ്പോൾ നിങ്ങൾ നന്നാകും. പറഞ്ഞുതരാം. ഇൻഡ്യയിൽ ഇന്ന് രണ്ടുതരത്തിലുള്ള ചേരികളുണ്ട്. ഒന്ന് സ്വതന്ത്രാ—ജനസംഘം—സിൻഡിക്കേറ്റ് ചേരി.

ശ്രീമതി കെ. ആർ. ഗൗരി: അന്ന് ഇവരെല്ലാം ഞങ്ങൾക്ക് പിൻതുണ തന്നു................

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: ഇന്ന് ഇൻഡ്യ ഒട്ടാകെ നടക്കുന്ന ഈ ചേരിതിരിവിൽ നിങ്ങൾ എവിടെയാണ്? ബഹുമാനപ്പെട്ടമെമ്പർ ഇമ്പിച്ചിബാവ ഒരു അമെൻഡ്മെന്റ് ഇവിടെ കൊടുത്തിട്ടുണ്ട്. അത് വായിച്ചപ്പോൾ സംഗതി എന്താണെന്ന് മനസ്സിലായി. ആരുടെ തോളിൽ കൈയിടാനാണ് നിങ്ങൾ തീരുമാനിച്ചിരിക്കുന്നതെന്ന് മനസ്സിലായി. വർഗ്ഗീയ കലാപം മുസ്ലീംലീഗുകാർ ഉണ്ടാക്കുമെന്നാണ് അദ്ദേഹം പറയുന്നത്. 'ആമയെ ചുടല്ലേ' ചുട്ടാലും മലർത്തിയിട്ട് ചുടല്ലേ' എന്ന് പറഞ്ഞതുപോലെ, ഭരണഘടനയ്ക്കെതിരാണോ, നിയമത്തിനെതിരാണോ എന്നാൽ കോടതിയിൽ പൊയ്ക്കൊള്ളണം എന്ന് ലാൻഡ് ബില്ലിനെ സംബന്ധിച്ച് നമ്പൂതിരിപ്പാട് ജൻമികൾക്ക് ആഹ്വാനം കൊടുത്തപ്പോൾ ഇമ്പിച്ചിബാവ ജനസംഘക്കാർക്ക് ആഹ്വാനം കൊടുക്കുകയാണ്. സിൻഡിക്കേറ്റിന്റെ കാര്യം പരസ്യമായി പ്രഖ്യാപിച്ചില്ലേ നമ്പൂതിരിപ്പാട്?

സിൻഡിക്കേറ്റിന്റെ കാര്യം പരസ്യമായി പ്രഖ്യാപിച്ചതല്ലേ ശ്രീ. നമ്പൂതിരിപ്പാട്. പണ്ടാരാണ്ടോ പറഞ്ഞതുപോലെ പെണ്ണിനെ കല്യാണം കഴിച്ചാൽ കൊള്ളാമെന്ന് മോഹമുണ്ട്. പക്ഷെ എന്തു ചെയ്യാം. പെണ്ണിന് ചെറുക്കനെ ഇഷ്ടമില്ല. പിന്നെ എങ്ങിനെ കല്യാണം നടക്കും. അതുപോലെ സിൻഡിക്കേറ്റുകാരുമായി കൂട്ടുകൂടിയാൽ കൊള്ളാമെന്ന് മോഹമുണ്ട്. പക്ഷെ കൂട്ടുകൂടുന്നതിന് അവർ ആരുംതന്നെ സമ്മതിക്കുന്നില്ല. ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാടിന്റെ പ്രസ്താവനയുടെ കഥ അതാണെങ്കിൽ ശ്രീ. ഇമ്പിച്ചിബാവയുടെ ഭേദഗതിയിൽ കാണുന്നത് എന്താണ്? മുസ്ലീം ലീഗുകാർ വർഗ്ഗീയകലാപം ഉണ്ടാക്കാൻപോകുന്നു, ജനസംഘക്കാരെ സൂക്ഷിച്ചുകൊള്ളുമെന്നാണ്? നിങ്ങളുടെ വലിയ നേതാക്കൻമാർ അഖിലേൻഡ്യാ തലത്തിൽ സിൻഡിക്കേറ്റുകാരുമായി കൂട്ടുകൂടാൻ അവിടെ ശ്രമിച്ചുകൊള്ളും. പക്ഷെ ഇവിടെ അവർപോലും നിങ്ങളോടു അടുക്കാൻ പോകുന്നില്ല. അതിനുള്ള കാരണം നിങ്ങൾ 31 മാസക്കാലം ഇവിടെ കാട്ടിക്കൂട്ടിയതിന്റെ ഫലം കൊണ്ടാണ്. പക്ഷെ അഖിലേൻഡ്യാ അടിസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ നിങ്ങളുടെ പ്രമുഖ നേതാക്കൻമാർ അറിഞ്ഞോ അറിയാതെയോ അവരുടെ കൂട്ടുകെട്ടിൽ വീഴാൻ പോകുകയാണ്. സാർവ്വദേശീയമായും ദേശീയമായും മാർക്സിസ്ററുകാർ പററിയിരിക്കുകയാണ്. ഇപ്പോൾ ദേശീയ പ്രതിലോമവാദികളുടേ പാളയത്തിലേക്കു നിങ്ങളുടെ വലിയ നേതാക്കൻമാർ ചെന്നു പെട്ടിരിക്കുകയാണ്. നിങ്ങൾക്കു പററിയ കുഴപ്പം എന്താണെന്നുവച്ചാൽ, നിങ്ങൾക്കു ഇന്നു നടക്കുന്ന ഒരു കാര്യം ശരിയോ തെറേറാ എന്നു മനസ്സിലാക്കാൻ ഒന്നുരണ്ടു കൊല്ലം വേണ്ടിവരും. ഈ കാലതാമസമാണ് ഈ രാഷ്ട്രീയത്തിൽ കുഴപ്പം ഉണ്ടാക്കുന്നത്. ഞാൻ ഇതെല്ലാം പറഞ്ഞാൽ നിങ്ങൾക്കാർക്കും പിടിക്കുകയില്ല. കാരണം സത്യത്തിനു ഒരു കുറവുണ്ട്. അത് എപ്പോഴും ആളുകൾക്കു രുചിച്ചു എന്നു വരികയില്ല. ലാൻഡ് ബിൽ കൊണ്ടുവരാൻ എതിർക്കുന്ന സംസ്ഥാനങ്ങൾക്കെതിരായി നിങ്ങൾ സമരം ചെയ്യുകയാണെങ്കിൽ ആ സമരത്തിൽ പങ്കുകൊള്ളാൻ ഞങ്ങൾ തയാറാണ്. രാജേശ്വരറാവു പറഞ്ഞതും അതുതന്നെയാണ്. ഇത്തരം ഭൂനിയമം കൊണ്ടുവരാൻ തയാറാകാത്ത സംസ്ഥാനങ്ങളിൽ കാർഷികതൊഴിലാളികളും ഭൂമിയില്ലാത്ത തൊഴിലാളികളും സംഘടിച്ചുനിന്നും ഭൂമി കയ്യേറാൻ തയാറാകണം. ഇവിടെ എന്താണു സംഭവം. ഇവിടെ ഭൂനിയമം കൊണ്ടുവന്നു പാസായി കഴിഞ്ഞിരിക്കുന്നു. ഇവിടെ കൊണ്ടുവന്ന ഭൂനിയമമാകുന്ന കൊച്ചിനു രൂപം കൊടുത്തതു നമ്മുടെ ഗൗരിയമ്മയാണ്.

ശ്രീമതി കെ. ആർ. ഗൗരി: നിങ്ങളുടെ കൊച്ചാണെന്നല്ലേ പറയുന്നത്

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: എന്നാൽ നമ്മൾ രണ്ടുപേരുടെയും കൂടി കൊച്ചാണെന്നു വച്ചുകൊള്ളൂ. എന്തായാലും അതു നല്ല ഒരു കൊച്ചാണ്. ആ നിയമം നടപ്പിലാകുന്നതിനു നിയമപ്രകാരം ചെയ്യേണ്ട കാര്യങ്ങൾ ചെയ്യുന്നതിനും, ഗവൺമെൻറിൻെറ ഭരണയന്ത്രത്തെ പ്രത്യക്ഷമായോ പരോക്ഷമായോ പരാജയപ്പെടുത്താൻ ശ്രമിക്കുന്ന ജൻമിവിഭാഗത്തിന് എതിരായി ഉപയോഗിക്കാനും, അവസരം കൊടുക്കുന്നതിനു പകരം നാടാകെ അരാജകത്വം അഴിച്ചുവിടുകയല്ലേ നിങ്ങൾ ചെയ്തിരിക്കുന്നത്? കഴിഞ്ഞ കാലത്തു യുദ്ധത്തിന് ഒരു തന്ത്രമുണ്ടായിരുന്നു. അത് ഞാൻ പറയുമ്പോൾ ബഹുമാനപ്പെട്ട സ്പീക്കർക്ക് ദേഷ്യം തോന്നരുതേയെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്. യുദ്ധത്തിനു പോകുമ്പോൾ അന്ന് ബ്രാഹ്മണർക്ക് എതിരായി ആയുധം എടുക്കരുതെന്നു നിർദ്ദേശം ഉണ്ടായിരുന്നു. അതുകൊണ്ടു യുദ്ധത്തിനു മുൻനിരയിൽ ബ്രാഹ്മണരെ പിടിച്ചു നിറുത്തും.

ശ്രീമതി കെ. ആർ. ഗൗരി: ഓഹോ അതുകൊണ്ടാണോ കുരുക്ഷേത്രത്തിൽവച്ചു കാണാമെന്നു പറഞ്ഞയാൾ ഇപ്പോൾ പുറകിലായത്? കുരുക്ഷേത്രയുദ്ധം പറഞ്ഞു നടന്നിരുന്ന ആളിനെ ഇപ്പോൾ കാണാനില്ലല്ലോ? ഓടിപ്പോയോ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: കാണാത്തതിൽ വിഷമം ഉണ്ടെന്നു കാണുന്നതിൽ വളരെയധികം സന്തോഷമുണ്ട്. നിങ്ങൾ തമ്മിൽ കാണുന്നതിന് എന്നെക്കൊണ്ടു ചെയ്യാവുന്നതൊക്കെ ചെയ്യാവുന്നതാണ്.

മി. സ്പീക്കർ: ഇതെല്ലാം പറയുമ്പോൾ ഞങ്ങൾക്കെല്ലാം കേൾക്കുന്നതിന് ഇഷ്ടമുണ്ട്. എന്നിരുന്നാലും ഈമാതിരി ചർച്ചകൾ ഇല്ലാതിരിക്കാൻ ശ്രമിക്കണം.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: ഭൂനിയമം നടപ്പിലാക്കുന്ന കാര്യത്തിൽ ഒന്നിച്ചുനിന്നു പ്രവർത്തിക്കുന്നതിനു പകരം എല്ലാ സ്ഥലത്തും

LIBRARY ARCHIVES Kerala Legislative Assembly

മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയിലെ ഉന്നത പ്രവർത്തകൻമാർ നിയമം കൈയിലെടുത്തു ഈ നിയമം നടപ്പിലാക്കുന്നതിനെ പരാജയപ്പെടുത്തുന്ന നടപടികൾ നിറുത്തിവയ്ക്കേണ്ടതാവശ്യമാണ്. നിങ്ങൾ ഇപ്പോൾ നിയമം പാസാക്കുന്നതിനും നടപ്പിലാക്കുന്നതിനും ആവശ്യമായ സമരം നടത്തുക. ഈ സംസ്ഥാനത്തും ഇൻഡ്യയിലാകെയും മാതൃക കാണിക്കത്തക്കവണ്ണം ജൻമി സംപ്രദായവും ഭൂവുടമാസംപ്രദായവും അവസാനിപ്പിക്കുന്ന കാര്യത്തിലെങ്കിലും മാർക്സിസ്റ്റുകമ്മ്യൂണിസ്റ്റു പാർട്ടി യോജിക്കാതെ ഇങ്ങനെ എതിർത്തു നിൽക്കുന്നത് എന്തിനാണ്? ഇതു പറഞ്ഞപ്പോഴാണ് ശ്രീ. വി. എസ്. അച്യുതാനന്ദന്റെ പ്രസംഗത്തെപ്പററി ഞാൻ ഓർക്കുന്നത്. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ എന്റെ കല്യാണക്കാര്യത്തെപ്പററിയെല്ലാം പറയുകയുണ്ടായി. ചാലയിൽ പണിക്കരുടെ മകളെയാണു ഞാൻ കല്യാണം കഴിച്ചത്. ഞാനും ശ്രീ. ഈ. എം. ശങ്കരൻനമ്പൂതിരിപ്പാടും ഒരു പാർട്ടിയിലുള്ളവരാണ്. ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട് കല്യാണം കഴിച്ചിരിക്കുന്നതു വടക്കേടത്ത് തെക്കേ മനയ്ക്കൽ നിന്നാണ്. അമ്പലപ്പുഴ രാജാക്കൻമാരുടെ മന്ത്രിമാരാണ് വടക്കേടത്ത് തെക്കേ മനയ്ക്കലെ നമ്പൂതിരിമാർ. ആ രാജാവിന്റെ പട്ടാളക്കാരാണു ചാലയിൽക്കാർ. അങ്ങിനെ അവർ രണ്ടുകൂട്ടരും പരിചയക്കാരാണ്. ആ നിലയിലാണു കല്യാണം നടന്നത്. അവിടെയാണ് ശ്രീ. വി. എസ്. അച്യുതാനന്ദനു വന്ന തെററ്.

ഇപ്പോൾ ലാൻഡ് ബിൽ നടപ്പിലാക്കാൻ പോകുകയാണ്. പരിധിയിൽക്കവിഞ്ഞ ഭൂമി ഒരു ജൻമിയും കൈവശം വച്ചു കൊണ്ടിരിക്കാൻ അനുവദിക്കാത്ത സാഹചര്യമാണുള്ളത്. മിച്ചമുള്ള ഭൂമി കൃഷിക്കായി ഉപയോഗപ്പെടുത്തണം. അപ്പോൾ അടുത്തപടിയായി ശ്രമിക്കേണ്ടത് കൃഷി അഭിവൃദ്ധിപ്പെടിത്തുകയെന്നുള്ളതാണ്. കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിന് യന്ത്രവൽക്കരണമല്ലാതെ മററ് മാർഗ്ഗമൊന്നുമില്ല. അതിനെപ്പററി ''മാർക്സ് ഓൺ ഇൻഡ്യ'' എന്നു പറയുന്ന ഒരു പുസ്തകത്തിൽ എഴുതിയിട്ടുണ്ട്. അതു നിങ്ങളെല്ലാവരും വായിച്ചു നോക്കണം.

ശ്രീ. ടി. വി. തോമസ്: അത് ഇംഗ്ലീഷിൽ മാത്രമേയുള്ളു.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: മലയാളത്തിലും കാണുമായിരിക്കും. അതിൽ പറയുന്നത് ഉൽപ്പാദന ശക്തിയിൽ നൂററാണ്ടുകളായി മുരടിച്ചുപോയ ഭാരതത്തിൽ ബ്രിട്ടീഷുകാർ യന്ത്രങ്ങൾ കൊണ്ടുവന്നു എന്നുള്ളതു വലിയ ഒരു സംഭവമാണ് എന്നാണ്. എന്നാൽ ഈ യന്ത്രങ്ങൾ തൊഴിലാളികൾക്കു ദ്രോഹം ആകാതെ തൊഴിലാളികളുടെ അദ്ധ്വാനത്തിൽ യന്ത്രങ്ങൾ ഉപയോഗിക്കുവാനുള്ള രാഷ്ട്രീയ ശാസ്ത്രം മനസ്സിലാക്കിയിട്ടുള്ളവരാണ് സോഷ്യലിസത്തിന്റെ പേരിൽ നടക്കുന്ന മാർക്സിസ്റ്റ്കാർ എന്നാണു ഞാൻ മനസ്സിലാക്കുന്നത്. എന്നാൽ ഇപ്പോഴത്തെ മാർക്സിസ്റ്റുകാർക്ക് അതിനെക്കുറിച്ച് ഒരു പിടിയുമില്ല. ഉൽക്കടമായ വികാരം മാത്രം മുതലാളിത്വത്തിനെതിരായി ഇളക്കിവിടുകയും പിന്നെ എന്താണു ചെയ്യേണ്ടതെന്ന് അറിഞ്ഞുകൂടാതിരിക്കുകയും ചെയ്യുന്ന ഒരു വിഭാഗം ആളുകളെ കാറൽമാർക്സ് അന്നേ വിഭാവനം ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്റെ ദീർഘ ദൃഷ്ടികൊണ്ട് അദ്ദേഹം അതിന് ഒരു പേരു കൊടുത്തിട്ടുണ്ട്. ആ പേരാണ് ഫ്യൂഡൽ സോഷ്യലിസം. ഉൽപാദന സംപ്രദായത്തിൽ മൗലികമായ മാററം വരുത്താതെ അതേപടിയിൽ നില നിറുത്തിക്കൊണ്ടു സോഷ്യലിസത്തിനുവേണ്ടി വാദിക്കുന്ന പുരോഗതിയുടെ ശത്രുക്കളായ ആളുകളെപ്പററി അന്നേതന്നെ മാർക്സ് പ്രത്യേകം എടുത്തു പറഞ്ഞിട്ടുണ്ട്. തൊഴിലാളികളെ! നിങ്ങൾ ഇവരെ സൂക്ഷിച്ചുകൊള്ളണമെന്നു പറഞ്ഞിട്ടുണ്ട്. വർഗ്ഗത്തെപ്പററി സംസാരിക്കുന്നതു കേട്ടപ്പോൾ അദ്ദേഹത്തിന്റെ ദീർഘവീക്ഷണത്തെപ്പററി ഞാൻ ഓർത്തുപോകുകയാണ്. കമ്മ്യൂ

LIBRARY ARCHIVES Kerala Legislative Assembly

ണിസ്റ്റ് പ്രസ്ഥാനത്തെ മാത്രമല്ല, അടുത്തകാലത്ത് ആൾ ഇൻഡ്യാ ട്രേയിഡ് യൂണിയൻ കോൺഗ്രസ്സിനെയും ഭിന്നിപ്പിക്കുന്നതിനുള്ള എല്ലാ നടപടികളും നിങ്ങൾ പൂർത്തിയാക്കി വെച്ചിട്ട് എന്താ നിങ്ങൾ പറയുന്നത്? എന്റെ ബഹുമാന്യ സ്നേഹിതൻ ശ്രീ. ഇ. എം. ജോർജിന്റെ പ്രസംഗം കേട്ടപ്പോൾ, അദ്ദേഹത്തിന്റെ വർഗ്ഗസ്നേഹം കേട്ടപ്പോൾ ഞാൻ അദ്ദേഹത്തിന്റെ ആത്മാർത്ഥതയെ ചോദ്യം ചെയ്യുന്നില്ല—അദ്ദേഹത്തേയും അദ്ദേഹത്തിന്റെ അനുയായികളേയും പടുകുഴിയിലേക്കു നയിക്കുന്ന അവരുടെ നേതാക്കൻമാരെപ്പററി എനിക്ക് അൽപം ദേഷ്യം തോന്നുന്നു. ഈ കാലഘട്ടത്തിന്റെ കടമകൾ എന്താണ്? ഈ ഗവൺമെന്റ് അച്ചുതമേനോൻ ഗവൺമെന്റ് നില നിൽക്കാനുള്ള അവകാശമുണ്ടോ എന്നെല്ലാം അദ്ദേഹം വർഗ്ഗത്തിന്റെ പേരിൽ സംസാരിച്ചു. അതിനെപ്പററി ഇപ്പോഴെനിക്ക് ഒന്നുംതന്നെ പറയാനില്ല.

നാലുലക്ഷത്തിൽ പരം കൃഷിഭൂമി വിദേശ ഉടമയിൽ ഇപ്പോഴുമിരിക്കുകയാണ്, സ്വാതന്ത്ര്യം കിട്ടിയിട്ട് 22 കൊല്ലമായിട്ടും. ആ പ്ലാന്റേഷൻസ്, വിദേശത്തോട്ടങ്ങൾ ഈ ഗവൺമെന്റ് ഒഴിപ്പിച്ചെടുക്കാൻ പോവുകയാണ്. അതെല്ലാം ഇപ്പോൾ ഏറെറടുക്കാൻ പോവുകയാണ്.

ശ്രീമതി. കെ. ആർ. ഗൗരി: അതെല്ലാം ഞങ്ങൾ നടത്താൻ തീരുമാനിച്ചിരുന്നതാണ്.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: 31 മാസം ഇവിടെ റവന്യൂ മന്ത്രിയായിരുന്നപ്പോൾ ഇതൊന്നും ചെയ്യാൻ തോന്നാത്ത ഗൗരിഅമ്മയ്ക്ക് ഇപ്പോൾ ഇതെല്ലാം കാണുമ്പോൾ ദേഷ്യം തോന്നും. അതുപോലെതന്നെ നാടുവാഴിത്വം ഇവിടെ നിന്നുംതുടച്ചു നീക്കാൻ ആവശ്യമായ ഭൂ നിയമം നടപ്പിലാക്കാൻ പോകുന്നു.

ശ്രീ. കെ. ഐ. രാജൻ: കണ്ണൻദേവൻ കമ്പനി ഏറെറടുക്കാൻ പോകുന്നതിനെപ്പററി അവിടെയുള്ള ജനങ്ങളുടെ വികാരം എന്താണെന്നറിഞ്ഞോ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: ഇപ്പോൾ അവിടത്തെ വികാരവും ഇവിടത്തെ വികാരവുമല്ല പ്രശ്നം. നാലുലക്ഷത്തിൽപരം ഏക്കർ ഭൂമി വിദേശതോട്ടങ്ങളായിരിക്കുകയാണ്. സ്വാതന്ത്ര്യം കിട്ടിയിട്ട് 22 കൊല്ലമായിട്ടും അതൊഴിപ്പിച്ചെടുക്കാൻ ആർക്കും സാധിച്ചില്ലല്ലോ. കേരളമാണെങ്കിൽ തലചായ്ക്കാൻ മണ്ണില്ലാത്ത ലക്ഷക്കണക്കിനാളുള്ള സംസ്ഥാനമാണ്. അതുകൊണ്ടു നാലുലക്ഷത്തിൽ പരം ഏക്കർ ഭൂമി ഇനിയും വിദേശമുതലാളിമാരുടെ കൈയിൽ അടക്കിവച്ചിരുക്കുന്ന സംപ്രദായം മാററി വയ്ക്കണം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർക്ക് അനുവദിച്ച സമയം തീർന്നിരിക്കുന്നു.

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: എന്നെപ്പോലെയുള്ളവർക്ക്കുറെക്കൂടി സമയം സൗജന്യമായി തരേണ്ടതാണ്. കാരണം ഞങ്ങൾ സംസാരിച്ചുകൊണ്ടുനിൽക്കുമ്പോൾ മററുള്ളവർ ചോദ്യം ചോദിച്ചു സമയം നഷ്ടപ്പെടുത്തും. ആ നഷ്ടപ്പെടുന്ന സമയം കൂടി തരേണ്ടതാണ്.

മി. സ്പീക്കർ: പാർട്ടി നേതാക്കൻമാരായാൽ അങ്ങിനെയെല്ലാം ശല്യം ചെയ്യുന്നതു പതിവാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: അപ്പോൾ അതെല്ലാം സഹിച്ചു കൊള്ളണമെന്നാണോ? എങ്കിൽ എന്റെ പ്രസംഗം ഇപ്പോൾത്തന്നെ അവസാനിപ്പിച്ചേക്കാം. എനിക്ക് അവസാനമായി പറയുവാനുള്ളതു മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടി ഇപ്പോൾ മാർക്സിന്റെ തത്വത്തിൽനിന്ന് അറിയാതെ വഴുതിപ്പോയിരിക്കുകയാണ്. നിങ്ങൾ ഒന്നു പറയുകയും മറ്റൊരു വഴിക്ക് തിരിക്കുകയും വേറൊരു സ്ഥലത്ത് ചെന്നു നിൽക്കുകയും ചെയ്യുന്ന ഒരു സംപ്രദായമാണു സ്വീകരിച്ചിരിക്കുന്നത്. അതു ശരിയല്ല. ഇതൊക്കെ പറഞ്ഞാലും അങ്ങനെ പിണങ്ങാൻ ഒക്കാത്തവരാണ് നമ്മൾ. നാം നമ്മുടെ ലക്ഷ്യത്തിലേക്ക് എത്തിച്ചേരേണ്ടതാണ്. വിനാശകരമായ രാജ്യത്തെ മുന്നോട്ടു നയിക്കാത്ത നിങ്ങളുടെ ഈ നയം തുടരണമോ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ പുനർചിന്തനം നടത്തി വീണ്ടും നല്ല വഴിക്ക് തിരിക്കണമോ? അതല്ലേ കമ്മ്യൂണിസ്റ്റുകാരായ നാം പഠിച്ചിട്ടുള്ളത്. തെറ്റു തെറ്റെന്നു സമ്മതിക്കുകയും അതു തിരുത്താൻ ശ്രമിക്കുകയും ചെയ്യുന്നതാണ് കമ്മ്യൂണിസ്റ്റു പ്രസ്ഥാനവും മറ്റു പ്രസ്ഥാനവുമായിട്ടുള്ള വ്യത്യാസം. പരമാർത്ഥം പറഞ്ഞാൽ ശ്രീമതി ഗൗരിയമ്മ അപ്പുറത്തിരിക്കുന്നതിൽ എനിക്കു വളരെയധികം ദു:ഖമുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി: ദു:ഖിക്കേണ്ട കാര്യമില്ല.

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: ആവേശത്തോടുകൂടിയും ധീരതയോടുകൂടിയും കമ്മ്യൂണിസ്റ്റു പ്രസ്ഥാനത്തിലേക്ക് വന്നിട്ടുള്ളതും പ്രവർത്തിച്ചിട്ടുള്ളതുമായ മററ് അനവധി മുഖങ്ങൾ അപ്പുറത്തിരിക്കുന്നുണ്ട്. നിങ്ങളുടെ നയം പിശകാണ്. നിങ്ങൾ ഇന്നു ഞാൻ പറയുന്ന കാര്യങ്ങൾ ചെവിക്കൊള്ളുക. എങ്കിൽ നിങ്ങളുടെ ഭാവി പ്രവർത്തനങ്ങളിൽ നിങ്ങൾക്ക് വിജയം ലഭിക്കും. ഒന്നുകിൽ നിങ്ങൾ ഞങ്ങളുടെ കൂടെ വരിക, അല്ലെങ്കിൽ കെ. പി. ആർ. ന്റെ പുറകെ പോകുക. നിങ്ങളുടെ ഇന്നത്തെ നയങ്ങളുമായി മുന്നോട്ടു പോകാൻ കഴിയാത്ത വല്ലാത്ത ഒരു വൈതരണിയിൽ നിങ്ങളുടെ നേതാക്കൻമാർ നിങ്ങളെ കൊണ്ടു ചെന്നെത്തിച്ചിരിക്കുകയാണ്. ഏതു വഴിക്കെന്നു തീരുമാനിക്കുകയാണു നേരത്തെ നിങ്ങൾക്കു നല്ലത്. ഞാൻ പറയാനുള്ളതു പറഞ്ഞു. എന്റെ വാക്കുകൾ അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. എം.കെ. കേളു: ഇതുവരെകേട്ട ഒരു രാഷ്ട്രീയ സമ്മേളനപ്രസംഗം കഴിഞ്ഞ ഉടനെ ഗവർണ്ണറുടെ പ്രസംഗം പുസ്തകത്തിൽ നിന്നു വായിച്ചതിന്റെ ഫലമായുള്ള അഭിപ്രായങ്ങൾ പറയുമ്പോൾ രണ്ടററത്തു നിന്നു പറയേണ്ടി വരിക എന്നാണ് തോന്നുന്നത്. ഏതായാലും ഇപ്പോൾ സംസാരിച്ചു നിറുത്തിയ ശ്രീ. എം. എൻ. ഗോവിന്ദൻ നായരും, എന്നെപ്പോലെയുള്ള ആളുകളും ഒരുമിച്ച് പ്രവർത്തിക്കുമ്പോൾ പഠിച്ച, അല്ലെങ്കിൽ വായിച്ച, ഒരു കാര്യം ഓർമ്മ വരികയാണ്. 1848—ൽ കാറൽമാർക്സും എംഗൽസും കൂടി കമ്മ്യൂണിസ്ററ് മാനിഫെസ്റേറാ പുറത്തിറക്കിയപ്പോൾ അതിന്റെ പ്രവർത്തനം ആരംഭിച്ചപ്പോൾ ലോകത്തുള്ള പിൻതിരിപ്പൻമാർ പറഞ്ഞു, യൂറോപ്പിൽ ഒരു ഭൂതം വരുന്നു എന്ന്. അന്ന് ആ പിൻതിരിപ്പൻമാരെല്ലാം അതായിരുന്നു പറഞ്ഞതെങ്കിൽ 120 കൊല്ലം കഴിഞ്ഞതിനു ശേഷം കമ്മ്യൂണിസത്തിൽ വിശ്വസിച്ച് പ്രവർത്തിച്ചുവന്ന സഖാവ് എം. എൻ. ഗോവിന്ദൻ നായർ ഇന്ന് ആ പിൻതിരിപ്പൻമാർ പറയുന്ന രീതിയിൽ മാർക്സിസ്ററ് കമ്മ്യൂണിസ്ററ് കാരാണ് ഇന്നത്തെ മുഴുവൻ ശത്രുക്കൾ, അങ്ങനെയൊരു ഭൂതമുണ്ടായിരിക്കുന്നു എന്നു പറയുന്ന ചേരിയിലേക്കു ചേർന്നതു കഷ്ടമായി എന്നു മാത്രമേ പറയുന്നുള്ളു. ഒരു കാര്യം ഗവർണ്ണറുടെ പ്രസംഗത്തിൽ വായിച്ചത്, 9—ാമത്തെ പേജിൽ നിയമസമാധാനത്തെപ്പററി പറയുന്ന ഭാഗം വായിച്ചത്, അതിനെ

LIBRARY ARCHIVES Kerala Legislative Assembly

ക്കുറിച്ച് മാത്രം ഞാൻ പറയുകയാണ് ഞാൻ ഏതാണ്ടു നാൽപ്പതു കൊല്ലത്തിലധികം കാലമായി കാൺഗ്രസ്സിലും, സോഷ്യലിസ്ററ് പാർട്ടിയിലും കമ്മ്യൂണിസ്ററ്പാർട്ടിയിലുമായി പ്രവർത്തിച്ചുവരുന്ന ഒരാളാണ്. ഓരോ കാലഘട്ടങ്ങളിലും, ബ്രിട്ടീഷ്പോലീസുകാരുടേയും കാൺഗ്രസ്സ് പോലീസുകാരുടേയും മർദ്ദനം ഏററിട്ടുണ്ട്. ഇതു ഞാൻ സ്വന്തം അനുഭവത്തിൽനിന്നു പറയുകയാണ്. 1930 മുതൽ ഉപ്പ്സത്യാഗ്രഹകാലത്തും, വിദേശവസ്ത്ര ബഹിഷ്കരണകാലത്തും, മദ്യഷാപ്പ് പിക്കററിംഗ് കാലത്തും കോഴിക്കോട്ടു നടന്ന സംഭവങ്ങൾ എൻെറ ഓർമ്മയിൽ വരികയാണ്. അന്നത്തെ നേതാക്കളായിരുന്ന ജനാബ് അബ്ദുൾ റഹിമാൻ സാഹിബും, കൃഷ്ണപിള്ളയും, കേളപ്പജിയും തുടങ്ങിയവരോടൊപ്പം നിയമം ലംഘിക്കുന്നതിനു പങ്കെടുത്ത ഞങ്ങളുടെ നേരേ മലബാറിലെ പോലീസ് സൂപ്രണ്ടായിരുന്ന ആമു സായിപ്പിൻെറ നേതൃത്വത്തിലുള്ള പോലീസും എം. എസ്. പി.യും കൂടി നടത്തിയ ലാത്തിച്ചാർജ് മലബാറിലുള്ള ആർക്കും വിസ്മരിക്കാൻ സാധിക്കുകയില്ല. കോഴിക്കോട്ട് കടൽപ്പുറം അതിന് ശേഷം ഒരിക്കലും കണ്ടിട്ടില്ലാത്ത രീതിയിലുള്ള മർദ്ദനമായിരുന്നു അന്ന് നടന്നത്. അതിനു ശേഷം 1932—ലും, 1939—ലും എല്ലാ ജയിലിനുള്ളിലും ജയിലിനു പുറത്തും വച്ച് ഞങ്ങൾക്കു മർദ്ദനം സഹിക്കേണ്ടി വന്നിട്ടുണ്ട്. അങ്ങനെ വമ്പിച്ച മർദ്ദനങ്ങൾ സഹിക്കേണ്ടിവന്നിട്ടുള്ള ഒരെളിയ പ്രവർത്തകനാണ് ഞാൻ. അന്നു ഞാൻ ഒരു കാൺഗ്രസ്സ് പ്രവർത്തകനായിരുന്നു. 1942—ൽ ക്വിററ് ഇൻഡ്യാ മൂവ്മെൻറിൻെറ കാലത്ത് കാൺഗ്രസ്സുകാരെ മർദ്ദിക്കുകയായിരുന്നു എം. എസ്. പി. യുടെ പണി. അന്നു കമ്മ്യൂണിസ്ററ് കാരായിരുന്ന ഞങ്ങൾ കാൺഗ്രസ്സുകാരെ മർദ്ദിക്കുന്നതിനെതിരായി വി. പി. ശങ്കരൻ, കുമാരൻ തുടങ്ങിയവരുമായി പ്രവർത്തിക്കാൻ ആയൂരിൽ പോയപ്പോൾ 14 എം. എസ്. പി. ക്കാർ രണ്ടു ദിവസം തുടർച്ചയായി ഞങ്ങളെ പോലീസ് ക്യാമ്പിൽവച്ചും വെളിയിൽവച്ചും ഭീകരമായി മർദ്ദിക്കുകയാണു ചെയ്തത്. പോലീസ് മർദ്ദനത്തിൻെറ ഫലമായി വി.പി. ശങ്കരൻെറ തല അപ്പോൾത്തന്നെ പിളർന്നുപോയി. ഞാനും ചോപ്പാലിലുള്ള പോലീസ് ക്യാമ്പിൽവച്ചു മർദ്ദിക്കപ്പെട്ടു. കാൺഗ്രസ്സുകാരെ മർദ്ദിക്കുന്നതിൽ പ്രതിക്ഷേധിച്ചതിനാണ് ഞങ്ങൾക്ക് ഈ മർദ്ദനം അന്ന് എൽക്കേണ്ടിവന്നത്. അന്ന് ഇന്നത്തെ മുഖ്യമന്ത്രിയായിരിക്കുന്ന ശ്രീ. സി. അച്ചുതമേനോനും, ഞാനും കെ.പി.സി.സി. മെമ്പറൻമാരായിരുന്നു. 1935 മുതൽ 1942 വരെ കെ. പി. സി. സി. മെമ്പറൻമാരായിരുന്നു. ഒടുവിൽ കോഴിക്കോട്ട് ടൗൺഹാളിൽ വച്ചു ചേർന്ന കെ. പി. സി. സി. യോഗത്തിൽ ശ്രീ. സി. അച്ചുതമേനോനെയും എന്നേയും കമ്മ്യൂണിസ്ററ് കാരാണെന്ന കാരണത്താൽ കെ. പി. സി. സി. യിൽനിന്നും പുറത്താക്കി. കമ്മ്യൂണിസ്ററ് കാരായി പുറത്താക്കിയെങ്കിലും പോലീസിൻെറ മർദ്ദനത്തിനെതിരായി പൊതുയോഗം വിളിച്ചുകൂട്ടി പ്രവർത്തിച്ചതിനു വീണ്ടും എനിക്ക് മർദ്ദനം ഏൽക്കേണ്ടിവന്നു. അന്നു കമ്മ്യൂണിസ്ററ് കാരാണെന്ന കാരണത്താൽ പുറത്താക്കപ്പെട്ട അച്ചുതമേനോനും ഞാനും ഇന്നും കാൺഗ്രസ്കാർക്കും മററുള്ള ആളുകൾക്കും മോശക്കാരനാണെങ്കിലും, ശ്രീ. അച്ചുതമേനോൻ എല്ലാ ആളുകളുടേയും കണ്ണിലുണ്ണിയും ആരാധനാ മൂർത്തിയുമായിട്ടുണ്ടെങ്കിൽ സഖാവ് എം. എൻ. പറഞ്ഞതുപോലെ മാർക്സിസ്ററു കാരാണോ ചിന്തിക്കേണ്ടത്, എന്താണ് സഖാവ് അച്ചുതമേനോൻ മററുള്ളവരെ അരിയിട്ട് വാഴ്ത്തുന്നതെന്ന്? ഒന്നു ചിന്തിക്കണം. അതിനുള്ള കാരണം എന്താണെന്നുള്ളത് ഒന്ന് ചിന്തിക്കണമെന്ന് മാത്രമേ ഞാൻ പറയുന്നുള്ളു. ഇത്രയും പറയേണ്ടി വന്നതു പോലീസ് മർദ്ദനങ്ങളെ സംബന്ധിച്ച് ഇന്നലേയും ഇന്നും നടന്ന പ്രസംഗങ്ങളിൽ ഉന്നയിച്ച ഒന്നു രണ്ടു കാര്യങ്ങൾ സൂചിപ്പിക്കാൻ വേണ്ടിയാണ്.

എനിക്കു ഖേദകരമായി തോന്നുന്ന ഒരു സംഗതിയുണ്ട്. ഇവിടെയുള്ള 134 മെമ്പറൻമാരും വിവിധ രാഷ്ട്രീയ പാർട്ടികളിൽപ്പെട്ട വരാണെങ്കിലും നമ്മെളെല്ലാം ഒരു ക്ലാസ്സിൽ ഒരു ബഞ്ചിലിരിക്കുന്ന കുട്ടികളെപ്പോലെയാണ്

LIBRARY ARCHIVES Kerala Legislative Assembly

തമ്മിൽ പെരുമാറുക.—അതുപോലെതന്നെ നമുക്കെല്ലാം വ്യത്യസ്തങ്ങളായ രാഷ്ട്രീയാഭിപ്രായങ്ങൾ ഉണ്ടായിരുന്നാലും ശരി, ഓരോ മെമ്പറൻമാരെപ്പററിയും എന്തെങ്കിലും അഭിപ്രായം പുറത്തു വന്നാൽ വ്യക്തിപരമായ നിലയിൽ അല്ലെങ്കിൽ നിയമസഭാസാമാജികൻ എന്ന നിലയിൽ തീർച്ചയായും ഓരോ ആളും അതിനെ ഡിഫൻറ് ചെയ്തു സംസാരിക്കുമെന്നാണ് എൻെറ വിശ്വാസം. ഈ നിയമസഭയിലെ നാലു എം. എൽ. എ. മാരായ ശ്രീ. പി. സി. രാഘവൻ നായരും, ശ്രീ. വി. വി. ദക്ഷിണാ മൂർത്തിയും, ശ്രീ. ഇ. വി. കുമാരനും, ഞാനും ഡിസംബർ ഒന്നാം തീയതിയിലെ പ്രതിഷേധ പ്രകടനത്തിൽ പങ്കെടുത്തു. ഞങ്ങൾ നാലുപേരും ഡിസംബർ ഒന്നാം തീയതി മുൻകൂട്ടിയുള്ള മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടിയുടെ ആഹ്വാനമനുസരിച്ച് സത്യഗ്രഹത്തിനു കോഴിക്കോട് കളക്ട്രേററിൽ പോയപ്പോൾ ദക്ഷിണാമൂർത്തിയും ഇ. വി. കുമാരനും ഞാനും കോഴിക്കോട് ഇതുവരെ കണ്ടിട്ടില്ലാത്ത രീതിയിലുള്ള പോലീസ് മർദ്ദനത്തിന് ഇടയായി. എഴുത്തറിയാൻ പാടില്ലാത്ത ആളുകൾ റേഡിയോ പ്രസ്താവന വഴിയും, എഴുത്തറിയാവുന്ന ആളുകൾ പത്രങ്ങളിൽ വായിച്ചും ഈ ഭീകര മർദ്ദനത്തിൻെറ വിവരം അപ്പോൾത്തന്നെ അറിഞ്ഞു. ഇത്ര ഭയങ്കരമായ പോലീസ് മർദ്ദനം കേരളത്തിൻെറ ചരിത്രത്തിൽ ഇതേവരെ ഉണ്ടായിട്ടില്ല. രണ്ടായിരത്തിലധികം പേർക്ക് പരിക്കേററു. മുന്നൂറോളം പേരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ആശുപത്രിയിൽവന്ന ഒരു കൊച്ചു കുട്ടിയുടെ സഹോദരിക്കു ശമ്പളം കിട്ടുമ്പോൾ വല്ല കാശും വാങ്ങണമെന്ന് വിചാരിച്ചു മതിലിൽ കാത്തിരിക്കുമ്പോൾ ആ കൊച്ചു കുട്ടിയെ പോലും നിർദ്ദയമായി വെടിവച്ച സംഭവമാണ് അവിടെ ഉണ്ടായത്. മൂന്ന് എം.എൽ.എ. മാർക്ക് ഇത്രയധികം മർദ്ദനം ഏററവിവരം റേഡിയോവിലും പത്രങ്ങളിലും വന്നിട്ടും ഈ രാജ്യത്തിലെ ആഭ്യന്തരമന്ത്രിക്ക്—രാഷ്ട്രീയം മാററി വയ്ക്കുക—സ്വന്തം കോഴിക്കോട്ട് പ്രദേശത്ത് നടന്ന സംഭവത്തെ സംബന്ധിച്ച് നിയമസഭാസാമാജികൻമാരിൽ ആർക്കൊക്കെ പരിക്കു പററി എന്നുള്ളതു മനസ്സിലാക്കാൻ സാധിച്ചിട്ടില്ലെന്നുള്ള ദു:ഖകരമായ വർത്തമാനം ഇന്നെങ്കിലും തുറന്ന് പറയാൻ അദ്ദേഹത്തിനു സാധിച്ചതിൽ എനിക്കു സന്തോഷമുണ്ട്. മർദ്ദനത്തെ സംബന്ധിച്ചു പറയുകയാണെങ്കിൽ അന്നു ഞങ്ങൾ പോലീസ് ഉദ്യോഗസ്ഥൻമാരുമായി സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. മുൻപിൽ ഇരിക്കുന്ന വാളൻറിയറൻമാർ യാതൊരുതരത്തിലും എഴുന്നേൽക്കാൻ പാടില്ലെന്നും എന്തുതരത്തിലുള്ള പ്രകോപനം ഉണ്ടായാലും ആരും അവിടെ നിന്നും അനങ്ങരുതെന്നും ഉള്ള നിർദ്ദേശം കൊടുത്തിട്ടു സംസാരിച്ചുകൊണ്ടു നിൽക്കുമ്പോഴാണ് ഇരിക്കുന്നവരെ വളഞ്ഞു പോലീസ് അടി തുടങ്ങിയത്. കിടന്നിട്ടു പോലുമടിച്ചു. രണ്ടു മൂവായിരം രൂപയുടെ സാധനങ്ങൾ, വാച്ച്, പെൻ, കുട, മണിപേഴ്സ് മുതലായ സാധനങ്ങൾ പോലീസുകാർ പെറുക്കിക്കൊണ്ടുപോയി. തറയിൽ കിടന്നവർക്കും അടികൊണ്ടു. മാഡേൺ ഹോട്ടലിൽ ചായ കുടിക്കാൻ വന്ന ആളുകൾക്കും, അവിടെ താമസിക്കുന്ന ആളുകൾക്കും അടികൊണ്ടു. പച്ചക്കറി മാർക്കററ്വരെ പോലീസ് ഓടിച്ചിട്ടു തല്ലി. പള്ളിയിൽ കയറിപ്പോലും അടിച്ചു. പിന്നീട് അതിനെ തിരുത്തുകൊടുത്തു, മുഹമ്മദ് കോയയുടെ പോലീസ് പള്ളിയിൽ കയറി അടിച്ചില്ല എന്ന്. അതിൻെറ വ്യാഖ്യാനം. ഇന്ദിരാ ഗാന്ധിയുടെ സി. ആർ. പി. യാണ് കയറിയതെന്ന്. അങ്ങനെ പോലീസ് ഇപ്പോൾ കേമമായിട്ടാണ് ഭരണം നടത്തുന്നത്. അസംബ്ലി നടക്കുമ്പോൾ ഇവിടെ കണ്ടത് എന്താണ്? മയിൽ, കുതിര, ഒട്ടകം തുടങ്ങി എല്ലാ പോലീസ് സന്നാഹങ്ങളേയും ഒരുക്കി നിറുത്തിയിരിക്കുകയാണ്. സർക്കസ് കളിപോലെ രണ്ടാൾ പുറത്തു നിന്നാൽ പോലീസ് ഉടനെ മാറും. പോലീസുകാരെ നിയമം പാലിക്കാൻ വേണ്ടിയാണു വച്ചിട്ടുള്ളത്. പക്ഷെ തോക്ക് കയ്യിൽ കിട്ടിയാൽ ആരുടേയെങ്കിലും മേലേ പ്രയോഗിക്കണ്ടേ? വടക്കാഞ്ചേരിയിൽ ഒരു പോലീസുകാരൻ മററൊരു പോലീസുകാരനെ തോക്കിൻെറ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ബയണററ് ഉപയോഗിച്ച് കുത്തിയത് നാം പത്രത്തിൽ വായിച്ചതാണ്. കോഴിക്കോട് യാതൊരു പ്രകോപനവും ഉണ്ടായിട്ടല്ല പോലീസ്മർദ്ദനം തുടങ്ങിയത്. ഡി. എസ്. പി. യോടും. ഡി. വൈ. എസ്. പി.യോടും സ്പെഷ്യൽ ബ്രാഞ്ച് ഉദ്ദ്യോഗസ്ഥൻമാരുമായി സംസാരിച്ചുകൊണ്ടിരുന്ന അവസരത്തിലാണ് അടി തുടങ്ങിയത്. യാതൊരു പ്രകോപനവും ഉണ്ടായില്ല എന്ന് കോഴിക്കോട്ടുകാർ മാത്രമല്ല ഉയർന്ന ഉദ്യോഗസ്ഥൻമാർ പോലും അതു പറയും. പക്ഷേ നേരിട്ടു ചോദിച്ചാൽ പറയുമെന്നു തോന്നിന്നില്ല. അനേകം കോൺഗ്രസസ് കാരും ലീഗുകാരും മററ് പാർട്ടിയിൽ പെട്ടവരും ഞങ്ങളെ കാണുന്നതിനു വേണ്ടിആശുപത്രിയിൽ വന്നപ്പോൾ അവർ ഈ കാര്യം പറഞ്ഞതാണ്. മൂർത്തിക്ക് എട്ടുപത്ത് അടി കിട്ടി. ഇ. വി. കുമാരൻെറ തല കീറി പോയിട്ടുണ്ട്. പല്ലുപോയിട്ടുണ്ട്. കണ്ണുപോയിട്ടുണ്ട്. ഇത്തരത്തിലുള്ള ഒരു മർദ്ദനം കേരളത്തിൻെറ ചരിത്രത്തിൽ ഉണ്ടായിട്ടില്ല. ഇന്നേവരെ ഉണ്ടായിട്ടുണ്ടോ എന്നു സംശയമാണ്. ഞാൻ നേരിട്ട് അനുഭവിച്ചതുകൊണ്ട് പറയുകയാണ്.

1948–ൽ പലതും നടന്നിട്ടുണ്ട്. എല്ലാ മർദ്ദനങ്ങളും ഞാൻ പറഞ്ഞില്ല എന്നേയുള്ളു. 1930–ൽ ഉണ്ടായിട്ടുണ്ട്. 1931–ൽ ഉണ്ടായിട്ടുണ്ട്. 1932–ൽ ഉണ്ടായിട്ടുണ്ട്. 1939–ൽ ഉണ്ടായിട്ടുണ്ട്. 1942–ലെ ചോമ്പാലിലെ ആക്രമണം ഏററവും വലിയതായിരുന്നു. ജയിലിനു പുറത്തു മാത്രമല്ല ജയിലിനകത്തും ഉണ്ടായിരുന്നു. എന്നിട്ടുപോലും യാതൊരു മുന്നറിയിപ്പും ഇല്ലാതെ ഇത്ര നീചമായ മർദ്ദനം ഉണ്ടായിട്ടില്ല. ഇത്രയും ദയനീയമായ സംഭവങ്ങൾ ഉണ്ടായിയിട്ടും നമ്മുടെ മുഖ്യമന്ത്രിക്ക് യാതൊരു വികാരവും ഉണ്ടായിട്ടില്ല. എനിക്ക് സങ്കടം തോന്നുകയാണ്. നമ്മളെ ഒരുമിച്ച് കോഴിക്കോട് ടൗൺഹാളിൽ നടന്ന യോഗത്തിൽവച്ച് പുറം തള്ളിയതാണ്, നമ്മൾ കമ്മ്യൂണിസ്ററ് ആണെന്ന് പറഞ്ഞ് കമ്മ്യൂണിസ്ററ് പോകട്ടെ അതിലുള്ള അഭിപ്രായ വ്യത്യാസം 1962 മുതൽക്കു വന്നതു ഞാൻ കണക്കിലെടുക്കുന്നില്ല. ദേശീയ പ്രസ്ഥാനത്തിലുള്ള ആളുകളായിരുന്നു. അങ്ങനെയുള്ള ഒരു സുഹൃത്തിനേയും മററ് മൂന്നു എം. എൽ. എ. മാരേയും അതി നീചമായി പോലീസ് മർദ്ദിച്ചിട്ട്....... അതേപ്പററി ഒരു പ്രസ്താവനപോലും ഇറക്കാൻ സാധിക്കാത്ത ശ്രീ. അച്ചുതമേനോൻ! എനിക്ക് അതിൽ വളരെയധികം വേദനയുണ്ട്. ശ്രീ. സി. എച്ച്. മുഹമ്മദ്കോയ അതിനെക്കുറിച്ച് ഒന്നും പറയാത്തതിൽ എനിക്കു വേദന തോന്നുന്നില്ല. കാരണം അദ്ദേഹത്തിൻെറ കയ്യിൽ കിട്ടിയത് രണ്ടു തല മൂർച്ചയുള്ള ഒരു സാധനമാണ്. അതു വേണ്ടപോലെ പിടിക്കാൻ അറിയുകയില്ലെങ്കിൽ പിടിച്ച ആളിനു മുറിവ് പററും. അദ്ദേഹവും ഞാനുമായി അത്ര പരിചയമില്ല. അടുത്ത കാലത്തുള്ള പരിചയമാണ്. അതുകൊണ്ട് ഞാൻ അദ്ദേഹത്തെപ്പററി ഒന്നും പറയുന്നില്ല. പക്ഷേ നമ്മുടെ മുഖ്യമന്ത്രിക്ക് അതായിരുന്നില്ല. ഈ നിയമസഭയിലുള്ള സ്നേഹിതൻമാർ മർദ്ദനമേററ് ആശുപത്രിയിൽ കിടക്കുമ്പോൾ അതേപ്പററി യഥാസമയം ഒന്ന് അന്വേഷിക്കാൻ ഒരു വാർത്ത പത്രത്തിൽ കൊടുക്കാൻ നിങ്ങളുടെ ഇഷ്ടത്തോടുകൂടിയായിരിക്കുകയില്ല നിയമലംഘനത്തിനു പോയിട്ടുള്ളത , അല്ലെങ്കിൽ സത്യഗ്രഹത്തിനു പോയിട്ടുള്ളത്. സത്യഗ്രഹത്തിനു പോയതുകൊണ്ടായിരിക്കാം ഇങ്ങനെ സംഭവിച്ചത്. എന്നിരുന്നാൽപോലും അതേക്കുറിച്ച് ഒരു പ്രസ്താവനയിറക്കാൻ കഴിഞ്ഞില്ലെന്നുള്ളതു ശരിയായോ എന്നുള്ള കാര്യം ഉറങ്ങാൻ കിടക്കുമ്പോഴെങ്കിലും ഒന്നു ആലോചിക്കണം. ഒരു മനുഷ്യൻ എന്നുള്ള നിലയ്ക്കെങ്കിലും അതിനെപ്പററി ഒന്നു സൂചിപ്പിക്കേണ്ടതായിരുന്നു. ആ കാര്യത്തെക്കുറിച്ച് എനിക്ക് അത്ര മാത്രമാണു പറയാനുള്ളത്.

കുററിയാടി സംഭവത്തെക്കുറിച്ച് എനിക്ക് ഒരു വാക്ക് പറയാനുണ്ട്. കുററിയാടി സംഭവത്തെ സംബന്ധിച്ച് ഏററവും ദയനീയമായ ആ കാര്യത്തെപ്പററി മുൻകൂട്ടി വിവരം കിട്ടിയിട്ടും എന്തുകൊണ്ടാണ് വേണ്ട നടപടി സ്വീകരി

എന്നു സംശയിക്കേണ്ടിയിരിക്കുന്നു. അദ്ദേഹം ഹരിപ്പാട്ട് വച്ചു ചെയ്ത പ്രസംഗത്തിൽ പറയുകയുണ്ടായി, സി. എച്ച്. മുഹമ്മദ്കോയ ഇനി തിരുവനന്തപുരത്തു നിന്നു മലപ്പുറത്തേക്ക്, വിമാനത്തിലോ, ഹെലികോപ്റ്ററിലോ പോകേണ്ടി വരുമെന്ന്. ഈ നിയമസഭയിലെ ഉത്തരവാദപ്പെട്ട ഒരു മെമ്പറാണ് അങ്ങനെ പറഞ്ഞത്. അതുപോലെതന്നെ ഞങ്ങളുടെ ഗവൺമെന്റിന്റെ ഭരണം വന്നതിനു ശേഷം ഞങ്ങളുടെ നാട്ടിൽവച്ച് നടത്തപ്പെട്ട എല്ലാ പ്രകടനങ്ങളിലും സി. എച്ചിന്റെ മയ്യത്ത്, ചേലാട്ട് അച്ചുതമേനോന്റെ നെഞ്ചത്ത് എന്നു പറയുന്ന മുദ്രാവാക്യം മുഴക്കിയതാണ് ഞങ്ങൾക്കു കേൾക്കാൻ സാധിച്ചിട്ടുള്ളത്. ഇങ്ങനെയുള്ള സംഭവങ്ങൾ ഉണ്ടായതിനു ശേഷമാണ് വധോദ്യമം ഉണ്ടായതെന്ന് ആലോചിക്കുമ്പോൾ ഇവിടുത്തെ ഒരു രാഷ്ട്രീയകക്ഷി ഏർപ്പെടുന്ന വൃത്തികെട്ട സമ്പ്രദായത്തെ സംബന്ധിച്ചിടത്തോളം കേരളത്തിലെ ജനങ്ങൾ ലജ്ജിച്ചു പോകും. ബാഫക്കിത്തങ്ങളെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന്റെ നേർക്ക് ഇപ്പോഴുണ്ടായിട്ടുള്ള വ്യക്തിപരമായ വൈരത്തിന്റെ പേരിൽ വളരെയധികം കെട്ടുകഥകൾ ഉണ്ടാക്കിയിട്ടുണ്ട്. ശ്രീമാൻ കുഞ്ഞമ്പുവളരെ മാന്യനായ ഒരു വ്യക്തിയാണെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. അദ്ദേഹത്തിനു പാകതയുണ്ട്, വളരെക്കാലത്തെ രാഷ്ട്രീയ പാരമ്പര്യമുണ്ട്, പ്രായക്കൂടുതലുണ്ട്. അദ്ദേഹം ഇന്നലെ ചെയ്ത പ്രസംഗത്തിൽ പറയുകയുണ്ടായി ബാഫക്കിത്തങ്ങൾ ഈ നാട്ടിലുള്ള പോലീസുക്കാർക്ക് കൂട്ടുനിന്നുകൊണ്ട് മററുള്ളവരെ ഒതുക്കുന്ന കാര്യത്തിൽ പങ്കെടുക്കുന്നു എന്ന്. അദ്ദേഹം ഒരു പൊതുയോഗത്തിൽ ചെയ്ത പ്രസംഗത്തിന്റെ ചില ഭാഗം തന്റെ സൗകര്യത്തിനുവേണ്ടി അടർത്തിയെടുത്തുകൊണ്ട് സഭയെ തെററിദ്ധരിപ്പിക്കാൻ ശ്രമിക്കുകയാണ്. ആയോഗത്തിൽ സംബന്ധിച്ചിട്ടുള്ള ആയിരക്കണക്കായ ആളുകൾ ബാഫക്കിതങ്ങളുടെ പ്രസംഗം കേട്ടിട്ടുണ്ട്. ആ പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞത് എന്താണ്? സി. എച്ച്. മുഹമ്മദുകോയ സാഹിബിന്റെമേൽ നടത്തപ്പെട്ട ആക്രമണവേളയിൽ അദ്ദേഹത്തിന്റെസ്വന്തം അനുയായികളും ഈ നാട്ടിലെ ജനാധിപത്യ കക്ഷികളുമെല്ലാംതന്നെ ക്ഷോഭിച്ചുകൊണ്ടിരുന്ന സന്ദർഭത്തിൽ ശ്രീ. ബാഫക്കിത്തങ്ങൾ ആഹ്വാനം ചെയ്തത് എല്ലാവരും സമാധാനം പാലിക്കണമെന്നാണ്. അതേ സന്ദർഭത്തിൽത്തന്നെ അദ്ദേഹം പറയുകയുണ്ടായി നിയമസമാധാനം നടപ്പിലാക്കുന്ന കാര്യത്തിൽ ഇവിടെയുള്ള എല്ലാവരും പ്രത്യേകിച്ചും മുസ്ലീം ലീഗുകാർ പോലീസിനെ സഹായിക്കണമെന്ന്. അത് ഈ നാട്ടിലെ എല്ലാ ഉത്തരവാദപ്പെട്ട പൗരൻമാരുടേയും കടമയാണ്. ഇക്കാര്യത്തിൽ പോലീസിനെയല്ല ഗവൺമെന്റിനേയും വേണമെങ്കിൽ സഹായിക്കേണ്ടതാണ്. ഇങ്ങനെയുള്ള നിർദോഷമായ പ്രസ്താവന ബാഫക്കിത്തങ്ങൾ ചെയ്തതിന്റെ പേരിൽ ശ്രീ. തങ്ങളെ കരിതേച്ചു കാണിക്കാൻ ഉത്തരവാദപ്പെട്ട മെമ്പറൻമാർ ശ്രീ. കുഞ്ഞമ്പുവിനെപ്പൊലുള്ള മെമ്പറൻമാർ തുനിയുന്നതു വളരെ ഖേദകരമായിപ്പോയി എന്നാണ് എനിക്ക് പറയുവാനുള്ളത്. ശ്രീ. ബഫക്കിത്തങ്ങളെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന്റെ പാരമ്പര്യത്തെ സംബന്ധിച്ചിടത്തോളം ആളുകൾക്കു നല്ലതുപോലെ അറിയാം. വിശേഷിച്ചും മലബാർ ഏരിയായിൽ വളരെയധികം ആളുകൾക്ക് അറിയാം. മുമ്പ് വലിയ കുഴപ്പങ്ങളുണ്ടായ സന്ദർഭങ്ങളിലെല്ലാംതന്നെ ഹിന്ദുക്കളും മുസ്ലീംങ്ങളുമായി കുഴപ്പങ്ങളുണ്ടായ സന്ദർഭങ്ങളിലെല്ലാംതന്നെ അദ്ദേഹം അവിടെ ഓടി പോയിട്ടുണ്ട്. പയ്യോളിയിലെ കാര്യം എല്ലാപേർക്കും ഓർമ്മയുണ്ട്, പ്രത്യേകിച്ചും മലബാറിലുള്ള ആളുകൾക്ക്. പയ്യോളിയിൽ രണ്ടു വ്യക്തികൾതമ്മിൽ ഉണ്ടായ ബഹളം കുറെ ആളുകളുടെ മരണത്തിന് കാരണമായി. നിർഭാഗ്യവശാൽ ഒരു ഹിന്ദുവായിരുന്നു കൊല്ലപ്പെട്ടത്. മുസ്ലീം ആയിരുന്നു കൊല ചെയ്ത ആൾ. ഇവർ രണ്ടുപേരുടേയും ചരിത്രം അറിയാവുന്ന ആളുകൾക്ക് അതിൽ യാതൊരു വിധത്തിലുള്ള സാമുദായിക വൈരവും ഇല്ലായിരുന്നു എന്ന് അറിയാമായിരുന്നു. സാമൂഹ്യദ്രോഹികൾ ഹിന്ദു—മുസ്ലീം വഴക്കാക്കാൻ ശ്രമിച്ച അവസരത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

അന്യോന്യം ക്ഷുഭിതരായപ്പോൾ ശ്രീ. ബാഫക്കി തങ്ങൾ സമാധാനമുണ്ടാക്കുകയും സമാധാനത്തിന്റെ ദൂതനായി തീരുകയും ചെയ്ത കഥ എല്ലാപേർക്കുമറിയാം. അതുപോലെതന്നെ നടുവട്ടത്തുണ്ടായ വെടിവയ്പ്പു സമയത്ത് ക്ഷുഭിതരായ ജനക്കൂട്ടത്തിന്റെ അടുത്ത് ശ്രീ. ബാഫക്കിത്തങ്ങൾ ഓടിച്ചെന്ന് മുസ്ലീങ്ങൾ അതിൽനിന്നും പിൻമാറണമെന്നു പറയുകയുണ്ടായി. ഒരു പള്ളിയുടെ ആരാധനാസ്ഥലത്തിനു മുമ്പിൽചെന്ന് വാദ്യഘോഷം മുഴക്കിയപ്പോൾ അതിനെതിരായി വഴക്കുണ്ടാക്കിയപ്പോൾ ബാഫക്കി തങ്ങളാണ് സമാധാനമുണ്ടാക്കിയത്. അങ്ങനെ സമാധാനത്തിനുവേണ്ടി വാദിക്കുന്ന ബാഫക്കി തങ്ങൾ ഇത്തരത്തിലൊരു പ്രസ്താവനയുമായി വരുമെന്ന് വിശ്വസിക്കാൻ നിവൃത്തിയില്ല. വാസ്തവത്തിൽ ഇവിടെയുള്ള അപ്പുറത്തിരിക്കുന്ന സുഹൃത്തുക്കൾക്ക് ബാഫക്കിതങ്ങളോട് വ്യക്തിപരമായ വൈരാഗ്യമുണ്ട്. അദ്ദേഹമാണ് ശ്രീ. നമ്പൂതിരിപ്പാടിനെ അപ്പുറത്തിരുത്താൻ ഉത്തരവാദിയെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ട് ബാഫക്കി തങ്ങളോട് വ്യക്തിപരമായ വൈരാഗ്യമുണ്ട്. അതുകൊണ്ടാണ് അദ്ദേഹത്തിന്റെമേൽ കരിവാരിത്തേയ്ക്കാൻ ശ്രമിക്കുന്നത്.

വേറൊരു കാര്യം പറയാനുള്ളത് ശ്രീ. കുഞ്ഞമ്പുവരെ ഇവിടെ പറഞ്ഞു ഞങ്ങളാണ് ഇവിടെ പോലീസിനെക്കൊണ്ട് എല്ലാ കാര്യങ്ങളും ചെയ്യിക്കുന്നതെന്ന്. മുസ്ലീം ലീഗുകാരനായ ഒരാൾ ആഭ്യന്തരകാര്യമന്ത്രിയായതിനുശേഷമുണ്ടായ സംഭവത്തെക്കുറിച്ച് ആ ഭാഗത്തുള്ളവർ എന്തെങ്കിലും മനസ്സിലാക്കിയിട്ടുണ്ടെങ്കിൽ ഇങ്ങനെയുള്ള ഒരു പ്രസ്താവന ചെയ്യുകയില്ലായിരുന്നു. മാട്ടൂരിൽ ആരാണ് തല്ലു കൊണ്ടത്. ആഭ്യന്തരകാര്യമന്ത്രിയുടെ പോലീസ് ഉണ്ടായിട്ട് സി. ആർ. പി. യെ വിളിച്ചു വരുത്തിയിട്ടുപോലും ഇവിടത്തെ മുസ്ലീം ലീഗ്കാർക്കാണ് തല്ലു കൊണ്ടത്. എത്രയധികം മുസ്ലീം ലീഗുകാർ മർദ്ദനത്തിനു വിധേയരായി. തല്ല് ഞങ്ങളെല്ലാവരും കൊള്ളും. ശ്രീ. കുഞ്ഞമ്പു ഇവിടെ ചോര, ചോര എന്നു പറയുന്നതുകേട്ടു. 1957-ലും 1967-ലും മററും ഇവിടെ ചോരകളും ഉണ്ടായിട്ടുണ്ട്. ചോരകുടിച്ചവർക്ക് അന്നു തേനായിട്ട് ബോധ്യപ്പെട്ടിട്ടുണ്ടായിരിക്കും. പോലീസ് തല്ലിയിട്ടുണ്ട്, വെടിവച്ചിട്ടുണ്ട്. അന്നെല്ലാം ചോരയും ഉണ്ടായിട്ടുണ്ട്. ചോരയ്ക്ക് അന്നൊന്നും ഈ നിറം ഉണ്ടായിരുന്നില്ലേ? നിയമസമാധാനം പാലിക്കുന്ന കാര്യത്തിൽ ഈ ഗവൺമെൻറ് പ്രത്യേകമായി ശ്രദ്ധിക്കുമെന്നു പലപ്പോഴും ആവർത്തിച്ചു പറഞ്ഞിട്ടുണ്ട്. ഇവിടെ റൗഡിസവും തെമ്മാടിത്തരവും ഒരിക്കലും അനുവദിക്കാൻ പോകുന്നില്ല. അതിലും നല്ലത് അധികാരത്തിൽനിന്നും ഇറങ്ങിപ്പോകുകയാണ്. ഇതിന് മുമ്പും ഇവിടെ പോലീസുകാർ എന്ന വിഭാഗം ഉണ്ടായിരുന്നു. പോലീസിനുള്ള ഡിമാൻറുകൾ കൈപൊക്കി പാസാക്കി, പോലീസിനെ മുൻ മന്ത്രിസഭ നിർവീർയ്യമാക്കി. പോലീസിനു യാതൊരധികാരവുമില്ല. ഒന്നിലും പങ്കെടുത്തുകൂടാ. പിന്നെ എന്തിനാണ് ആലങ്കാരികമായി നിലനിറുത്തുന്നത്. നിയമസമാധാനത്തിന്റെ കാര്യത്തെ സംബന്ധിച്ചിടത്തോളം യാതൊരു വിധത്തിലുള്ള വിട്ടുവീഴ്ചയും ഈ ഗവൺമെൻറ് കാണിക്കുകയില്ല. എന്റെ സ്നേഹിതൻ കേളു അദ്ദേഹത്തിന്റെ പ്രസംഗത്തിൽ കോഴിക്കോട്ടുവച്ച് നടന്ന മർദ്ദനത്തെപ്പററി പറഞ്ഞു. കോഴിക്കോട്ടുവച്ച് മർദ്ദനമേററതിൽ എനിക്ക് അദ്ദേഹത്തോടു സഹതാപമുണ്ട്. ഈ നിയമസഭയിലെ സഹപ്രവർത്തകരായ മൂന്ന് എം. എൽ. എ. മാർക്ക് മർദ്ദനമേററതിൽ എനിക്ക് സഹതാപമുണ്ട്. ഇതെങ്ങനെ ഉണ്ടായി? ഇങ്ങനെയുള്ള സാഹചര്യം ഉണ്ടാകാൻ ആരാണുത്തരവാദി എന്നുള്ളതിനെ സംബന്ധിച്ച് ഞാനിപ്പോൾ പറയുന്നില്ല. നിർഭാഗ്യകരമായ ആ സംഭവം ഉണ്ടായപ്പോൾ ഉടൻതന്നെ ജുഡീഷ്യൽ എൻക്വയറിക്ക് ഏർപ്പാടു ചെയ്യുകയുണ്ടായി? ആ എൻക്വയറിക്ക് ചുമതലപ്പെട്ട ജഡ്ജി അവിടെ ചെന്നപ്പോൾ ഈ പറഞ്ഞ എം. എൽ. ഏ. മാരോ മർദ്ദനം ഏററവരോ ഒന്നും തെളിവുകൊടുക്കാൻ പോയില്ല എന്നതു വാസ്തവത്തിൽ ഖേദകരമാണ്. ശ്രീമാൻ കേളു

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ വളരെയധികം കാര്യങ്ങൾ പറയുകയുണ്ടായി. അദ്ദേഹത്തിനു രാഷ്ട്രീയ പാരമ്പര്യമുണ്ട്. വളരെയധികം മർദ്ദനം മുമ്പ് ഏററിട്ടുണ്ട്. പക്ഷേ ഈ സന്ദർഭത്തിൽ അദ്ദേഹത്തിനു മർദ്ദനത്തിനു വിധേയനായ ആളെന്ന നിലയ്ക്ക് ഇക്കാര്യത്തിൽ തെളിവു കൊടുക്കമായിരുന്നു. എന്തുകൊണ്ട് അദ്ദേഹം തെളിവുകൊടുത്തില്ല.

മി. സ്പീക്കർ: നാളെ തുടരാം. സഭ ഇപ്പോൾ പിരിയുന്നതും മററന്നാൾ രാവിലെ 8 മണിക്ക് വീണ്ടും കൂടുന്നതുമാണ്.

The Assembly adjourned at 1 p. m. to meet again at 8 a. m. on Wednesday, the 14th January, 1970.

LIBRARY ARCHIVES Kerala Legislative Assembly